**ചർച്ച**

മി. സ്പീക്കർ : ചർച്ച ആരംഭിക്കുന്നു. സമയം 11.45 ആയി. പ്രത്യേകം ഓർമ്മിപ്പിക്കേണ്ട കാര്യമില്ല. സ്വയം നിയന്ത്രണം എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ആദ്യമായി ശ്രീമതി പി. അയിഷാ പോറ്റി, 11 മിനിട്ട്.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും എതിർക്കുകയാണ്. അതിനുള്ള പ്രധാന കാരണം, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്റെ നിയോജകമണ്ഡലമടക്കമുള്ള മണ്ഡലത്തോടുള്ള അവഗണനയും പൊതുസമൂഹത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ നിന്നെല്ലാം ഒളിച്ചോടിക്കൊണ്ട് മറ്റു ചില രാഷ്ട്രീയ ലക്ഷ്യത്തിലേയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിലും പ്രതിഷേധിച്ചു തന്നെയാണ് അങ്ങനെ സംസാരിച്ചത്. ഭക്ഷ്യം, ക്ഷീരവികസനം, സാമൂഹ്യ വികസനം അടക്കമുള്ള മേഖലകളിലേയ്ക്കാണ് ധനാഭ്യർത്ഥന നടത്തിയിട്ടുള്ളത്. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഈ സംസാരിക്കുന്ന സമയം വരെ. ഒരു നിത്യോപയോഗ സാധനങ്ങളും വാങ്ങിക്കാൻ കഴിയാത്ത രീതിയിൽ വാണം പോലെ വില കയറിക്കൊണ്ടിരിക്കുകയും പച്ചക്കറിയടക്കം നിത്യോപയോഗ സാധനങ്ങളടക്കം വില നിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്ന അവസ്ഥയിൽ, സത്യം പറഞ്ഞാൽ താഴെത്തട്ടിലുള്ളവരും നിത്യവരുമാനക്കാരായിട്ടുള്ളവരും ചെറിയ വരുമാനക്കാരായിട്ടുള്ള ലക്ഷോപലക്ഷം ജനങ്ങൾ വളരെയേറെ കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. സത്യസന്ധമായി പറഞ്ഞാൽ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയാൻ സർക്കാരിനു

കഴിയില്ല എന്ന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി കെ.വി. തോമസ് പറഞ്ഞിരിക്കുന്നതായി ഇന്നത്തെ പത്രത്തിൽ ഒരു ഹെഡ്ഡിംഗായി വന്നിട്ടുണ്ട്. അതിന്റെ കാരണം ബാഹ്യഘടകങ്ങളെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. രൂപയുടെ വിലയിടിവ്, ഇന്ധനവിലയിലുണ്ടായ വർദ്ധനവ്, കൃഷിച്ചെലവിൽ വന്ന ഭാരിച്ച മാറ്റം ഇതൊക്കെയാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും ഭക്ഷ്യ വകുപ്പു മന്ത്രിയും പ്രധാനമായും പറഞ്ഞിരിക്കുന്നത്. ഇതിന്റെ കാരണക്കാർ ആരാണ്? ഇങ്ങനെ പറഞ്ഞ് ഒഴിയാൻ കഴിയുമോ? വില നിയന്ത്രണം ഏർപ്പെടുത്തേണ്ടതാരാണ്? സർക്കാരല്ലേ? ഭക്ഷ്യ സബ്സിഡി കൊടുക്കേണ്ടത് കേന്ദ്ര സർക്കാരല്ലേ? അത് എടുത്തുകളഞ്ഞത് കേന്ദ്ര സർക്കാരല്ലേ? അപ്പോൾ അവർ തന്നെയല്ലേ ഇതിന് ഉത്തരവാദി? പെട്രോൾ-ഡീസൽ വില നിയന്ത്രണം എടുത്തുകളഞ്ഞത് കേന്ദ്ര സർക്കാരല്ലേ? കഴിഞ്ഞ 2 വർഷം കൊണ്ട് 19 തവണയാണ് വർദ്ധനവ് വന്നിട്ടുള്ളത്. വാണം വിട്ടപോലെ എല്ലാ സാധനങ്ങളുടെയും വില കൂടുകയാണ്. ചരക്കുകൂലിയും ഓട്ടോ-ടാക്സി കൂലിയും വർദ്ധിക്കും. ഇങ്ങനെ താങ്ങാൻ കഴിയാത്ത വിധത്തിൽ ജീവിതം ദുഃസ്സഹമാക്കുന്ന അവസ്ഥയിലേയ്ക്ക് കൊണ്ടെത്തിക്കുന്നത് ഗവൺമെന്റിന്റെ തെറ്റായ നയങ്ങളാണ്. ഇത് തിരുത്തി എഴുതണം. അല്ലാതെ വെറുതെ വർത്തമാനം പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. വളത്തിന്റെ വില വൻതോതിൽ വർദ്ധിച്ചു. ഞങ്ങൾക്ക് വില വർദ്ധനവ് തടയാൻ കഴിയുന്നില്ല എന്നാണ് അതിന് പറഞ്ഞിരിക്കുന്നത്. എന്തുകൊണ്ടാണ് അങ്ങനെ വന്നത്? വില നിർണ്ണയാവകാശം കേന്ദ്ര സർക്കാർ വളനിർമ്മാണ കമ്പനികൾക്ക് വിട്ടുകൊടുത്തു. ചുരുക്കിപ്പറഞ്ഞാൽ ഞാനും എതിർഭാഗത്തുള്ള എല്ലാ രാഷ്ട്രീയ കക്ഷികളായിട്ടുള്ളവരും കാണുന്ന ഒരു കാര്യം ഈ നയങ്ങൾ

തിരുത്തപ്പെടമെന്നുള്ളതാണ്. ഈ നയങ്ങൾ തിരുത്തപ്പെടാതെ ജീവിച്ചു പോകാൻ കഴിയാത്ത അവസ്ഥ നമ്മൾ തന്നെ സൃഷ്ടിച്ചെടുത്തിരിക്കുകയാണ്. ജനങ്ങളുടെ വോട്ട് ചോദിച്ച് ജയിച്ച് വന്നാൽ നിശ്ചയമായും അവർക്ക് വേണ്ടി ഭരണം നടത്തണം അത് മറന്ന് പോയാൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമെന്നുള്ളതാണ് കാണാൻ കഴിയുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലയുടെ ചാർട്ടൊക്കെ ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. ഒന്നുരണ്ടു കാര്യങ്ങൾ മാത്രം ഞാൻ പറയാം. പച്ചക്കായയ്ക്ക് 15 രൂപയായിരുന്നത് 30 രൂപയായി, കഴിഞ്ഞ ഏപ്രിൽ മാസം മുതൽ ഈ ജൂൺ മാസം വരെ പച്ചക്കറിയിൽ മാത്രമല്ല ഓരോ ഐറ്റത്തിനും ഒരു വർഷക്കാലത്തിൽ വന്ന വ്യത്യാസം– ഉള്ളിയ്ക്ക് 18 രൂപയായിരുന്നത് 25 മുതൽ 40 രൂപവരെയായി. ഉരുളക്കിഴങ്ങിന് 16 രൂപയായിരുന്നത് 24 രൂപയായി. കൃഷി പ്രോത്സാഹിപ്പിച്ചാൽ, ഗവൺമെന്റ് സബ്സിഡി കൊടുത്താൽ, ജനങ്ങളെ പ്രോത്സാഹിപ്പിച്ചു വിട്ടാൽ ചെയ്തെടുക്കാൻ കഴിയുന്ന കൃഷികളുണ്ട്. ചെറിയ കൃഷികളായ മത്തന് പോലും 12 രൂപയായിരുന്നത് ഒരു വർഷം കൊണ്ട് 19 രൂപയിൽ കൂടുതലായി. ഇങ്ങനെ ഓരോന്നും വായിച്ചാൽ സമയം പോകുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ഇത്തരത്തിലുള്ള വിലവർദ്ധനവിന് കാരണമായിട്ടുള്ളതെന്താണെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റ് സത്യസന്ധമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. വിലനിർണ്ണയാവകാശം മാറ്റി കൊടുത്തതു കൂടാതെ ധാന്യപ്പുരകളെല്ലാം നിറഞ്ഞു കവിഞ്ഞു കിടക്കുകയാണ്. സർക്കാരിന്റെ ഗോഡൗണുകളെല്ലാം നിറഞ്ഞു കവിഞ്ഞു പുഴുവരിച്ച് കിടക്കുമ്പോൾ ഇവിടെ ആൾക്കാർ പട്ടിണി കിടക്കുകയാണ്. കെട്ടിക്കിടക്കുന്ന ധാന്യങ്ങൾ എന്തുകൊണ്ട് ജനങ്ങൾക്ക് വിതരണം ചെയ്തു കൂടാ? പട്ടിണിപ്പാവങ്ങളായി

ട്ടുള്ളവർ ഒന്നും വാങ്ങാൻ കഴിയാതെയിരിക്കുമ്പോൾ ഇതെല്ലാം അവിടെ കിടന്ന് നശിച്ച് പോകുന്നത് പത്രത്തിൽ വാർത്തകളും ചിത്രങ്ങളും സഹിതം വന്നതാണ്. ഇതിന് ഒരു മാറ്റം ഉണ്ടാകണം. വിപണിയിലെ ഇടപെടൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിരവധി ഔട്ട്ലെറ്റുകൾ വഴി നൽകിയപ്പോൾ എന്റെ മണ്ഡലത്തിലുൾപ്പെടെ വിലക്കുറച്ച് കിട്ടുമെന്നുള്ളതുകൊണ്ട് ആൾക്കൂട്ടത്തിന് വലിയ സന്തോഷ മായിരുന്നു. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സഹകരണ വകുപ്പ് വഴിയും സപ്ലൈകോ വഴിയും വിതരണം ചെയ്തുകൊണ്ടിരുന്നത് ഇന്ന് അവിടെ തൽസ്ഥിതിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ പരിശോധി ക്കണം. ധാരാളം നന്മ സ്റ്റോറുകൾ.... ഞങ്ങളെയൊക്കെ പങ്കെടുപ്പിക്കാതെ, വെറുതേ രാഷ്ട്രീയത്തിലേയ്ക്ക് കടക്കുന്നില്ല. കഴിഞ്ഞ ദിവസം മുൻ എം.എൽ.എ. ശ്രീ. എഴുകോൺ നാരായണൻ അദ്ദേഹം എന്റെ നിയോജക മണ്ഡലത്തിലെ നെടുമൺകാവിൽ ഒരു നന്മ സ്റ്റോർ ഉദ്ഘാടനം ചെയ്തതായി പത്രത്തിൽ വാർത്ത വന്നു. ഞങ്ങളൊന്നും പല കാര്യങ്ങളും അറിയുന്നില്ല. ഞങ്ങളും ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നവരാണ്. ഞങ്ങളെയൊക്കെ മാറ്റി നിർത്തി ഇതൊന്നും നടത്തിയിട്ട് പ്രത്യേകിച്ചൊന്നും നേടാൻ പോകുന്നി ല്ല. അതുകൂടി ഞാൻ ഈ അവസരത്തിൽപറയുകയാണ്. ഇത്തരത്തിൽ ഓരോ സ്റ്റോർ തുടങ്ങുന്നു എന്നല്ലാതെ ജനങ്ങൾക്കാവശ്യമായ സാധനങ്ങൾ അവിടെയില്ല എന്ന കാര്യം പരിശോധിക്കണം. ഏതെങ്കിലും രണ്ടോ നാലോ സ്ഥലങ്ങളിൽ മാത്രമല്ല മുഴുവൻ സ്ഥലങ്ങളിലും പരിശോധന നടത്തണം. കൂടാതെ കൊടുക്കുന്ന സാധനങ്ങൾ നല്ലതാണോ എന്നുള്ളത് കൂടി പരിശോ ധിക്കണം. നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടേയും

കൂടാതെ നോൺ വെജിറ്റേറിയൻ സാധനങ്ങൾക്കു വരെ വില വർദ്ധിച്ചപ്പോൾ ഹോട്ടലിലേയ്ക്ക് അടുക്കാൻ പറ്റാത്ത സ്ഥിതിയായി അര ഗ്ലാസ് തികച്ചില്ലാത്ത പായസത്തിന് ഈ കോഫി ഹൗസിൽ എത്ര രൂപ കൊടുക്കണം? ക്വാളിറ്റി ഇല്ലാതെ വരികയാണ്. ക്വാളിറ്റിയുമില്ല, ക്വാണ്ടിറ്റിയുമില്ല, വില കൂടുകയും ചെയ്യുന്നു. ഇതാണ് ഇപ്പോഴത്തെ അവസ്ഥ. നമുക്ക് തന്നെയുള്ള അനുഭവം ഞാൻ പറയുകയാണ്. എം.എൽ.എ. ക്വാർട്ടേഴ്സുമായി ബന്ധപ്പെട്ട കാന്റീനിലും ഈ കോഫീ ഹൗസിലും ഭക്ഷണത്തിന് എന്തെങ്കിലും ടേസ്റ്റുണ്ടോ? . ഇതു ബഹുമാനപ്പെട്ട സ്പീക്കർ കൂടി പരിശോധിക്കണം. ഞാൻ ഇത് അനുഭവിക്കുന്ന ആളാണ്. സമയമില്ലാഞ്ഞിട്ടു കൂടി ഞാൻ എം.എൽ.എ. ക്വാർട്ടേഴ്സിൽ ഭക്ഷണം ഉണ്ടാക്കി കഴിക്കുകയാണ്.

<u>മി. സ്പീക്കർ</u> : അതിന് ഹൗസ് കമ്മിറ്റി സ്ട്രോങ്ങായിട്ടുള്ള പ്രൊപ്പോസൽ തരട്ടെ. അതിന് ഒരു കമ്മിറ്റിയുണ്ട്. സംവിധാനമുണ്ട്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, ഇത് കൂടി പരിശോധിക്കണം. വിലക്കയറ്റം ഉണ്ടായപ്പോൾ വളരെ മോശപ്പെട്ട സാധനങ്ങളാണ് ഹോട്ടലിൽ കൊടുക്കുന്നത്. ഈ ഹോട്ടലുകളിൽ പരിശോധിക്കാൻ ചെന്നാൽ എന്താണ് പ്രശ്നം? ബഹുമാനപ്പെട്ട ഈ മന്ത്രി വരുന്നതിന് തൊട്ടുമുമ്പ്... ഞാൻ ഈ മന്ത്രിയോട് പറയുകയാണ്. കൊല്ലത്തെ ഏറ്റവും മിടുക്കിയായ സപ്ലൈ ഓഫീസർ ശ്രീമതി കെ. എ. അനിത, അവർ പ്രവർത്തിച്ചതുകൊണ്ടാണ് അവാർഡ് വാങ്ങാൻ കഴിഞ്ഞത്. അവരുടെ സർവ്വീസിലെ എല്ലാ മാറ്റവും പരിശോധിച്ചോട്ടെ? പക്ഷേ ഒരു പ്രമുഖ ഹോട്ടൽ പരിശോധിച്ചു എന്ന കാരണത്താൽ സസ്പെൻഷനിലായി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പെറ്റീഷൻ കൊടുത്ത് അപ്പീലും കൊടുക്കുന്നുണ്ട് എന്ന് പറഞ്ഞ് മുടന്തൻ

ന്യായവും പറഞ്ഞു. അവസാനം കോടതിയിൽ പോയി, Contempt of Court വന്നു. അപ്പോഴേയ്ക്കും പുതിയ മന്ത്രി വന്നു. ഇപ്പോൾ എവിടെയോ accommodate ചെയ്തുവെന്നാണ് അറിയാൻ സാധിച്ചത്. നല്ല ജോലി ചെയ്താൽ ഇതാണ് അനുഭവം. ഈ സർക്കാരിന്റെ നയമാണ് പറയുന്നത്. എല്ലാ മന്ത്രിമാരും കേൾക്കണം. ഇത് ഞങ്ങൾ ഹൃദയത്തിൽ തട്ടി പറയുന്ന താണ്. കറക്ടായിട്ട് എല്ലാ കാര്യങ്ങളും ചെയ്തുപോണം. വർത്തമാനം പ്രവൃത്തിയിലുമുണ്ടാകണം. അത് ഇവിടെ ഉണ്ടാകുന്നില്ല. ഉദ്യോഗസ്ഥരുടെ അനുഭവമാണ് ഞാൻ പറഞ്ഞത്. കൃത്രിമ പാൽ എന്നുവേണ്ട, നമ്മുടെ കമ്പോളത്തിലെ വ്യാജപാൽ നിർമ്മാണത്തെ സംബന്ധിച്ച് പത്രവാർത്തയുണ്ട്. ഇത് പാലൊന്നുമല്ല, നാൽപ്പത് ലിറ്റർ പാൽ കൊള്ളുന്ന കന്നാസ്സിൽ 25 ലിറ്റൽ പാലും 15 ലിറ്റർ വെള്ളവും ഒരു കിലോ മാൾട്ടോ ഡെക്സിട്രിട്ടിനും ചേർത്ത് വ്യാജപാൽ നിർമ്മിക്കുകയാണ്. കൊഴുപ്പൊക്കെ നല്ല കറക്ടായിട്ട് കാണും. ഇതെല്ലാമാണ് നമ്മൾ കഴിക്കുന്നത്. എങ്ങനെയാണ് ക്യാൻസർ രോഗം വർദ്ധി ക്കാതിരിക്കുന്നത്. ആളുകൾക്ക് ചികിത്സിക്കാൻ ആരോഗ്യമേഖലയിലോട്ട് പോകണ്ട. അവിടെ ആളുമില്ല, മരുന്നുമില്ല. ഇതൊക്കെയാണ് സമൂഹത്തിലെ ദു:സഹമായിട്ടുള്ള സ്ഥിതിവിശേഷം. ഈ അവസ്ഥയിലും ജീവിക്കാനുള്ള സാമൂഹിക വികസനം നടപ്പാക്കാൻ വേണ്ടി കുറേയധികം കാര്യങ്ങൾ ജന ങ്ങൾക്കു വേണ്ടി ചെയ്തിട്ടുണ്ട്. തൊഴിലുറപ്പുപദ്ധതി, കുടുംബശ്രീ യൂണിറ്റു കളിലൂടെ ജീവിക്കാനുള്ള വരുമാനം.... ഈ സാധനങ്ങളൊക്കെ വാങ്ങണമെ ങ്കിൽ വരുമാനം വേണമല്ലോ. ഈ പദ്ധതികളൊക്കെ എങ്ങനെയാണ് നടക്കു ന്നത്; അതൊന്ന് പരിശോധിക്കണ്ടേ? നമ്മുടെ ജീവിത നിലവാരവും, സാമൂ ഹിക വികസനവും മെച്ചപ്പെടുത്തിയെടുക്കാൻ വേണ്ടി തൊഴിലുറപ്പുപദ്ധതി

നമ്മുടെ നാട്ടിൽ നടപ്പാക്കുന്നുണ്ട്. തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുന്നുണ്ടോ? 14 ജില്ലകളിലും ഓംബുഡ്സ്മാനെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോടാണ് എന്റെ ചോദ്യം. ശ്രീ. ചെന്താമരാക്ഷൻ എന്ന് പറയുന്ന പ്രമുഖനായിട്ടുള്ള റിട്ടയേർഡ് ജില്ലാ ജഡ്ജിയുടെ പരാതി അങ്ങേക്ക് കിട്ടിയിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് സ്പോട്ട് വിസിറ്റ് നടത്താൻ എന്തൊക്കെ ചെയ്യണമെന്ന് 2005-ലെ ആക്ടിൽ വിശദമായി പറഞ്ഞിട്ടുണ്ട്. ഈ ജില്ലകളിൽ അതിലെന്തെങ്കിലും സൗകര്യം ഓംബുഡ്സ്മാന് കൊടുത്തിട്ടുണ്ടോ? എനിക്ക് അതിന്റെയൊരു കോപ്പി ഇ-മെയിൽ ചെയ്തുതന്നിട്ടുണ്ട്, ഞാൻ അതെല്ലാം വായിച്ചാൽ ഒരുപാട് സമയം പോകും. ലക്ഷപ്രഭുക്കളായിട്ടുള്ളവർ തൊഴിലുറപ്പുപദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്നാണ് സ്പോട്ട് ഇൻസ്പെക്ഷൻ നടത്തി കണ്ടുപിടിച്ച ക്രമക്കേടുകളിൽ പറഞ്ഞിരിക്കുന്നത്. എനിക്ക് തർക്കമൊന്നുമില്ല. രജിസ്റ്റർ ചെയ്തിട്ട ഭൂമി കൃഷി ചെയ്യുകായെന്നുളളത് എല്ലാവരും ചെയ്യേണ്ടതാണ്. പക്ഷേ ലക്ഷപ്രഭുക്കളായിട്ടുള്ളവർക്കുവേണ്ടി ചെയ്ത കാര്യങ്ങളൊക്കെ കണ്ടുപിടിച്ചിട്ട്, ഇതിനാവശ്യമായ സ്പോട്ട് ഇൻസ്പെക്ഷനു വേണ്ടി ഒരു വാഹനം കിട്ടാൻ ഒരു റിട്ടയേർഡ് ജഡ്ജിക്ക് കെഞ്ചേണ്ടി വന്നു. ഇതാണോ ഓംബുഡ്സ്മാൻ. നീതിപൂർവ്വം നടത്തേണ്ടതല്ലേ. അതിനകത്ത് വേറൊരു പരാതി ഞാൻ പേരെടുത്ത് പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമെന്നാണ് എന്റെ വിശ്വാസം. ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ പേര് ഞാൻ ഇവിടെ പറയുന്നില്ല. വെറുതെ എല്ലാവരുടെയും മുമ്പിൽവച്ച് അങ്ങനെയൊരു പേരുവന്നാൽ.... ആളാരാണെന്ന് നിങ്ങൾക്ക് എല്ലാവർക്കമുറിയാം. ഒരു വണ്ടിവേണമെന്നും, ഇങ്ങനെ ക്രമ

ക്കേടുകൾ നടന്നിട്ടുണ്ടെന്നും, എനിക്ക് സ്പോട്ട് വിസിറ്റ് നടത്തണമെന്നും പറഞ്ഞപ്പോൾ ഒരു പ്രസ് മീറ്റ് നടത്തിയിട്ട് 30.06.2012-ലെ ഇന്ത്യൻ എക്സ്പ്രസിൽ ഒരു വാർത്തകൊടുത്തിരിക്കുന്നു. "The Ombudsman is not vested with unlimited powers as per the provisions of the NREGs act. The statutory body should act as the intermediary between the authority and the people but this is being blantenly violated" ഇതാണ് അദ്ദേഹം കൊടുത്തൊരു പത്രപ്രസ്താവന. ഇങ്ങനെ ചെയ്യാൻ പാടുണ്ടോ? ഒരു ജുഡീഷ്യറിയുടെ പവറുളളവരാണ് ഓബുഡ്സ്മാൻ. ഞാൻ തന്നെ കഴിഞ്ഞ തവണത്തെ കമ്മിറ്റിയിൽ ഇരുന്നപ്പോൾ ഈ ഓംബുഡ്സ്മാനെ എന്തുകൊണ്ടാണ് നിയമിക്കാത്തതെന്ന് ചോദിച്ചു. നിയമിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ രൂപരേഖ ഉണ്ടാക്കിയിരുന്നു. ഈ സർക്കാർ വന്നതിനുശേഷം തന്നെ നിയമിച്ചു. എനിക്കൊരു തർക്കവുമില്ല. പക്ഷേ അവരെല്ലാം നോക്കുകുത്തികളാക്കിയിട്ട് ഒരു ഓഫീസ് സംവിധാനങ്ങളൊന്നുമില്ലാതെ, ഓഫീസിനെ സ്റ്റാഫിനെ കൊടുക്കാതെ... ഇതൊന്നും കൊടുക്കണ്ടായെന്നാണ് ഇദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇതിനകത്ത് പറഞ്ഞിരിക്കുന്നതെല്ലാം വലിയ പ്രശ്നമുണ്ടാക്കുന്ന കാര്യങ്ങളാണ്. ഈ പരാതി നിശ്ചയമായിട്ടും ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. അതുപോലെ അവിടത്തെ പ്രോജക്ട് സപ്പോർട്ട് ചെയ്തുകൊടുക്കേണ്ട വിനോദിനിയെന്ന് പറയുന്ന ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ........ എറണാകുളം ജില്ലയിലെ കാര്യമാണ് ഞാൻ പറഞ്ഞത്. ഈ പ്രശ്നങ്ങൾ വളരെ ഗൗരവമായി എടുത്തുകൊണ്ട് ഇത്തരം വിഷയങ്ങൾ മാറ്റികൊണ്ട് ഈ തൊഴിലുറപ്പുപദ്ധതി പോലെ സാമൂഹികമായും വലിയ മാറ്റം ഉണ്ടാക്കാവുന്ന നല്ല രീതിയിൽ നടത്താവുന്ന പദ്ധതികളെ

നല്ലതുപോലെ കൊണ്ടുപോകുവാനും അഴിമതി വിമുക്തമാക്കാനുമുള്ള ശക്ത മായ ഇടപെടൽ ഈ സർക്കാർ പറയുന്നതിൽ സത്യസന്ധതയുണ്ടെങ്കിൽ ചെയ്യണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്നുള്ളത് വിദ്യാഭ്യാ സവുമായി ബന്ധപ്പെട്ടാണ്. നമ്മുടെ സാമൂഹിക വികസനവുമായി ബന്ധ പ്പെട്ട് വരുമ്പോൾ, നമ്മുടെ സാമൂഹികമായ ഉന്നമനവും അതുപോലെത്തന്നെ ഒരു നല്ല സംസ്ക്കാരവും വളരണമെങ്കിൽ നല്ല വിദ്യാഭ്യാസം ഉണ്ടാകണം. കേരളത്തിൽ ഈ സർക്കാരിന്റെ കീഴിൽ എന്താണ് നടക്കുന്നത്. പറയാതിരി ക്കാൻ എനിക്കൊരു നിവൃത്തിയുമില്ല. കഴിഞ്ഞ 25-ാം തീയതി, എല്ലാ വിഷയ ത്തിനും എസ്.എസ്.എൽ.സിക്ക് എ പ്ലസ്സോടുകൂടി പാസായ, പ്രസിഡന്റിന്റെ അവാർഡ് ഗൈഡിൽ പോയി കിട്ടിയിട്ടുള്ള ഒരു കുട്ടിക്ക, കശുവണ്ടിതൊഴി ലാളിയായ ആ കുട്ടിയുടെ അച്ഛൻ, മദ്യപിച്ച് ബഹളം ഉണ്ടാക്കുന്നതുകൊണ്ട് ആ കുട്ടി ഒളിച്ചിരുന്ന് പഠിച്ച് എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടി. എന്റെ ചങ്കു തകർന്നുപോയി. ആ കുട്ടിക്കുൾപ്പെടെ ബോയ്സ് ഹൈസ്ക്കൂളിൽ അഡ്മിഷൻ കിട്ടിയില്ല. മുഴുവൻ സി.ബി.എസ്.ഇ കുട്ടികൾ വന്നു. സി.ബി.എ സ്.ഇ-യുടെ ബോർഡ് എക്സാമിൻ എഴുതാതെ സ്കൂൾ തലം പരീക്ഷയെഴു തിയവർ. ബോർഡ് എക്സാം എഴുതിയിട്ട് വന്നാൽ ഞങ്ങൾ സമ്മതിച്ചു. എസ്.എസ്.എൽ.സിക്ക് പൊതു പരീക്ഷ എഴുതി വരുന്ന കുട്ടികൾക്ക് അ വർക്ക്..........ഞാൻ പറയുന്നതെല്ലാം സത്യമല്ലെ പറയുന്നത്. ഏത് റിക്കാർഡ് വേണമെങ്കിലും പരിശോധിച്ചുകൊള്ളൂ. ഇത് കിട്ടിയില്ല. കോളിംഗ് അറ്റൻഷന് കൊടുത്തപ്പോൾ മന്ത്രി മറുപടി പറഞ്ഞത് അങ്ങനെയൊരു പ്രശ്ന മില്ലായെന്നാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഇന്ന് വിദ്യാഭ്യാസവകുപ്പുമന്ത്രി മറുപടി പറയുന്നില്ല.

ശ്രീമതി പി. അയിഷാ പോറ്റി: പൊതുവായ വിഷയമാണ്. സാമൂഹിക വികസനമെന്നൊരു സബജക്ട് ഇവിടെയുണ്ടല്ലോ. സാമൂഹിക വികസനം നേടിയെടുക്കണമെങ്കിൽ എന്താണ് വേണ്ടത്. നല്ല വിദ്യാഭ്യാസം, നല്ല ഭക്ഷ ണം, നല്ല ജീവിക്കാനുള്ള സാഹചര്യമെല്ലാം വേണ്ടേ.

മി. സ്പീക്കർ: പ്ലീസ്,.... കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്

ശ്രീമതി പി. അയിഷാ പോറ്റി: ആ കുട്ടിയ്ക്ക് അഡ്മിഷൻ കിട്ടാത്തതു കൊണ്ട്, രണ്ടുമൂന്ന് കുട്ടികളുണ്ട് ഞാൻ ഒരു കുട്ടിയുടെ പരാതി വാങ്ങിച്ച് മുഖ്യമന്ത്രിക്ക് കഴിഞ്ഞ ദിവസം കൊടുത്തപ്പോൾ അതിന് അഡ്മിഷൻ കിട്ടി യില്ലേയെന്ന് വിചാരിച്ച് അദ്ദേഹം അന്തംവിട്ടിരിക്കുകയാണ്. ഇത്തരത്തിലു ള്ള വിഷയങ്ങൾ ഈ ഗവൺമെൻറ് വന്നപ്പോൾ വന്നിട്ടുണ്ട്.

മി. സ്പീക്കർ: യെസ്, യെസ് പ്ലീസ്, കൺക്ലൂഡ്.

ശ്രീമതി പി. അയിഷാ പോറ്റി: ഇനി മറ്റൊരു കാര്യം, ഇതുപോലുള്ള ലൈവായിട്ടുള്ള വിഷയങ്ങൾ, ഞാൻ ഇപ്പോൾ രണ്ടുമിനിട്ടുകൊണ്ട് നിർത്താം.

മി. സ്പീക്കർ: അതെങ്ങനെയാണ്. എനിക്ക് നിർബന്ധമൊന്നുമില്ല അവ സാനം എല്ലാവരുംകൂടി ചേർന്ന് സമയം നീണ്ടുപോയിയെന്ന് പറയാതിരു ന്നാൽ മതി.

ശ്രീമതി പി. അയിഷാ പോറ്റി: ഒരിക്കലും ഞാൻ അധികമായി സമയം എടുക്കുന്നതല്ല. ഇത്രയും നീറുന്ന പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ ഇവിടെ യൊരു ടി.പി. ചന്ദ്രശ്രഖരൻ വധം, ക്രിമിനൽ കേസുമായി ബന്ധപ്പെട്ടുകൊ ണ്ടുള്ള പത്രവാർത്തയും വന്നുകൊണ്ടിരിക്കുന്നു. ഞാൻ ഒരു അഭിഭാഷകയാ

ണ്. കുറേവർഷം പ്രാക്ടീസ് ചെയ്തിട്ടുള്ളതുമാണ്. ഞാൻ കണ്ടിട്ടില്ല ഇത്രയുമധികം പ്രചരണം കൊടുത്തുകൊണ്ട് ഒരു ക്രിമിനൽ കേസ് കൊണ്ടു വരുന്നത്. കുറ്റം ആര് ചെയ്തിട്ടുണ്ടെങ്കിലും ഏത് പാർട്ടിയാണെങ്കിലും കർശ നമായ നടപടി എടുക്കണം. പക്ഷേ അതിനിങ്ങനെയൊരു പബ്ലിസിറ്റി കൊടു ത്തു ചെയ്യണമോ? ചില കേസിന് പബ്ലിസിറ്റി, ചില കേസിന് പബ്ലിസിറ്റിയില്ല. ചില കേസുകൾ വെളിപ്പെടുത്തിയാൽ അതിനെല്ലാം കേസ്സെടുക്കുക, ചില കേസിനകത്ത് വെളിപ്പെടുത്തിയാൽ മിണ്ടാതിരിക്കുക. അതു ശരിയാണോ. ഇത് രണ്ടുംകൂടി പരിശോധിച്ചേ. ഇവിടെയൊരു എം.എൽ.എ ഉണ്ടല്ലോ. ഞാൻ അദ്ദേഹത്തെയൊന്നും ആക്ഷേപിച്ച് പറയുകയല്ല. ഇരട്ട കൊലപാതകക്കേ സിൽ ആറാം പ്രതിയാക്കിയത് ഞങ്ങളാരുമല്ലല്ലോ. അതുപോലെ ആ കേസ്സുവ ന്നു. വേറൊരു കേസ്സുവന്നു.......(ബഹളം)..... ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. ആരാണ് കൊണ്ടുവന്നത്. ഇത് എല്ലാ സ്ഥലത്തുനിന്ന് പരിശോ ധിക്കട്ടേ ചെയ്യുന്നതിൽ ശരിയുണ്ടോയെന്ന്. ഈ ത്രാസ് തൂക്കികൊടുക്കു മ്പോൾ തുലനം വേണം. എല്ലാഭാഗത്തോട്ടും നീതിവേണം. അല്ലാതെ ചില കേസ് എടുക്കുമ്പോൾ അതിനെല്ലാം നാടുനീളെ അരിച്ചുപെറുക്കികൊണ്ട് ഒരു പാട് പ്രശ്നങ്ങളുണ്ടാക്കികൊണ്ട് വലിയ പത്രവാർത്ത മാധ്യമങ്ങൾക്ക് കൊടു ക്കുകയും ഏതെങ്കിലും ക്രിമിനൽ കേസിന്റെ ട്രയൽ ഇതുപോലെ പത്ര വാർത്തയായി വന്നിട്ടുണ്ടോ; ഇത് ചെയ്യാൻ പാടുണ്ടോ; നീതിബോധം ഉണ്ടെങ്കിൽ ഇത് ചെയ്യാൻ പാടുണ്ടോ; കറക്ടായിട്ട് അന്വേഷിച്ചോ? ഒരു പക്ഷേ ഇതെല്ലാം കഴിഞ്ഞ് എത്രയോ കുടുംബങ്ങൾ തകർന്ന് തരിപ്പണമായി കഴിഞ്ഞതിന് ശേഷമായിരിക്കും ഇതിന്റെ യഥാർത്ഥ സ്ഥിതി പുറത്തുവ രുന്നത്. ഇതുകൂടി നമ്മൾ കാണണം. ഏത് കേസും, കുറ്റം ചെയ്ത ഒരാ ളോടും നമുക്ക് വിട്ട് വീഴ്ചയില്ല അതിനോട് ഒരു ശരിയായ രീതിയുണ്ടാക

ണം. ഒരുപാട് കുടുംബങ്ങളെ തകർത്തോ ഒരു പ്രസ്ഥാനത്തെ തകർത്തോ സാമൂഹികമായിട്ട് വലിയ പ്രശ്നമുണ്ടാക്കിക്കൊണ്ടോ അല്ല കൊണ്ടുപോകേണ്ടത്. നല്ല നീതിബോധത്തോടെ തുലനം ചെയ്തുകൊണ്ട് നീതി എല്ലാവർക്കും നൽകികൊണ്ടുള്ള പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സർക്കാരിന്റെ ഇത്തരത്തിലുള്ള നിഷേധാത്മകമായ നിലപാടിലുള്ള പ്രതിഷേധം കൂടി അറിയിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി എതിർക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ വിഷയങ്ങളെ സംബന്ധിച്ച് പ്രതിപക്ഷത്തിന് കാര്യമായി ഒന്നും വിമർശിക്കാൻ ഇല്ലാത്തതുകൊണ്ടാണ് വിഷയങ്ങളിൽനിന്നും വ്യതിചലിച്ച് ടി. പി. ചന്ദ്രശേഖരൻ വധക്കേസും അതുപോലെ വിദ്യാഭ്യാസ

വകുപ്പിലെ കാര്യങ്ങളുമൊക്കെ ബഹുമാനപ്പെട്ട പി. അയിഷാ പോറ്റി സൂചിപ്പിച്ചത്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിനെക്കുറിച്ച് ഒറ്റവാക്കിൽ പറഞ്ഞാൽ കേസിന്റെ പ്രാധാന്യം എന്തെന്ന് ജനങ്ങൾക്ക് നന്നായി അറിയാം. ആ കേസിൽ മാർക്സിസ്റ്റ് പാർട്ടി സ്വീകരിക്കുന്ന സമീപനം, ഔദ്യോഗിക നേതൃത്വം സ്വീകരിക്കുന്ന സമീപനം കേരളത്തിലെ ജനങ്ങൾക്ക് സ്വീകാര്യം അല്ലാത്ത സമീപനമാണ് എന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞ ഭാഷ തന്നെ ഭക്ഷ്യവകുപ്പിന്റെ ചർച്ചയിൽ പ്രാധാന്യമേറിയ വിഷയം തന്നെയാണ്. കേരളത്തിൽ അരിഭക്ഷണം കഴിക്കുന്നവരാരും പാർട്ടി സെക്രട്ടറിയുടെ നിലപാട് വിശ്വസിക്കില്ല. ബഹുമാനപ്പെട്ട അംഗം അരിഭക്ഷണം കഴിക്കുന്നവരിൽപ്പെട്ട ഒരാളാണ് എന്ന് ഞാനും കരുതുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുപോലും ദഹിക്കാത്ത, അരിഭക്ഷണം കഴിക്കുന്ന ആർക്കും മനസ്സിലാകാത്ത ഒരു വാദത്തിനുവേണ്ടിയാണ് വിഷയത്തിൽ നിന്ന് വ്യതിചലിച്ച് ബഹുമാന്യയായ അംഗം പോയിട്ടുള്ളത്. ഇവിടെ ഭക്ഷ്യവകുപ്പിനെക്കുറിച്ച് നമുക്കറിയാം. ഈ ഗവൺമെന്റ് ഈ മേഖലയിൽ കൈവരിച്ചിട്ടുള്ള നേട്ടം ഏവരും അംഗീകരിച്ച ഒരു കാര്യമാണ്. ഒരു രൂപയ്ക്ക് ഇരുപത്തിയഞ്ച് കിലോ അരി നൽകുന്ന പദ്ധതി. അതാണ് ഈ സർക്കാരിനെ സംബന്ധിച്ച് ഏറ്റവും വലിയ സ്വപ്നപദ്ധതി. കഴിഞ്ഞ ഗവൺമെന്റ് രണ്ടു രൂപയ്ക്ക് അരി നൽകി എന്നു വേണമെങ്കിൽ അപ്പുറത്തുനിന്ന് വാദമുന്നയിക്കാം. എപ്പോഴാണ് അരി നൽകുമെന്ന് പ്രഖ്യാപിച്ചത്? ഒരു സർക്കാരിന്റെ

കാലാവധി നിയമാനുസൃതം അഞ്ചുവർഷമായിരിക്കെ അഞ്ചുവർഷത്തിന്റെ അവസാനത്തിൽ, അഞ്ചാം വർഷത്തിന്റെ പത്താം മാസത്തിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം രണ്ടുരൂപയ്ക്ക് അരി നൽകും എന്നൊരു പ്രഖ്യാപനം വോട്ടിനു വേണ്ടി നടത്തിയവരാണ് അപ്പുറത്തിരിക്കുന്നതെങ്കിൽ ജനങ്ങൾക്ക് ഭക്ഷണം നൽകുന്നതിനുവേണ്ടി ഒരു പ്രോഗ്രാം തയ്യാറാക്കി ആ പ്രോഗ്രാം ഇംപ്ലിമെന്റ് ചെയ്ത ഒരു സർക്കാരാണ് ഇന്ന് ശ്രീ.ഉമ്മൻ ചാണ്ടി നേതൃത്വം നൽകുന്ന സർക്കാർ. ബഹുമാന്യനായ ടി. എം. ജേക്കബ് നടപ്പിലാക്കിയ കേരളത്തിലെ ജനങ്ങൾ അംഗീകരിച്ച ഈ പദ്ധതി വഴി 20,65,000 കാർഡുടമകൾക്കും സർക്കാർ അംഗീകൃത അഗതിമന്ദിരങ്ങളിലെ അന്തേവാസികൾക്കും ഉൾപ്പെടെ ഒരു മാസം ഒരു രൂപയ്ക്ക് ഇരുപത്തിയഞ്ചുകിലോ അരി നൽകുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. അതിനു വേണ്ടി സംസ്ഥാനസർക്കാർ ഇരുപത്തിമൂന്ന് കോടിരൂപയാണ് ചെലവാക്കിക്കൊണ്ടിരിക്കുന്നത്. പുതിയ ബഡ്ജറ്റിലും അതിനു പണം കണ്ടെത്തിയിരിക്കുന്നു. നേരത്തെ പറഞ്ഞ വിലക്കയറ്റം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളത്തിലെ ദുർബലജനവിഭാഗങ്ങളെയും ബി.പി.എൽ. കുടുംബങ്ങളെയും സഹായിക്കാൻ സാധിക്കുന്ന ഒരു സമഗ്ര പദ്ധതിയാണ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ റേഷൻ കാർഡുകൾ ആവശ്യപ്പെട്ട് മൂന്നുലക്ഷത്തിലധികം അപേക്ഷകരുണ്ടായിരുന്നു. അഞ്ചുലക്ഷത്തിലധികം കാർഡ് അപേക്ഷകർക്ക് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കുന്ന അന്നേ ദിവസം തന്നെ അപേക്ഷകർക്ക് റേഷൻ കാർഡ് വിതരണം ചെയ്യാൻ സാധിക്കുന്ന ഏറ്റവും അടിസ്ഥാനപരമായ ഒരു പരിപാടി ഗവൺമെന്റ് നടപ്പിലാക്കി. അതുപോലെ രൂക്ഷമായിക്കൊണ്ടിരി

ക്കുന്ന വിലക്കയറ്റത്തെ കൈകാര്യം ചെയ്യുന്നതിന് സർക്കാരിന് സാധിക്കുന്ന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുകയാണ്. മാർക്കറ്റിൽ ഗവൺമെന്റ് ഇട പെടുകയാണ്. സപ്ലൈകോയും മാർക്കറ്റിംഗ് സംവിധാനങ്ങളും മാവേലി സ്റ്റോറുകളും വഴിയെല്ലാം അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെ യുമെല്ലാം ലഭ്യത പരമാവധി ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കു ന്നു. പതിമൂന്ന് ഇനം സാധനങ്ങൾക്ക് സബ്സിഡൈസ്ഡ് റേറ്റിൽ വിതരണ ത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട അംഗ ത്തിന്റെ നിയോജക മണ്ഡലത്തിൽ തന്നെ നന്മ സ്റ്റോർ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടകൻ ആര് എന്നതിനെക്കുറിച്ചാണ് തർക്കം. നന്മ സ്റ്റോറിൽ സാധന ങ്ങളും ലഭ്യമാണ്. കഴിഞ്ഞയാഴ്ച ഞാൻ എന്റെ നിയോജക മണ്ഡലത്തിൽ പോയി. ഒന്നാമത്തെ ഒരു പരിപാടി, കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യ ത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറിന്റെ ഉദ്ഘാടനമായിരുന്നു. രണ്ടാമത് ഞാൻ പോയത് നന്മ സ്റ്റോറിന്റെ ഉദ്ഘാടനമായിരുന്നു. അവിടെ എല്ലാ സാധ നങ്ങളും ലഭ്യമാണ്, നല്ല സാധനങ്ങൾ തന്നെയാണ്, പാക്കറ്റിൽ സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നു. മൂന്നാമത് ഞാൻ പോയത്, പച്ചക്കറി പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു പച്ചക്കറി സ്റ്റാളിന്റെ ഉദ്ഘാടനത്തിനാ യിരുന്നു. മിതമായ വിലയ്ക്ക് സാധനങ്ങളെല്ലാം കൊടുക്കുന്നു.. എല്ലാ സ്ഥലത്തും ഈ സംവിധാനങ്ങളില്ല. കുറേക്കൂടി സംവിധാനങ്ങൾ ഗ്രാമതല ത്തിലും യൂണിറ്റ് തലത്തിലും വ്യാപിപ്പിക്കേണ്ടതാണ് എന്ന ഫലപ്രദമായ ക്രിയാത്മകമായ നിർദ്ദേശത്തോട് യോജിക്കുന്നു. സാധനങ്ങൾ ഉണ്ട്, ഉള്ള സാധനങ്ങൾ ഗുണമേന്മയുള്ളവയാണ്. വില കുറച്ചുകിട്ടുന്നതിനുള്ള ഏർപ്പാ ടുകൾ ചെയ്യുന്നുണ്ട്. അതുപോലെ നമ്മുടെ പൊതുവിതരണരംഗത്തെ ശക്തി പ്പെടുത്താൻ ബഡ്ജറ്റിൽ നിരവധിയായിട്ടുള്ള നിർദ്ദേശങ്ങളുണ്ട്. ഒന്ന്,

റേഷൻ കാർഡുകളിലെ തട്ടിപ്പാണ്. അനർഹരായ നിരവധി ആളുകൾ റേഷൻ കാർഡുകൾ കൈകാര്യം ചെയ്യുന്നുണ്ട്. അതെല്ലാം ബയോമെട്രിക് കാർഡുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അനർഹരെ ഈ പട്ടിക യിൽനിന്നും ഒഴിവാക്കാൻ വേണ്ടി നടപടി സ്വീകരിക്കുമെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതുപോലെ തന്നെ മറ്റൊരു കാര്യമാണ് ബി.പി.എൽ. കുടുംബങ്ങൾ ഏത് എന്നുള്ളത്. നിരവധി അർഹതയില്ലാത്ത സർക്കാർ ഉദ്യോഗസ്ഥന്മാർ ബി.പി.എൽ. പട്ടികയിൽ കയറികൂടിയിട്ടുണ്ട്. അർഹതപ്പെട്ട വർ ഒഴിവാക്കപ്പെട്ടിട്ടുമുണ്ട്. അർഹതയുടെ അടിസ്ഥാനത്തിൽ മാത്രം ബി.പി. എൽ. പട്ടിക പുന:ക്രമീകരിക്കും എന്ന സർക്കാരിന്റെ സമീപനം വളരെ സ്വാഗതാർഹമായിട്ടുള്ള ഒരു സമീപനമാണ്. അതുപോലെ തന്നെയാണ് റേഷൻ സാധനങ്ങൾ വഴിതെറ്റിച്ചുകൊണ്ടുപോകുന്ന സംവിധാനത്തെ തടയു ന്നതിനുവേണ്ടി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തും. അതിനു വേണ്ടി ഒരുകോടി രൂപ വിലയിരുത്തിയിട്ടുണ്ട്. അതുപോലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തലശ്ശേരി, കൊല്ലം, ചവറ, തിരു വല്ല തുടങ്ങിയ സ്ഥലങ്ങളിൽ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുമെന്ന ബഡ്ജറ്റിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബിനുവേണ്ടി ഒമ്പതരക്കോടിരൂപ നീക്കിവച്ചിരിക്കുന്നു. ക്വാളിറ്റി കൺട്രോൾ ലാബിനുവേണ്ടി 2.9 കോടിരൂപയുടെ പദ്ധതി വിലയിരുത്തിയിട്ടു ണ്ട്. നൂറ് യൂണിറ്റുകൾക്കുവേണ്ടി ഭക്ഷ്യ പ്രോസസ്സിംഗ് ഒന്നരക്കോടിരൂപ യുടെ പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ചെയ്യാൻ സാധി ക്കുന്ന ഒട്ടേറെക്കാര്യങ്ങൾ ഭക്ഷ്യവകുപ്പ് ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരി ക്കുകയാണ്. വിലക്കയറ്റത്തെക്കുറിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ സമീപനം

എന്തായിരുന്നു? അന്നത്തെ ബഹുമാന്യനായ ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞതെന്താണ്? നിങ്ങൾക്ക് അരി വില കുറച്ച് കിട്ടുന്നില്ലായെങ്കിൽ എന്തുകൊണ്ട് മുട്ടയും പാലും ചിക്കനും കഴിച്ചുകൂടേ? എന്ന് ചോദിച്ചത് പത്രങ്ങളിൽ വായിച്ചത് കേരളത്തിലെ ജനങ്ങൾ ഇപ്പോഴും മറക്കാതിരിക്കുന്നത്. അരിയുടെ വില വർദ്ധിച്ചപ്പോൾ അന്ന് അതിനെക്കുറിച്ചൊന്നും ക്രിയാത്മകമായി പ്രതികരിക്കുന്നതിനുപകരം നിങ്ങൾക്ക് പാലും മുട്ടയും ചിക്കനും കഴിച്ചുകൂടേ എന്ന് ചോദിച്ചത് ചരിത്രത്തിൽ ഒരിക്കൽ മാത്രമേ കേട്ടിട്ടുള്ളു. If you have no bread, why can’t you eat cakes എന്ന് ചോദിച്ച കുപ്രസിദ്ധയായ രാജ്ഞിയെ ഓർമ്മിപ്പിക്കുന്ന രൂപത്തിൽ നിങ്ങൾക്ക് അരിയില്ലെങ്കിൽ പാലും മുട്ടയും ചിക്കനും കഴിച്ചുകൂടേ? എന്ന് പറഞ്ഞ ആളുകളെ അപ്പുറത്തിരുത്തിക്കൊണ്ട് ഈ സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമ്പോൾ അതിൽ സഹകരിക്കുന്നതിനുപകരം അതിനെ നിശിതമായി രാഷ്ട്രീയ പ്രേരണകൊണ്ടുമാത്രം വിമർശിച്ച് മുന്നോട്ടുപോകാൻ പ്രതിപക്ഷം ആഗ്രഹിക്കുന്നത്. മറ്റൊരു കാര്യം, ഇവിടെ ഇപ്പോൾ ക്ഷീരവകുപ്പിന്റെ കൂടി ചർച്ചയാണ്. കേരളത്തിലെ ഒട്ടനവധി കൃഷിക്കാർ ആശ്രയിക്കുന്ന ഒരു മേഖലയാണ് ക്ഷീര കാർഷിക മേഖല. അതുപോലെ പാലിനെ സംബന്ധിച്ച് നമുക്കറിയാം നമ്മുടെ സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. പാൽ ഏറ്റവും പോഷക ഗുണമേറിയ ആഹാരമാണ്. പ്രാഥമിക ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ പോലും അമ്മ എനിക്ക് കാച്ചിയ പാൽ തരും. അത് കുടിക്കാഞ്ഞാൽ അമ്മ കരയും. ആ പാഠഭാഗം നമ്മൾ പഠിച്ചിട്ടുണ്ട് എങ്കിൽ ഇന്ന് പാലിന്റെ ലഭ്യത കുറയുന്നു. പാൽ ഉല്പാദിപ്പിക്കുന്ന കർഷകരെ സംബന്ധിച്ച് അവരുടെ ജീവൽ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടി

കൾ സ്വീകരിച്ച ഗവൺമെന്റാണിത്. ഏറ്റവും വലിയ ആവശ്യമെന്തായിരുന്നു? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാൽ ഉല്പാദക സംഘങ്ങൾ ആവശ്യപ്പെട്ട താണ് പാലിന് ഉല്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ലഭിക്കുന്ന വില വളരെ തുച്ഛമാണ്. റെയിൽവേ സ്റ്റേഷനിൽ നിന്നോ ബസ് സ്റ്റാൻഡിൽ നിന്നോ ഒരു കുപ്പി വെള്ളം വാങ്ങുന്നതിന് 15 രൂപയാണ്. ഒരു കുപ്പി പച്ച വെള്ളം വാങ്ങുന്നതിന് 15 രൂപ കൊടുക്കണം. ഒരു ലിറ്റർ പാൽ ഉല്പാദിപ്പി ക്കുന്ന ഉൽപ്പാദകന് ലഭിക്കുന്ന വില ഒരുകുപ്പി പച്ചവെള്ളത്തിന്റെ പോലും വില കിട്ടാതിരുന്ന സാഹചര്യത്തിലാണ് അത് സംബന്ധിച്ച ആവശ്യം പാൽ ഉല്പ്പാദകർ മുന്നോട്ടുവച്ചത്. മുൻ സർക്കാർ അതിനനുകൂലമായ നടപടി സ്വീ കരിച്ചില്ല. ഹൈക്കോടതിയിലേയ്ക്ക് അക്കാര്യങ്ങൾ പോയി. പുതിയ സർക്കാർ വന്നു പാൽ ഉല്പാദകർക്ക് അല്പമെങ്കിലും ആ മേഖലയിൽ പിടി ച്ചുനിൽക്കാൻ സാധിക്കുന്ന വിധത്തിൽ ഉല്പാദനച്ചെലവിന്റെ അടിസ്ഥാന ത്തിൽ പൂർണ്ണമായിട്ടും ഇപ്പോൾ തൃപ്തികരമല്ല. ഇന്ന് കാലിത്തീറ്റയുടെ വില വർദ്ധിച്ചിട്ടുണ്ട്. അതുപോലെ തീറ്റപ്പുല്ല് സംസ്ഥാനത്ത് കുറഞ്ഞുവരികയാണ്. അവിടെയൊക്കെ പാലുല്പ്പാദനത്തെ പ്രോൽസാഹിപ്പിക്കാനുള്ള നിരവധിയാ യിട്ടുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയാണ്. ഈ ആവശ്യങ്ങൾക്കു വേണ്ടി ക്ഷീരവികസനവകുപ്പ് തീറ്റപ്പുല്ലിനുവേണ്ടി മാത്രം മൂവായിരം ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീക രിക്കുന്നു. ജലസേചന സൗകര്യങ്ങൾ, തീറ്റപ്പുല്ല്, വിത്തുകളുടെ വിതരണം, യന്ത്രവൽകൃത തീറ്റപ്പുൽ കൃഷിരീതി നടപ്പിലാക്കാനുള്ള സംവിധാനം ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതുപോലെ വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി നൽകുന്ന ഏറ്റവും ഗുണകരമായിട്ടുള്ള ഒരു സ്കീമും സർക്കാർ

ആലോചിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ക്ഷീരകർഷക സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിനും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങൾക്ക് പ്രവർത്തന സഹായങ്ങൾ നൽകുന്നതിനും അതുപോലെതന്നെ പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി സർക്കാർ ഈ ബഡ്ജറ്റിലൂടെ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. അതിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. കേരളത്തിലെ കാർഷിക മേഖലയിൽ ഏറെ വികസിക്കേണ്ട രംഗം തന്നെയാണ് ക്ഷീരമേഖല. ഞാനും ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലും എന്റെ നിയോജക മണ്ഡലത്തിലും നിരവധി സഹകരണ സംഘങ്ങളുടെ കർഷക സെമിനാറുകളിലും യോഗങ്ങളിലുമൊക്കെ സംബന്ധിക്കുകയുണ്ടായി. അവിടെയൊക്കെ ക്ഷീരകർഷകരിൽ പലരും ഈ ജോലിയുമായിട്ട് മുന്നോട്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിലാണ്. ഇന്നത്തെ ഉല്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഇനിയും അവർക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ ലഭ്യമാകേണ്ടതുണ്ട്. അതിനുള്ള കാൽവയ്പ് ഈ സർക്കാർ ആരംഭിച്ചിരിക്കുന്നു എന്നുള്ളത് ഏറ്റവും സ്വാഗതാർഹമായിട്ടുള്ള ഒരു കാര്യം തന്നെയാണ്. മറ്റൊരു മേഖലയായ സാമൂഹ്യവികസനം കൂടി ഞാൻ സ്പർശിക്കുകയാണ്. ബഹുമാനപ്പെട്ട ഗ്രാമവികസനവകുപ്പിന്റെ കീഴിലുള്ള ആ വകുപ്പും ശ്രദ്ധേയമായിട്ടുള്ള നടപടികളുമായിട്ട് മുന്നോട്ടുപോകുകയാണ്. ഒന്നാമതായിട്ട് നമ്മുടെ പഞ്ചായത്ത് ഭരണ സാരഥികൾ കക്ഷിഭേദമെന്യേ, ചില ആളുകൾ ചിലപ്പോൾ പ്രതിപക്ഷത്തുള്ള അംഗങ്ങൾ വിയോജിപ്പ് പ്രകടിപ്പിക്കുന്നുണ്ടങ്കിലും കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ കക്ഷിഭേദമെന്യേ അംഗീകരിച്ച കാര്യമാണ് പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ് ഒരു

വർഷം എന്നത് മാറ്റി അവർക്കുകൂടി പഞ്ചവത്സര പദ്ധതികൾക്ക് രൂപം നൽകുക എന്നത് . സാധാരണ പഞ്ചായത്തുകൾ പദ്ധതി സമർപ്പിച്ചാൽ അതിന് ഡി.പി.സി യുടെ അംഗീകാരം വേണം. ഒരുപാട് സാങ്കേതിക സമിതി കളുടെ കടമ്പകൾ കടക്കണം. അവസാനം അനുമതി കിട്ടി അത് ഇംപ്ലിമെന്റേ ഷൻ സ്റ്റേജിലേക്ക് വരുമ്പോഴും ഒരു സാമ്പത്തിക വർഷം കടക്കുന്നു. ആ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥ നമ്മുടെ ഗ്രാമപഞ്ചാ യത്തുകളെ, ത്രിതല പഞ്ചായത്തുകളെ പിടികൂടിയ ഏറ്റവും വലിയ ഒരു ദുർഭൂതമായിരുന്നുവെങ്കിൽ അതിനു പരിഹാരമുണ്ടാക്കികൊണ്ടാണ് പഞ്ചവ ത്സര പദ്ധതികൾ എന്നൊരു പുതിയ സംവിധാനം പ്ലാനിംഗിൽ കൂടി കൈകാ ര്യം ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.സി. ജോസഫ് ആവി ഷ്ക്കരിച്ചിട്ടുണ്ട്. മറ്റൊരു കാര്യം, മേഖലാവിഭജനത്തിൽ കൂടി പദ്ധതി നടത്തി പ്പിൽ കുറേക്കൂടി സ്വാതന്ത്ര്യം നൽകുകയാണ്. കർശനമായിട്ടുള്ള മേഖലാ വിഭജനത്തിന് നിയന്ത്രണങ്ങൾ വഴി പലപ്പോഴും പദ്ധതികൾ ലാപ്സായി പോകുന്നു. ഫലപ്രദമായി ജനോപകാരപ്രദമായ പദ്ധതികൾ കണ്ടെത്താനും നടപ്പിലാക്കാനും പഞ്ചായാത്തുകൾക്ക് സാധിക്കാതെ വരുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ അന്ത:സത്തയ്ക്കു പോലും അത് കളങ്കം ചാർത്തിയ സംഭവങ്ങളാണ്. അതിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് പുതിയ സംവിധാനത്തിൽ മേഖലാവിഭജനത്തിലെ അടിസ്ഥാനരഹിത മായിട്ടുള്ള നിബന്ധനകൾ ഇല്ലാതാക്കികൊണ്ട് പഞ്ചായത്തുകൾക്ക് സ്വാത ന്ത്ര്യം നൽകുന്ന ഒരു സംവിധാനം കൂടി ഇന്ന് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ത്. കേന്ദ്രാവിഷ്ക്കൃത പദ്ധതികളായ പി.എം.ജി.എസ്.വൈ പോലുള്ള സാമൂ ഹ്യ ക്ഷേമ പരിപാടികൾ ഗ്രാമങ്ങളുടെ വികസനത്തിന് വേണ്ടിയുള്ള പദ്ധതി കൾ എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് ഒരുപാട് തടസ്സങ്ങളുണ്ടായിരു

ന്നു. ആ തടസ്സങ്ങൾ നീക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച് റോഡുകളുടെ വീതിയും ഉയരവും സംബന്ധിച്ച കാര്യങ്ങൾ ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻവേണ്ടി ശ്രമിക്കുകയാണ്. അതുപോലെ ഇന്നത്തെ റേറ്റിൽ റോഡുവർക്കുകൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. പല സ്ഥലത്തും റീടെണ്ടർ വിളിച്ചിട്ടും വർക്കുകൾ എടുക്കുന്നില്ല. അവിടെയാണ് സംസ്ഥാന സർക്കാർ അധികരിച്ച സംഖ്യയുടെ 40 ശതമാനം വരുന്ന സംഖ്യ സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചുകൊണ്ട് ഗ്രാമീണറോഡുകളുടെ വികസനത്തിന് ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ സഹായിക്കുമെന്ന് മനസ്സിലാക്കുകയാണ്. ഇത്തരത്തിൽ ജനോപകാരപ്രദമായ നിർദ്ദേശങ്ങൾ അടങ്ങുന്ന ഈ മൂന്നുവകുപ്പിന്റെയും ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. തിലോത്തമൻ : സർ, ധനാഭ്യർത്ഥനകളെ വളരെ ശക്തിയായിട്ട് എതിർക്കുകയാണ്. വിലക്കയറ്റത്തിന്റെ കൊടും വെയിലേറ്റ് നമ്മുടെ ജനജീവിതമാകെ അങ്ങേയറ്റം ദു:സ്സഹമാകുന്ന ഒരു സാഹചര്യത്തിൽ ഇവിടെ മന്ത്രിമാരടക്കം പറഞ്ഞുകൊണ്ടിരിക്കുന്നത് വളരെ നേരിയ ഒരു വിലക്കയറ്റമേ ഉണ്ടായിട്ടുള്ളു പ്രശ്നങ്ങളൊന്നും ഇല്ലെന്നാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. സണ്ണി ജോസഫ് വളരെ സമർത്ഥനായ ഒരു വക്കീലാണെന്ന് തോന്നുന്നു. അദ്ദേഹം കഴിഞ്ഞ കുറെ ദിവസങ്ങളായി സമർത്ഥമായിട്ട് വാദിക്കുന്നുണ്ട്. അത് വീണ്ടും ഇവിടെ ആവർത്തിച്ചു. ഏത് രംഗത്താണ് വില വർദ്ധിക്കാതെയുള്ളത്. നമ്മൾ എല്ലാവരും പോയി ഭക്ഷണം കഴിക്കുന്ന ഇന്ത്യൻ കോഫി ഹൗസിലെ കാര്യങ്ങൾ ശ്രീമതി പി. അയിഷാ പോറ്റി ഇവിടെ പറഞ്ഞു. മീൻ കറിയോടെ ഊണ് കഴിക്കണമെങ്കിൽ 60 രൂപ വേണം. ആ മീൻകറിക്കകത്താണെങ്കിൽ മീനിനെ അന്വേഷിച്ചാൽ മിക്കവാറും കടത്ത് കമ്പിൽ നമ്മൾ തിരിച്ചു വരേണ്ടിവരും. കഷ്ണം മിക്കവാറും കാണാറില്ല. ഇത്രയും വലിയൊരു വിലക്കയറ്റം നമ്മുടെ നാട് ഇതിനു മുമ്പ് കണ്ടിട്ടുണ്ടോ? എന്റെ നാട്ടിൽ ഏത്തക്കായ്ക്ക് 40 രൂപ, ഞാലി പൂവന് – 38 രൂപ, പൂവൻ പഴത്തിന് 32 രൂപ, പച്ചമുളകിന് – 55 രൂപയാണ് വില. തിരുവനന്തപുരത്ത് അതിനേക്കാൾ കൂടും. ഞാൻ ഇന്നലെ ചേർത്തലയിൽനിന്നും പച്ചക്കറികളുടെ വില ശേഖരിക്കുകയുണ്ടായി. ഇഞ്ചി – 40 രൂപ, വെണ്ടയ്ക്ക – 20 രൂപ, ബീൻസ് – 30 രൂപ, തക്കാളി – 24 രൂപ, ക്യാരറ്റ് –44 രൂപ, പാവയ്ക്ക 40 രൂപ, എന്തൊരു വിലയാണിത്. ഈ അതിഭയങ്കരമായ വിലക്കയറ്റം നമ്മുടെ നാട്ടിലുണ്ടാകുമ്പോൾ പൊതു വിപണിയിൽ ഇടപെടാൻവേണ്ടിയുള്ള സംവിധാനമാണ് സർക്കാർ എല്ലായെപ്പോഴും ചെയ്യുന്നത്. ഇവിടെയുള്ള സപ്ലൈകോ ആണെങ്കിലും പൊതുവിതരണ മേഖലയാണെങ്കിലും എത്ര നിസ്സംഗമായിട്ടാണ്

ഇത്തരം അവസ്ഥയെ നേരിടുന്നത്. ഇന്നലെ ലാഭം മാർക്കിറ്റിൽനിന്നും ലഭിച്ച വിലയെക്കുറിച്ച് സൂചിപ്പിക്കാം.. പൊതു മാർക്കറ്റിൽ ജയ അരിക്ക് 25 രൂപ വിലയുള്ളപ്പോൾ ലാഭം മാർക്കറ്റിൽ 24..19 രൂപയാണ് വില. എന്തൊരു ഇടപെടാലാണ് സർക്കാർ നടത്തിയിട്ടുള്ളത്. സുരേഖ അരിയ്ക്ക് പൊതുമാർക്കറ്റിൽ 26 രൂപ വിലയുള്ളപ്പോൾ ലാഭം മാർക്കറ്റിൽ 24.95 പൈസയാണ്. എന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളത്. മല്ലിക്ക് 55 രൂപ പൊതുമാർക്കറ്റിൽ വിലയുള്ളപ്പോൾ 50.50 രൂപയാണ് ലാഭമാർക്കറ്റിലെ വില. പഞ്ചസാരയ്ക്ക് 32 രൂപയുള്ളപ്പോൾ ലാഭം മാർക്കറ്റിൽ 25 രൂപ. ഇതിൽ ചെറിയൊരു വ്യത്യാസമുണ്ടെന്ന് വേണമെങ്കിൽ പറയാം. ചെറുപയർ 62 രൂപ പൊതുമാർക്കറ്റിലെങ്കിൽ ലാഭം മാർക്കറ്റിൽ 50 രൂപ. തേയിലയ്ക്ക് 125 രൂപ പൊതുമാർക്കറ്റിൽ വിലയുള്ളപ്പോൾ ലാഭം മാർക്കറ്റിലെ വില 119 രൂപ. കടല, വൻപയർ, ചെറുപയർ എന്നീ സാധനങ്ങൾ കഴിഞ്ഞ ആറു മാസമായി ലാഭം മാർക്കറ്റിൽ കിട്ടാനില്ല. എന്ത് ഇടപെടലാണ് സർക്കാർ നടത്തിയെന്ന് പറയുന്നത്. അദ്ദേഹം കഴിഞ്ഞ ദിവസം ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് പറഞ്ഞത് നേരിയ വില വർദ്ധനവാണുണ്ടായിട്ടുള്ളതെന്നാണ്. ഞങ്ങളെല്ലാം ചിരിക്കുകയായിരുന്നു. അദ്ദേഹം എവിടെയാണ് ജീവിക്കുന്നത്? ഏതോ സ്വപ്ന ലോകത്ത് ജീവിക്കുന്നുവെന്നല്ലേ ഇതിനർത്ഥം. ഇന്ന് ഇത് യാഥാർത്ഥ്യമല്ലേ!. അതിഭയങ്കരമായ വിലക്കയറ്റം കൊണ്ട്, അതിന്റെ മഴവെള്ള പാച്ചിലിൽ ഇന്ത്യൻ ജീവിതമാകെ ഒലിച്ചു പോകുന്ന അവസ്ഥയല്ലേ? എന്താണ് ഇതേക്കുറിച്ച് ഇവർക്ക് പറയാനുള്ളത്. വേറെ ധാരാളം കാര്യങ്ങൾ പറയാനുണ്ടാകും. എന്നാൽ മാവേലി സ്റ്റോറിലെ ഉല്പന്നങ്ങളുടെ ക്വാളിറ്റി ആരാണ് പരിശോധിക്കുന്നത്? മാവേലി സ്റ്റോറിലാണെങ്കിലും ലാഭം മാർക്കറ്റിലാണെങ്കിലും സപ്ലൈക്കോ മാർക്കറ്റിലാണെങ്കിലും

വിൽക്കുന്ന ഉല്പന്നങ്ങളെല്ലാം മിശ്രിതമായ ഉല്പന്നങ്ങളാണ്. നല്ല ബ്രാന്റഡ് ഉല്പന്നങ്ങൾക്കുപകരം ഡ്യൂപ്ലിക്കേറ്റ് ഉല്പന്നങ്ങൾ ബ്രാന്റഡായിട്ട് കൊണ്ടുവന്നു വിൽക്കുകയാണ്. എത്ര വലിയ തീവെട്ടിക്കൊള്ളയാണ് അവിടെ നടക്കുന്നത്. നമ്മുടെ പൊതുവിതരണ മേഖലയെ ഇതുപോലെ ദുർബ്ബലമാക്കിയ ഒരു സന്ദർഭം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ കേരളം ഒരു മോഡലായി കൊണ്ടുവന്നതിൽ പൊതുവിതരണ മേഖല വഹിച്ച പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. പതിനാലായിരത്തോളം വരുന്ന റേഷൻ കടകൾ, ആയിരക്കണക്കായ പൊതു വിതരണ ശൃംഖലകൾ, ലാഭം മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളെയെല്ലാം അങ്ങേയറ്റം ദുർബ്ബലമാക്കിയ കാഴ്ചയാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും 120 –130 കോടി രൂപ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി സപ്ലൈകോ–യ്ക്ക് നൽകിയിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് ഈ വർഷത്തേയ്ക്ക് നീക്കിവച്ചത് വെറും 50 കോടി രൂപ മാത്രമാണ്. അതുകൊണ്ട് തന്നെ എന്താണ് ഇവിടെ സംഭവിക്കാൻ പോകുന്നതെന്ന് വ്യക്തമാകും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പൊതുമേഖലയെ ദുർബ്ബലമാക്കി ജനങ്ങളെ വിലക്കയറ്റത്തിന്റെ വറുതിയിലേയ്ക്ക് വലിച്ചെറിയുന്ന സ്ഥിതിയാണ് പൊതുവിൽ കാണാൻ കഴിയുന്നത്. റേഷൻ കടയിൽ ഒരു രൂപയ്ക്ക് അരി കൊടുക്കുന്നത് വലിയ കാര്യമായിട്ട് ശ്രീ. സണ്ണി ജോസഫ് സൂചിപ്പിക്കുകയുണ്ടായെങ്കിലും ഞാനത് കുറച്ചുകാണുകയല്ല. ഒരു രൂപയ്ക്ക് എന്ത് കിട്ടുമെന്ന് കുട്ടികളോട് ചോദ്യക്കുന്ന പരസ്യത്തിൽ ഒരു കുട്ടി പറയുന്നു ഒരു പൊട്ട് കിട്ടും. അവസാനം പറയുന്നുണ്ട് ഒരു കിലോ അരി കിട്ടുമെന്ന്. അത് ഗവൺമെന്റ് തന്നെ കൊടുക്കുന്നുണ്ട്. ആ ഒരു കിലോ അരി വേവിച്ച് ചോറാക്കി ഭക്ഷണമാക്കി തീൻമേശയിൽ എത്തണമെങ്കിൽ എത്ര രൂപ ചെലവഴിക്കേണ്ടി വരുമെന്ന് ശ്രീ.

സണ്ണി ജോസഫ് ആലോചിച്ചിട്ടുണ്ടോ? ആ ഒരു രൂപയുടെ അരി ഇവിടെ നൽകുന്നത് കേവലം 14 ലക്ഷം പേർക്കാണ്. ഐ.എ.വൈ.ക്കാരുടെ 3.5 ലക്ഷം കൂടി ചേർന്നതാണ് ഏകദേശം 20 ലക്ഷമെന്ന് നിങ്ങൾ പറയുന്നത്. എന്നാൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് രണ്ട് രൂപയ്ക്ക് അരി 45 ലക്ഷം കുടുംബങ്ങൾക്ക് കൊടുത്തിരുന്നു. വർഷാവസാനം 17 ലക്ഷംകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഗസറ്റഡ് ഓഫീസേഴ്സ് ഒഴിച്ചുള്ള മുഴുവൻ പേർക്കും പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന വർക്ക് കൊടുക്കാൻ വേണ്ടി ഗവൺമെന്റ് നിർദ്ദേശങ്ങളുമായി വരികയും ബഡ്ജറ്റിൽ പ്രൊവിഷൻ തുക നീക്കിവയ്ക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്ന ആകെ ഐ.എ.വൈ.കാർഡ് ഉടമകൾക്ക് ഉൾപ്പെടെ ആണ് 20 ലക്ഷം ചൂണ്ടിക്കാണിക്കുന്നത്. അതിനേക്കാളും അഭിമാനകരമായ സ്ഥിതി വേറെയെന്തുണ്ട്? ഇന്ന് നിങ്ങൾ എന്തിന് റൊട്ടി കഴിക്കണം കേക്ക് കഴിച്ചുകൂടെ എന്ന് അദ്ദേഹം ചോദിച്ചു. വളരെ ശരിയാണ്. ഫ്രാൻസിലെ രാജ്ഞി ഫ്രാൻസിലെ ജനതയോടാണ് ചോദിച്ചത്, പട്ടിണികൊണ്ട് ദാരിദ്ര്യ ത്തിന്റെ കൊടുമുടിയിൽ നിൽക്കുന്ന, വല്ലാത്ത അധ:പതനത്തിൽ ജനങ്ങ ളോട് അവർ ചോദിച്ച ക്രൂരമായ ഒരു ചോദ്യമാണ്. നമ്മൾ എന്നും സ്മരി ക്കുന്ന ഒരു കാര്യമാണ്. എന്നാൽ ശ്രീ. കെ.വി.തോമസ് അതല്ല ചോദിക്കുന്ന ത്. റേഷൻ കാർഡിന് ആട്ട തരാം ഒരു രൂപയ്ക്ക് കൊടുക്കുന്ന ഗോതമ്പ് റേഷൻ കടവഴി അത് ആട്ടയാക്കി വരുന്നതിന് 12 രൂപയാണ് കൊടുക്കാൻ പോകുന്നത്. ഇപ്പോൾ തന്നെ റേഷൻകടയിലൂടെ കൊടുക്കുന്ന ആട്ട വാങ്ങാൻ ആളില്ല. ആർക്കും അത് വേണ്ട. എന്നാലും അവരുടെ തലയിൽ കെട്ടി വയ്ക്കുകയാണ്. 25 കിലോ അരി കൊടുക്കുന്നത് അടുത്ത മാസം 24 കിലോയാക്കി കുറയ്ക്കാൻ പോവുകയാണ്. 25 കിലോ അരികൊടുക്കുന്നത്

അടുത്ത മാസം മുതൽ 24 കിലോയാക്കാൻ റേഷൻ കടകൾക്ക് നിർദ്ദേശം വന്നിരിക്കുന്നു. ഗോതമ്പ് അടുത്ത മാസം മുതൽ 5 കിലോ, രണ്ട് രൂപയ്ക്കുള്ള അരി പരമ്പരാഗത മേഖലയിലുള്ളവർക്ക് കുറവുണ്ട്, മണ്ണെണ്ണ ഒരു ലിറ്ററെന്നുള്ളത് കഴിഞ്ഞ രണ്ട് മാസം അര ലിറ്ററല്ലേ കൊടുത്തുകൊണ്ടിരുന്നത്. ഇപ്പോൾ റേഷൻ കടവഴി 57 രൂപയുടെ മണ്ണെണ്ണ വരുന്നു. അത് രണ്ട് ലിറ്ററിന് 114 രൂപ മുടക്കിയാൽ 56 രൂപ സബ്സിഡി കിട്ടും. അത് വാങ്ങാൻ പാവപ്പെട്ടവൻ ബാങ്കിൽ പോകണം. ബാങ്ക് അക്കൗണ്ട് എടുക്കണം. അരിക്കാണെങ്കിലും ഗോതമ്പിനാണെങ്കിലും മണ്ണെണ്ണയ്ക്കാണെങ്കിലും എന്തിനാണെങ്കിലും സബ്സിഡി തുക ലഭിക്കണമെങ്കിൽ ബാങ്കിൽ പോകണമെന്ന അവസ്ഥ എത്ര നാണംകെട്ടതാണ്. കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ ഇതുപോലെ പീഡിപ്പിക്കാൻ വേറെ എന്തുണ്ട്. ഇവിടെ വിലക്കയറ്റംകൊണ്ട് പൊറുതി മുട്ടുമ്പോൾ അവരുടെ കണ്ണീരൊപ്പാൻ യാതൊരു നടപടിയും സർക്കാരിന്റെ പക്കലില്ല. ക്ഷീര വകുപ്പിനെക്കുറിച്ച് എന്തെങ്കിലും പറയാതിരിക്കുന്നത് മോശമായതുകൊണ്ട് പറയുകയാണ്. പാലിന്റെ ഉല്പാദനവും അതുസംബന്ധമായ കാര്യങ്ങളുമെല്ലാം ഇവിടെ പറഞ്ഞു കഴിഞ്ഞു. കേരളത്തിലെ ക്ഷീര കർഷകൻ അവരുടെ ജീവിത വ്യതംപോലെയാണ് പശുക്കളെ വളർത്തുന്നത്. അത് ലാഭ നഷ്ടം നോക്കിയല്ല. വലിയ വില കൊടുത്ത് കാലിത്തീറ്റ വാങ്ങി അതുപോലെ തന്നെ വമ്പിച്ച ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന പാൽ സംഘത്തിലോ മിൽമ്മയുടെ വിവിധ ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളിലോ കൊടുക്കുന്നു. അവിടെ കിട്ടുന്ന വില, വർദ്ധനവ് ഒരുപാടുണ്ടായെങ്കിലും അവന് ആകെ കൂട്ടുമ്പോൾ നഷ്ടമായിരിക്കും. എന്നാൽ ഒരു ജീവിത വ്യതം പോലെയാണ് അതിനെ കൊണ്ടുപോകുന്നത്. ആ കൃഷിക്കാരനെ സഹായിക്കാൻ എന്ത് പദ്ധതിയാണ് അങ്ങയുടെ പക്കലുള്ളത്. ക്ഷീര മേഖല

യിൽ വൻ തീവെട്ടിക്കൊള്ളയുണ്ടാകുന്നുവെന്നാണ് മാധ്യമങ്ങളിൽ വാർത്ത വന്നു കൊണ്ടിരിക്കുന്നത്. ഇന്ന് നമ്മുടെ മാർക്കറ്റിൽ പലതരത്തിലുള്ള പാൽ ലഭ്യമാണ്. എന്റെ മണ്ഡലത്തിൽ ഒരിക്കൽ ഒരു സെമിനാർ നടത്തുകയുണ്ടായി. പന്ത്രണ്ട് കടകളിൽനിന്ന് പന്ത്രണ്ട് കവർ പാൽ വാങ്ങിച്ചു. ആ പന്ത്രണ്ട് കവർ പാലും പന്ത്രണ്ട് തരത്തിലുള്ള പാലായിരുന്നു. ഉപേക്ഷിക്കപ്പെട്ട, നിരോധിക്കപ്പെട്ട, ഒരിക്കലും വിൽക്കാൻ പാടില്ലെന്ന് നാം അനുശാസിക്കപ്പെട്ട പാൽ വരെ വിവിധ ബ്രാന്റുകളിൽ വരികയാണ്. അതുകൊണ്ട് ഈ രംഗത്ത് കൃഷിക്കാരെ സഹായിക്കുന്നതോടൊപ്പം നമ്മുടെ ജനങ്ങളുടെ ആരോഗ്യത്തെ വെല്ലുവിളിക്കുന്ന ഈ അനധികൃത പാൽ, വിഷം വമിക്കുന്ന പാലുമായി എത്തുന്ന സംവിധാനത്തെ ഉൾപ്പെടെ കണ്ടുപിടിക്കാനും നേരിടാനും കഴിയുന്ന സംവിധാനം ഉണ്ടാക്കിയേ മതിയാകു. അത്തരം നടപടികളിലേയ്ക്ക് ഗവൺമെന്റ് പോകുമോ ഇല്ലയോ എന്നുള്ളതാണ് ഏറ്റവും ഗൗരവമായ ചോദ്യം. അതുകൊണ്ട് ഇതുവരെ അങ്ങനെ ഒരു നടപടിയും കൈക്കൊള്ളാത്ത സാഹചര്യത്തിൽ ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ നിശിതമായി എതിർക്കുന്നു.

ശ്രീ. എം.പി. അബ്ദു സമദ് സമദാനി: സർ, ഞാൻ സർക്കാരിന്റെ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്. ജനപക്ഷത്തുനിന്നുകൊണ്ടുള്ള ജനോപകാരപ്രദമായ നടപടികളാണ് ഇന്ന് ചർച്ച ചെയ്യപ്പെടുന്ന വിവിധ വകുപ്പുകളിൽ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മന്ത്രിമാരുടെ അത്തരം നീക്കങ്ങളെ ശ്ലാഘിക്കുവാനും ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഭക്ഷ്യ വകുപ്പിനെക്കുറിച്ച് പറയുമ്പോൾ കേരളത്തിന്റെ പ്രഗൽഭനായ ഒരു ഭക്ഷ്യവകുപ്പുമന്ത്രിയെ അനുസ്മരിച്ചുകൊണ്ട് മാത്രമേ അതിനെക്കുറിച്ച് പരാമർശിക്കുവാൻ കഴിയുകയുള്ളു. ടി.എം. ജേക്കബ്ബിനെപ്പോലെയുള്ള വളരെ ലബ്ധപ്രതിഷ്ഠനായ, പരിണിതപ്രജ്ഞനായ, പ്രഗൽഭനായ ഭരണാധികാരിയുടെ ഓർമ്മകളിൽ അദ്ദേഹത്തിന്റെ പുത്രൻ ഈ വകുപ്പിന് പുതിയ മാനം നൽകാൻ ശ്രമിക്കുന്നതിനെ അഭിനന്ദിക്കുന്നതിനുംകൂടി ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്. അറബ് ഭാഷയിൽ ഒരു പഴമൊഴിയുണ്ട്. 'പിതാവിന്റെ പൊരുളാണ് പുത്രൻ' എന്ന്. അതിനെ അന്വർത്ഥമാക്കുന്ന രീതിയിൽ ഇതിന്റെ ഭരണം മുന്നോട്ട് കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിക്കട്ടെ എന്ന് ഈ അവസരത്തിൽ ആശംസിക്കുവാനുമാഗ്രഹിക്കുന്നു. ഗ്രാമവികസന വകുപ്പിലും ക്ഷീര വകുപ്പിലുമൊക്കെ പല രീതിയിലുള്ള നടപടികൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. സണ്ണി ജോസഫ് ഗവൺമെന്റിന്റെ അത്തരം നയങ്ങളിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഇവിടെ കാര്യമാത്ര പ്രസക്തമായി സംസാരിച്ചു. ദാരിദ്ര്യം അകറ്റുക എന്നുള്ളത് തന്നെയാണ് ഭക്ഷ്യ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ പ്രധാനമായി ആലോചിക്കേണ്ടതായ വിഷയം. ദാരിദ്ര്യം തന്നെയാണ് മനുഷ്യരാശിയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

ഞാൻ കോളേജിൽ പഠിച്ചിരുന്ന കാലത്ത് യൂണിയന്റെ ഭാരവാഹിയായിരുന്ന സമയത്ത് മലയാളത്തിലെ വളരെ പ്രശസ്തനായ സാഹിത്യകാരൻ കോവിലനെ കോളേജ് യൂണിയൻ ഉദ്ഘാടനത്തിന് കൊണ്ടുവന്നപ്പോൾ അദ്ദേഹം പ്രഭാഷണം തുടങ്ങുമ്പോൾ ആദ്യം പറഞ്ഞ വാക്ക് ഞാൻ ഒരിക്കലും മറക്കുകയില്ല. " മനുഷ്യന്റെ ഏറ്റവും മൗലീകമായ പ്രേരണ വിശപ്പാണ്" എന്നു പറഞ്ഞുകൊണ്ടാണ് പ്രസംഗം തുടങ്ങിയത്. ഞാൻ അത് പലപ്പോഴും ഓർക്കാറുണ്ട്. മനുഷ്യന്റെ പ്രേരണ വിശപ്പാണെന്നാണ് അദ്ദേഹം പറഞ്ഞത്. മനുഷ്യന്റെ പ്രശ്നം വിശപ്പാണെന്നല്ല. ആ ഒരു പ്രേരണ ഏത് രീതിയിലേക്കും മനുഷ്യനെ കൊണ്ടുപോകും. നല്ലതായിട്ടുള്ള മാനങ്ങളിലേയ്ക്കും അല്ലാത്ത മാനങ്ങളിലേയ്ക്കും. അതുകൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജനം എന്നുള്ളത് മാനവരാശിയുടെ മുൻഗണനാക്രമത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരിപാടിയാണ്. ഒരു ഗവൺമെന്റിനും അത് അവഗണിക്കാൻ കഴിയില്ല. നമ്മൾ വളരെ ഗൗരവതരമായി ഭക്ഷ്യപ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ കൃഷിയെ നമുക്ക് അവഗണിക്കാൻ കഴിയില്ല. കേരളജനതയുടെ വയറ് നിറയണമെങ്കിൽ നാൽപത് ലക്ഷം ടൺ അരിവേണം. അതിൽ ആറ് ലക്ഷം ടൺ മാത്രമേ നമ്മൾ ഉൽപ്പാദിപ്പിക്കുന്നുള്ളു. ഇതാണ് അടിസ്ഥാനപരമായ പ്രശ്നം. നമ്മൾ അഭിസംബോധന ചെയ്യേണ്ട പ്രശ്നത്തിന്റെ കാതലായ വശം ഇതാണ് എന്ന് ഞാൻ വിചാരിക്കുന്നു. അതേസമയം 1960-കളിൽ ഇതായിരുന്നില്ല സ്ഥിതി. അന്ന് കുട്ടനാടും പാലക്കാടുംകൂടിതന്നെ 25 ലക്ഷം ടൺ അരി കൊടുത്തിരുന്നു. ഇന്ന് ആകെക്കൂടി കേരളം കൊടുക്കുന്നത് ആറ് ലക്ഷം ടണ്ണാണ്. അരിയുണ്ടാക്കാതെ അരി ആഹരിക്കാൻ ശ്രമിക്കുന്നവരാണ് മലയാളികൾ. അരി ഒട്ടും ഉണ്ടാക്കുന്നില്ല പക്ഷെ അരി ആഹാരത്തിൽനിന്നും

നമുക്ക് മോചനം നേടാൻ കഴിയില്ല. ഇന്ന് ലോകത്ത് എന്ത് മാറ്റങ്ങളും വരട്ടെ, ഏറ്റവും അധികം ഗവേഷണം നടക്കുന്ന ശാസ്ത്രം ജനിതക ശാസ്ത്രമാണ്. മനുഷ്യന്റെ പാരമ്പര്യം അവന്റെ ആഹാരത്തിലൂടെ തുടർന്നുകൊണ്ടിരിക്കുന്നതാണ്. കഞ്ഞി കുടിച്ച ഒരു തലമുറകളുടെ പിൻഗാമികളായി ജനിക്കുന്ന നമുക്ക് കഞ്ഞിയിൽനിന്നും ഒരു മോചനമില്ല. അരി ആഹാരത്തിൽനിന്ന് മോചനമില്ല. അത് നമ്മുടെ സ്വഭാവത്തെ, സംസ്ക്കാരത്തെ, വ്യവഹാരങ്ങളെ വീക്ഷണവിശേഷങ്ങളെ, വികാര വിചാരങ്ങളെ ഒക്കെ സ്വാധീനിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് കഴിയുന്നിടത്തോളം കൃഷി വികസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മൂന്ന് പതിറ്റാണ്ട് മുൻപ് എട്ട് ലക്ഷം ഹെക്ടർ കൃഷിസ്ഥലം ഉണ്ടായിരുന്ന കേരളത്തിൽ ഇന്ന് അത് രണ്ടര ലക്ഷമായി ചുരുങ്ങി. ഈ പ്രശ്നത്തിനാണ് പരിഹാരം കാണേണ്ടത്. കൃഷി ശാസ്ത്രീയമാക്കാനുള്ള എല്ലാ ശ്രമങ്ങളും നടക്കുന്നുണ്ട്. പക്ഷെ കാർഷിക വൃത്തി സ്വീകരിക്കുന്നവരുടെ എണ്ണം കൂട്ടാൻ നമുക്ക് സാധിക്കുന്നില്ല. വിലക്കയറ്റത്തെക്കുറിച്ച് ധാരാളം ചർച്ചകൾ ഇവടെ നടക്കുന്നു. തീർച്ചയായും നമ്മുടെ സർക്കാർ വില കൂടുന്നതിനെക്കുറിച്ച് വളരെ ബോധത്തോടുകൂടിയാണ് കാണുന്നത്. ഒരു രൂപയുടെ അരി അങ്ങനെ നിസ്സാരമാക്കി കാണാൻ കഴിയുന്ന ഒന്നല്ല. അരി വളരെ പ്രധാനപ്പെട്ട കാര്യമാണ്. കഞ്ഞി, അരി എന്നൊക്കെ പറയുന്നത് തന്നെയാണ് നമ്മുടെ അടിസ്ഥാനം. അത് ഒരു രൂപയ്ക്ക് ലഭ്യമാക്കുക എന്നുപറഞ്ഞാൽ എനിക്ക് തോന്നുന്നത് രാഷ്ട്രീയത്തിലെ ജനകീയ വിപ്ലവം അതാണെന്നാണ്. . ടി.എം. ജേക്കബ്ബും കൂടി ജീവിച്ചിരുന്ന കാലത്താണ് ഈ മഹാ വിപ്ലവം അദ്ദേഹത്തിന്റെ വകുപ്പിലൂടെ കേരളത്തിൽ വരുന്നത്. എന്നിട്ടും വില കൂടുമ്പോൾ മാവേലി സ്റ്റോറിൽ ആളുകളുടെ തിക്കും തിരക്കുമില്ല. വില കൂടുന്നതിന്റെ പിന്നിൽ കരിഞ്ചന്തയു

ടേയോ, പൂഴ്ത്തിവയ്പ്പിന്റേയോ, ഓണക്കാലത്ത് അധികം അരി വരുന്നതിനെ തടയാനുള്ളതോ ആയ വല്ല ശ്രമങ്ങളും ഉണ്ടോയെന്ന് സർക്കാർ കാര്യമായി പരിശോധിക്കണം. നമ്മൾ എല്ലാ കാര്യങ്ങൾക്കും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. അയ്യായിരം ടൺ കോഴിയിറച്ചിയാണ് മലയാളി ഒരു ദിവസം അകത്താക്കുന്നത്. തമിഴ്നാട്ടിൽനിന്നും കർണ്ണാടക യിൽനിന്നുമാണ് അതിൽ 70 ശതമാനം വരുന്നത്. അതിൽ ഒരുപാട് ആരോഗ്യ പ്രശ്നങ്ങളുണ്ട്. ഈ കോഴികളിൽ ധാരാളമായി ഹോർമോൺ, ആന്റിബയോട്ടിക്ക് എന്നിവ കുത്തിവയ്ക്കുകയാണ്. ആരോഗ്യ പ്രശ്നങ്ങളെ യാണ് ഇന്ന് വളരെ ഗൗരവത്തോടെ കാണേണ്ടത്. കേരളീയർ ഇന്ന് ഒരു രോഗാതുരമായ സമൂഹമായി മാറിക്കൊണ്ടിരിക്കുകയാണ്. രോഗാതുരമായ സമൂഹമായി മാറ്റുന്നത് നമ്മുടെ ആഹാര ശീലങ്ങളാണ്. 'ജീവിതശൈലി രോഗങ്ങൾ' എന്നാണ് അതിനെ ഓമനപ്പേരിട്ടിരിക്കുന്നത്. എന്റെ നിർദ്ദേശം അതിനെ 'ആഹാര ശൈലി രോഗങ്ങൾ' എന്ന് വിളിക്കണം. ജീവിതശൈലി യല്ല ആഹാരമാണ് പ്രശ്നം. ഒരു കാലത്ത് മലയാളികൾക്ക്. ഭക്ഷണം മരുന്നാ യിരുന്നുവെങ്കിൽ ഇന്ന് അതിനുപകരം ആഹാരം അവനെ കൊല്ലുന്ന പാഷാ ണമായിത്തീർന്നിരിക്കുന്നു. ആ പാഷാണത്തിനെതിരെയാണ് നമ്മൾ ഇന്ന് വളരെ കരുതലോടുകൂടി ചിന്തിക്കേണ്ടത്. അജിനോമോട്ടോ പോലുള്ള രുചിവർദ്ധക വസ്തുക്കളിന്നുണ്ട്. പണ്ട് വീട്ടിൽ ഒരു കോഴിയെക്കൊന്നാൽ എല്ലാവർക്കും സദ്യക്ക് അതാണ്. ആ കോഴി അപ്പുറത്തുള്ള വീടുകളി ലൊക്കെ പാറിപ്പറന്നാണ് ജീവിക്കുന്നത്. അത് കഴിക്കുന്ന ആളുകൾക്കും അതേ ഉൻമേഷം ഉണ്ടായിരുന്നു. ഇന്നത്തെ കോഴി കൂട്ടിൽ തന്നെ ജനി ക്കുന്നു അവിടെത്തന്നെ മരിക്കുന്നു. അതിനെ കഴിക്കുന്ന കുട്ടി ജെയിം

സ്ബോണ്ട് പോലെ അനങ്ങാതെ വളരെ അച്ചടക്കശീലനായി അന ങ്ങാൻപോലും കഴിയാതെയാണ് സ്ക്കൂളിൽ വരുന്നത്. മനുഷ്യന്റെ സംസ്കാരം അവന്റെ ആഹാര രീതിയുമായി വളരെ ബന്ധപ്പെട്ട് കിടക്കു കയാണ്. എല്ലാ അർത്ഥത്തിലും വിഷം ചേർക്കുന്ന കാലമാണ്, വിഷദംശന ത്തിന്റെ കാലമാണ്. ഇതിൽനിന്ന് നമ്മുടെ സമൂഹത്തെ മോചിപ്പിക്കാനാണ് ചിന്തിക്കേണ്ടത്. ആഹാരത്തിൽ നേരെചൊവ്വെ വിഷം ചേർക്കുന്നു. പല രീതിയിൽ ഹിംസയുടെ വിഷം, നമ്മുടെ സമൂഹത്തിൽ അക്രമപരത വർദ്ധിപ്പി ക്കുന്നു. രാഷ്ട്രീയത്തിൽ ചിലർ വിഷം ചേർക്കുന്നു, അക്രമ രാഷ്ട്രീയ ത്തിന്റെ വിഷം. ചിലർ അവരുടെ മതവിശ്വാസത്തിൽ വർഗ്ഗീയതയുടെ വിഷം. എല്ലാ രീതിയിലുമുള്ള വിഷദംശനങ്ങളിൽനിന്നും മോചിക്കുന്നതി നെക്കുറിച്ച് സമൂഹം ചിന്തിക്കേണ്ടതുണ്ട്. കരുതിക്കൂട്ടി നമ്മൾ രോഗം ഉണ്ടാ ക്കുന്നുണ്ട്. ഭക്ഷണത്തിൽ കളർ ചേർക്കുന്നുണ്ട്. കല്യാണങ്ങൾക്ക് പോകു മ്പോൾ കാണാൻ സാധിക്കും. ചെമ്പരത്തിപ്പൂപോലെ പൊരിച്ച കോഴിയും കോളി ഫ്ളവറും. ഇവ വർണ്ണപ്പൊലിമയിലൂടെ കണ്ണഞ്ചിപ്പിക്കുന്ന വിഭവ ങ്ങൾ വിളമ്പിവച്ച് മനുഷ്യനെ മാരകമായ രോഗങ്ങളിലേയ്ക്ക് തള്ളി വിടു കയാണ്. ഒരു കല്യാണത്തിന് പോകാതിരുന്നാൽ അത്രയും നല്ലതെന്നുള്ള താണ് നമ്മുടെ സ്ഥിതിവിശേഷം. അത്രയും ആരോഗ്യം സംരക്ഷിക്കാം. രുചി വർദ്ധക വസ്തുക്കൾ, കേടാകാതിരിക്കാനുള്ള പ്രിസർവേറ്റീവ്സ് ഇതൊക്കെ വീടുകൾക്കകത്ത് അടുക്കളയിൽവരെ ഉപയോഗിക്കാൻ തുടങ്ങി യിരിക്കുന്നു. നമ്മുടെ പാവപ്പെട്ട സ്ത്രീകളെ ബോധവൽക്കരിക്കണം. അടു ത്തകാലത്ത് ഒരു ചെറിയ സൽക്കാരത്തിന് ഞാൻ പോയപ്പോൾ, ഭക്ഷണ ത്തിൽ കളർ ചേർത്തിരിക്കുന്ന പൊടി ഞാൻ ചോദിച്ചു. അവർ ഒരു ടിൻ കൊണ്ടുവന്നുതന്നു. അത് കയ്യിൽ തൊട്ടിട്ട് ബെയ്സിനിൽപോയി സോപ്പിട്ട്

കഴുകിയിട്ട് പോലും കളർ പോയില്ല. ആ പൊടിയുടെ പേര് 'കാൻസറസ്'എന്നാണ് . 'കാൻസറസ്' എന്ന് പേരുള്ള നിറങ്ങൾ ചാർത്തി നമ്മുടെ ഭക്ഷണത്തെ വർണ്ണപ്പൊലിമയിലൂടെ കണ്ണഞ്ചിപ്പിക്കുന്നതാക്കിത്തീർക്കുമ്പോൾ നാം വലിയ വലിയ രോഗങ്ങളുടെ വാതിലുകൾ തുറക്കുന്നു എന്നുള്ളത് മനസ്സിലാക്കണം. കുറേയൊക്കെ നമ്മുടെ പാരമ്പര്യ ആഹാരങ്ങളിലേക്ക് തിരിച്ച് പോകേണ്ടി വരും. പക്ഷെ പാരമ്പര്യ ആഹാരത്തോട് പുച്ഛമുള്ള ഒരു തലമുറ വളർന്നു വരികയാണ്. കഞ്ഞി, കപ്പ ഇവയൊക്കെ കഴിക്കില്ലെന്ന് മാത്രമല്ല പുച്ഛമാണ്. സമൂഹത്തിൽ ഏറ്റവും മോശപ്പെട്ട സാധനമാണ് കഞ്ഞിയെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. 'ആളൊരു കഞ്ഞിയാണ്' എന്നാണ് ഏറ്റവും മോശപ്പെട്ടവനെപ്പറ്റി പറയുക. കഞ്ഞി എന്നുപറഞ്ഞാൽ നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനമാണ്. മരുന്നാണ് കഞ്ഞി. 'കഞ്ഞി മുട്ടുമല്ലോ, കഞ്ഞി മുടങ്ങുമല്ലോ, കഞ്ഞിയിൽ പൂഴിയിടല്ലേ' എന്നൊക്കെ പറഞ്ഞാൽ അവിടെ കുടിക്കുന്ന കഞ്ഞി മാത്രമല്ല. അത് ഉപജീവനമാണ്. കഞ്ഞിയിൽ പാറ്റയിടല്ലേ എന്നൊക്കെ പറയാറുണ്ട്. അത് ഒരു സംസ്ക്കാരത്തിന്റെ പ്രശ്നമാണ്. ഞാൻ ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയാണ്. ആഹാരത്തെ മാറ്റി അതിലൂടെ മലയാളിയുടെ സംസ്കാരത്തെ മാറ്റാനുള്ള ശ്രമം നടക്കുന്നുണ്ട്. അത് വളരെ കരുതലോടുകൂടി നമ്മൾ ചെറുക്കേണ്ടതാണ്. ഒരു തുരുത്ത് നമ്മൾ തീർക്കണം. പാലിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വ്യാവസായിക മേഖലയിലുള്ള പശുക്കൾക്ക് അതിന്റെ പാലിൽ ഖനലോഹങ്ങൾ കാണപ്പെടുന്നു. തൃശ്ശൂർ വെറ്ററിനറി സർവ്വകലാശാല നടത്തിയ ഗവേഷണത്തിൽ പാലിൽ കറുത്തീ

യം, കാഡ്മിയം, ആന്റിബയോട്ടിക്സ് ഇവയൊക്കെ കണ്ടെത്തിയിട്ടുണ്ട്.. വൃക്ക, കരൾ, ശ്വാസകോശ രോഗങ്ങൾ ഉണ്ടാക്കുന്ന പല സാധനങ്ങളും അതിൽ കണ്ടെത്തിയിരിക്കുന്നു. ദക്ഷിണേന്ത്യയിൽ ഏറ്റവും മോശപ്പെട്ട പാൽ വിതരണം ചെയ്യുന്ന സ്ഥലം കേരളമാണെന്ന് എഫ്.എസ്.എസ്.എ.ഐ എന്നു പറയുന്ന ഭക്ഷ്യ സുരക്ഷാ ഗുണനിലവാര പരിശോധനാ അതോറിറ്റി കണ്ടെത്തിയിട്ടുണ്ട്. മിൽമ ഫ്രെഷ് ആന്റ് പ്യുവർ മിൽക്ക് എന്നുപറഞ്ഞ് പാൽപ്പൊടി കലക്കി വിൽക്കുന്നതിനെതിരെ കോടതിയുടെ വിലക്കുണ്ട്. കോടതിക്ക് വിധിപറയേണ്ടിവന്നു. ഈ രീതിയിൽ നടക്കുന്ന മായം ചേർക്കൽ എവിടെ കൊണ്ടുപോയിച്ചെന്ന് എത്തിക്കുമെന്നുള്ളത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. പാലിൽ രാസവസ്തുക്കൾ ചേർക്കുന്നുണ്ട്. കൊഴുപ്പ് വർദ്ധിപ്പിക്കുന്നതിന് പലതും ചേർക്കുന്നുണ്ട്. പാൽപ്പൊടി ചേർക്കുന്നുണ്ട്. ഇതിനൊക്കെ പുറമേയാണ് കേടാകാതിരിക്കാനുള്ള മിശ്രിതങ്ങൾ ചേർക്കുന്നത്. എന്തിലാണ് ഇനി വിഷം ചേർക്കാൻ ബാക്കിയുള്ളത്. പുഴയുടെ വെള്ളത്തിൽ വിഷം, കുടിക്കുന്ന വെള്ളത്തിൽ വിഷം, ശ്വസിക്കുന്ന വായുവിൽ വിഷം. മാതാവിന്റെ അമ്മിഞ്ഞപ്പാൽ മാത്രമായിരുന്നു. അതിലും വിഷം ചേർത്തു. കാരണം, മാതാവ് കഴിക്കുന്ന ഭക്ഷണത്തിലൂടെ കുട്ടിക്ക് വിഷം കൊടുക്കുകയാണ്. മാതാവിന്റെ മാറിടം ചുരത്തുന്ന അമ്മിഞ്ഞപ്പാലിലും വിഷം കലരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസവിച്ച് പുറത്തേയ്ക്ക് വരുന്ന കുഞ്ഞിന് എന്തെങ്കിലും അസുഖമുണ്ടാകുന്നത് ആ കുഞ്ഞ് എന്തെങ്കിലും തെറ്റായ ആഹാരം കഴിച്ചിട്ടല്ല, മാതാപിതാക്കളുടെ ആഹാരശൈലിയിൽനിന്ന് കടംകൊണ്ടതാണെന്ന് പഠനങ്ങളിൽ പറയുന്നു. വളരെ ഗുരുതരമായ ഒരു പ്രതിസന്ധിയിലേയ്ക്ക് നമ്മെ എത്തിക്കുമ്പോഴാണ് നമ്മൾ നമ്മുടെ ഗ്രാമത്തെപ്പറ്റി ചിന്തിക്കുന്നത്. ഗ്രാമവികസനം എന്ന് അർത്ഥമുള്ള സാമൂഹ്യവിക

സനം കൂടി ചർച്ച ചെയ്യപ്പെടുന്ന ഒരു സമയമാണിത്. ഗ്രാമങ്ങളിൽ നിന്ന് ആളുകൾ ചേക്കേറുകയാണ്. പട്ടണത്തിൽ എന്തോ ഉണ്ടെന്ന മട്ടിൽ ആളുകൾ പട്ടണങ്ങളിലേയ്ക്ക് ചേക്കേറുമ്പോൾ ഗ്രാമീണത, ഗ്രാമീണ വിശുദ്ധി, ഗ്രാമത്തിന്റെ ശാലീനതയും തനിമയുമൊക്കെ ആഹാരത്തിലും ജീവിത രീതിയിലുമൊക്കെ നഷ്ടപ്പെടുകയാണെന്ന് കാണാൻ കഴിയും. വൈലോപ്പിള്ളി പറഞ്ഞത്, 'ഏത് ദൂസര സങ്കല്പങ്ങളിൽ വളർന്നാലും, ഏത് യന്ത്രവത്കൃത ലോകത്ത് പുലർന്നാലും നീ ഗ്രാമത്തിന്റെ വിശുദ്ധി കൈവെടിയരുതെന്നാണ്'. അത് നമ്മൾ ഒരു മന്ത്രംപോലെ സ്വീകരിക്കേണ്ടിവന്നിരിക്കുന്നു. കാരണം, അല്ലെങ്കിൽ നമ്മൾ വലിയ വില കൊടുക്കേണ്ടിവരും. ഹോട്ടലിലെ വിലയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഹൈക്കോടതിപോലും അതിൽ ഇടപെടേണ്ട സാഹചര്യമുണ്ടായി. ഒരു ഭാഗത്ത് മായം, മറുഭാഗത്ത് മാലിന്യം. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും മലിനീകരണം നടക്കുകയാണ്. ഒരു ജനത മാറുന്നത് രണ്ട് കാര്യങ്ങളിലാണ്. ഒന്ന് ബുദ്ധി, മറ്റൊന്ന് ആമാശയം. ബുദ്ധിയും ചിന്തയും മാറുമ്പോൾ ഒരു ജനത മാറും. പണ്ടൊരു നമ്പൂതിരി ഒരാളെ ആക്ഷേപിച്ച് 'കുമ്പളങ്ങ, മത്തങ്ങ' എന്നൊക്കെ വിളിച്ചു. അയാൾ വളരെ ആക്ഷേപമായി നമ്പൂതിരിയെ വളരെ തെറ്റായ പദങ്ങൾ വിളിച്ചു. അത് കണ്ടുനിന്ന ഒരാൾ ചോദിച്ചു, അല്ല തീരുമേനീ, അങ്ങയെ ഇയാൾ ഇത്ര മോശമായ പദങ്ങൾ വിളിക്കുമ്പോൾ നിങ്ങൾ അദ്ദേഹത്തെ കുമ്പളങ്ങ, മത്തങ്ങ എന്നൊക്കെയാണല്ലോ വിളിക്കുന്നത്? നമ്പൂതിരി പറഞ്ഞു, 'അവൻ തിന്നുന്നത് അവൻ പറയുന്നു, നോം തിന്നുന്നത് നോമും പറയുന്നു'. ഓരോരുത്തരും തിന്നുന്നതാണ് വാക്കിലും സംസാരത്തിലുമൊക്കെ വരുന്നത്. അത്

മനുഷ്യന്റെ സംസ്കാരത്തെ വളരെയേറെ സ്വാധീനിക്കും. അതുകൊണ്ട് നാം നമ്മുടെ ആഹാര രീതിയെ നമ്മുടെ തനിമയിൽ പുനഃസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകട്ടെ എന്ന അപേക്ഷയോടെ ഒരിക്കൽക്കൂടി മന്ത്രിമാരെ അഭിനന്ദിച്ചുകൊണ്ട് ഗ്രാമവികസനത്തിൽ ശ്രീ. കെ.സി. ജോസഫ് നടത്തുന്ന വളരെ സോദ്ദേശപരമായ സംരംഭങ്ങളെ പിന്തുണച്ചുകൊണ്ട് നേരത്തെ സൂചിപ്പിച്ചതുപോലെ ഭക്ഷ്യ വകുപ്പിൽ നടക്കുന്ന ഒരുപാട് പുതിയ ശ്രമങ്ങളെ, സാധാരണക്കാർക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുന്നു.

ശ്രീമതി ജമീലാ പ്രകാശം : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ജൂൺ 2–ാം തീയതി നടന്ന നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.–ന്റെ സ്ഥാനാർത്ഥിയെ ജയിപ്പിച്ചുതന്നതിനുവേണ്ടി നെയ്യാറ്റിൻകര താലൂക്കിലെ മുഴുവൻ ജനങ്ങൾക്കും കേരളം ഭരിക്കുന്ന യു.ഡി.എഫ്. സർക്കാരും കേന്ദ്രം ഭരിക്കുന്ന യു.പി.എ. സർക്കാരും ചേർന്ന് ഒരു വമ്പിച്ച സമ്മാനം നൽകാൻ പോകുകയാണ്. വളരെ നന്ദി. ഓഗസ്റ്റ് 1–ാം തീയതി മുതലാണ് ഈ സമ്മാനം കൊടുക്കാൻ പോകുന്നത്. അതായത് പരീക്ഷണാടിസ്ഥാനത്തിൽ കമ്പോള വിലയ്ക്ക് മണ്ണെണ്ണ വിൽപ്പന നടപ്പിലാക്കാനുള്ള ഒന്നാമത്തെ താലൂക്കായി നെയ്യാറ്റിൻകരയെ തെരഞ്ഞെടുത്തിരിക്കുകയാണ്. വീട്ടിൽ വൈദ്യുതി കണക്ഷനുള്ള ഒരു റേഷൻ കാർഡ് ഉടമയ്ക്ക് ഇപ്പോൾ 14.50 രൂപയ്ക്ക് കിട്ടുന്ന ഒരു ലിറ്റർ മണ്ണെണ്ണ ഇനി മുതൽ 57 രൂപയും വൈദ്യുതി ഇല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് 58 രൂപയ്ക്ക് കിട്ടുന്ന നാല് ലിറ്റർ മണ്ണെണ്ണ ഇനി മുതൽ 228 രൂപയും കൊടുത്താലേ റേഷൻ കടകളിൽനിന്ന് കിട്ടൂ. വളരെ നന്ദി. വർദ്ധിപ്പിച്ചിരിക്കുന്ന തുക സബ്സിഡിയായി കൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് പറയുന്നെങ്കിലും കാർഡുടമകൾ എല്ലാവരും ബാങ്ക് അക്കൗണ്ട് തുടങ്ങി ആ അക്കൗണ്ട് അവർ റേഷനിംഗ് ഓഫീസിൽ അറിയിച്ചെങ്കിൽ മാത്രമേ ആ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡി സർക്കാർ കൊടുക്കുകയുള്ളു. എത്ര ദിവസങ്ങൾക്കിടയിൽ ഇത് കൊടുക്കുമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. തമിഴ്നാടും കർണ്ണാടകവും ഈ പദ്ധതിയെ എതിർക്കുമ്പോൾ നമ്മുടെ ഭക്ഷ്യ വകുപ്പ് സെക്രട്ടറി ഈ കേന്ദ്ര തീരുമാനത്തെ അംഗീകരിച്ചുവെന്ന ആക്ഷേപമുണ്ട്. എന്തായാലും യു.ഡി.എഫ്. നെ കടത്തിവിട്ട നെയ്യാറ്റിൻകര താലൂക്കിലെ ജനങ്ങൾക്ക് ആ ഉദ്ദിഷ്ട കാര്യത്തിന്

ഉമ്മൻ ചാണ്ടി സർക്കാർ കാണിക്കുന്ന ഈ ഉപകാര സ്മരണ അല്പം കടുപ്പ മായിപ്പോയി എന്ന് ഈ താലൂക്കിലെ റേഷൻ കാർഡുള്ള ഒരു വോട്ടർ എന്ന നിലയിൽ ഞാൻ എന്റെ പ്രതിഷേധം അറിയിക്കുകയാണ്. 2009-ലെ പൊതു തെരഞ്ഞെടുപ്പ് കാലത്ത് തങ്ങൾ വീണ്ടും അധികാരത്തിലേറിയാൽ ഭക്ഷ്യ സുരക്ഷാ നിയമം കൊണ്ടുവന്ന് എല്ലാവരേയും രക്ഷിക്കുമെന്ന് പറഞ്ഞ സർക്കാർ വർഷം മൂന്നായിട്ടും ഇതുവരെ ആ ലക്ഷ്യത്തിനടുത്ത് എത്തിയിട്ടി ല്ല. 1980 മുതൽ 1990 വരെയുള്ള കാലങ്ങളിൽ പ്രതീശീർഷ ഭക്ഷ്യലഭ്യത ഒന്നേ കാൽ ശതമാനംവച്ച് വർഷംതോറും വർദ്ധിച്ചുവന്നെങ്കിൽ അത് 1990-ന് ശേഷം കാൽ ശതമാനത്തിൽ കൂടുതൽ താഴോട്ട് വരികയാണ്. ഈ അവസ്ഥ ഗുരുതരമാണെന്ന് അറിഞ്ഞിട്ട് 77 ശതമാനം ജനങ്ങളും 22 രൂപയിൽ താഴെ മാത്രം വരുമാനം ലഭിക്കുന്നവരായിട്ടുള്ള ഈ രാജ്യത്ത് എ.പി.എൽ/ബി.പി. എൽ. വ്യത്യാസമില്ലാതെ റേഷനിംഗ് സാർവ്വത്രികമാക്കാൻ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നതാണ് എന്റെ ആവശ്യം. മത്സ്യബന്ധന ത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് കോർപ്പേറേ ഷൻ വഴി ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കാൻപോലും ഇപ്പോൾ സാഹചര്യം ഇല്ലാതെ വന്നിരിക്കുന്ന സമയത്ത് കരിഞ്ചന്തയിൽ കൂടിയ വിലയ്ക്ക് എത്ര മണ്ണെണ്ണ വേണമെങ്കിലും കിട്ടുമെന്നുള്ള സ്ഥിതി എങ്ങനെയാണ് വന്നിട്ടു ള്ളത്? രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്താനായി മുമ്പൊരിക്കലും ഇല്ലാത്ത വിധം പോലീസിനെയും അധികാരത്തെയും ദുർവിനിയോഗം ചെയ്തുകൊണ്ടിരിക്കുന്ന ഈ സർക്കാരിന് കരിഞ്ചന്ത/പൂഴ്ത്തിവെയ്പ് മാഫിയകളെ കണ്ടുപിടിക്കാൻകൂടി ആ അധികാരം ഉപയോഗിച്ചുകൂടേ? തമിഴ് നാട്ടിലും കർണ്ണാടകത്തിലും എട്ടും ഒമ്പതും ലിറ്റർ മണ്ണെണ്ണ ഓരോ കാർഡുട മകൾക്കും കൊടുക്കുമ്പോൾ ഇവിടെ അതിന്റെ പകുതിപോലും മണ്ണെണ്ണ ലഭി

ക്കുന്നില്ല. എൽ.ഡി.എഫ്. ഭരണകാലത്ത് ഒരു മുടക്കവുമില്ലാതെ ഒന്നാം ക്ലാസ്സുമുതൽ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് അരി, പയർ തുടങ്ങിയ സാധനങ്ങൾ സപ്ലൈകോ വഴി കൊടുത്തുകൊണ്ടിരുന്നു. കൂടാതെ പാൽ, മുട്ട, മറ്റ് ചെലവുകൾക്കുള്ള പണം എന്നിവയും കൊടുത്തുകൊണ്ടിരുന്നു. പക്ഷേ ഈ സർക്കാർ വന്നശേഷം അരി മാത്രം കൊടുക്കാൻ തീരുമാനിച്ചു. കുട്ടി ഒന്നിന് ബാക്കി എല്ലാത്തിനുംകൂടി അഞ്ച് രൂപ. ഇതൊരു ജനാധിപത്യ സർക്കാരിന് കുഞ്ഞുങ്ങളോട് ചെയ്യാവുന്ന ഏറ്റവും ക്രൂരമായ നടപടിയാണ്. ബാക്കി തുകയ്ക്ക് പഞ്ചായത്തിനോടോ മറ്റ് ഏജൻസികളോടോ ചോദിക്കണ മെന്നാണ് പറയുന്നത്. എത്രയും പെട്ടന്ന് ആ പഴയ സമ്പ്രദായം ഇവിടെ പുന:സ്ഥാപിച്ചു തരണം. കൂടാതെ ബുദ്ധിസ്ഥിരതയില്ലാത്ത കുട്ടികൾക്കു വേണ്ടി ആരംഭിച്ച ബഡ്സ് സ്കൂളുകളിൽ ഇനി മുതൽ ആഹാരത്തിനുള്ള അരിയും പയറും ലഭ്യമാക്കുകയില്ലെന്നാണ് പറയുന്നത്. ആ തീരുമാനം എത്രയും പെട്ടന്ന് റദ്ദാക്കണം. കേരളത്തിലും കേന്ദ്രത്തിലും ഒരേ കക്ഷി ഭരി ക്കുന്നതുകൊണ്ടാണോ ഈ മണ്ണെണ്ണ വിഹിതം ഇവിടെ 37 ശതമാനം വെട്ടി ക്കുറച്ചത്? 18 സംസ്ഥാനങ്ങളിൽ ആ ക്വാട്ട നിലനിർത്തിക്കൊടുത്തത്. കേരള ത്തിലെ സപ്ലൈകോയുടെ ബഡ്ജറ്റിലും തുക കുറച്ചു. പിറവം ഇലക്ഷന് തൊട്ടുമുമ്പ്, മന്ത്രിക്ക് അത് അറിയില്ലായിരിക്കും. അദ്ദേഹം അന്ന് നിയമസഭ യിലും മന്ത്രിസഭയിലും ഇല്ല. ഉയർന്ന വില കൊടുത്ത് പല സാധനങ്ങളും ടെണ്ടറിംഗ് രീതിപോലും അട്ടിമറിച്ചുകൊണ്ട് വാങ്ങിയെന്ന ആക്ഷേപമുണ്ട്. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് നടന്നത്. ഇതേപ്പറ്റി അന്വേഷിച്ച് ഒരു റിപ്പോർട്ട് വയ്ക്കാൻ എല്ലാ കാര്യത്തിലും വിവാദങ്ങൾ കണ്ടുകൊണ്ടിരി ക്കുന്ന മുഖ്യമന്ത്രി തയ്യാറാകണം. സിവിൽ സപ്ലൈസ് വകുപ്പിൽ നടന്നിരി ക്കുന്ന ചെറിയൊരു അനോമലി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വളരെ

കാര്യമായി ഇത് എടുക്കണം. കേരള സിവിൽ സപ്ലൈസ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം താലൂക്ക് സപ്ലൈ ഓഫീസറേയും സമാന തസ്തികകളിലേയ്ക്കുമുള്ള അപ്പോയിന്റിംഗ് അതോറിറ്റി ബോർഡ് ഓഫ് റവന്യു സിവിൽ സപ്ലൈസ് ആയിരുന്നു. ബോർഡ് ഓഫ് റവന്യു അബോളിഷിംഗ് ആക്ട് നിലവിൽ വന്നതിനെത്തുടർന്ന് ബോർഡ് ഓഫ് റവന്യുവിന് ഉണ്ടായിരുന്ന അധികാരങ്ങൾ സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നൽകി. സ്പെഷ്യൽ റൂൾസിൽ ആവശ്യമായ അമെന്റ്മെന്റ്സ് ഒന്നും വരുത്താതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 29/12 –ൽ ഒരു എക്സിക്യൂട്ടീവ് ഓർഡർ കൊണ്ടുവന്നു. അതനുസരിച്ച് നിയമനാധികാരം സിവിൽ സപ്ലൈസ് ഡയറക്ടർക്ക് കൊടുത്തു. ഈ എക്സിക്യൂട്ടീവ് ഉത്തരവിന്റെ പിൻബലത്തിൽ സിവിൽ സപ്ലൈസ് ഡയറക്ടർ നടത്തുന്ന താലൂക്ക് സപ്ലൈ ഓഫീസറുടേയും സമാന തസ്തികകളുടേയും നിയമനങ്ങൾ ചട്ട വിരുദ്ധമാണ്. ആരെങ്കിലും ഇക്കാര്യത്തിൽ കോടതിയിൽ പോയാൽ എക്സിക്യൂട്ടീവ് ഓർഡറിന്റെ മാത്രം പിൻബലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നടത്തുന്ന ഈ നിയമനങ്ങൾ നിലനിൽക്കില്ലെന്ന് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. പാൽ ഒരു സമ്പൂർണ്ണ ആഹാരമാണ്. മായം ചേർത്ത നിരോധിക്കപ്പെട്ട ബ്രാന്റ് പാലുകൾ വിൽക്കുന്നത് തടയാൻ സർക്കാർ ശ്രമിക്കുന്നതേയില്ല. മാത്രമല്ല, തമിഴ്നാട്ടിൽ നിന്നും വ്യാജ പാൽ വരുന്നുണ്ട്. അതിനെതിരായി നടപടിയെടുക്കുന്നില്ല. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടത്തിപ്പ് ക്ഷീരവികസന വകുപ്പിൽനിന്ന് മാറ്റി ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കീഴിലാക്കി. അത് രണ്ട് മന്ത്രിമാർക്കും അറിവുള്ളതാണ്. മതിയായ ജീവനക്കാരും പരിശീലനം സിദ്ധിച്ച ജീവനക്കാരും ഇല്ലാത്തതിനാൽ പരിശോധന നേരാംവണ്ണം നടക്കുന്നില്ല. ഈ പാൽ കുടിക്കുന്നത് നമ്മുടെ കൊച്ചു കുഞ്ഞുങ്ങളാണ്. ഇൻഡ്യ

യിൽ ആകമാനം വിതരണം ചെയ്യുന്ന പാലിൽ 70 ശതമാനത്തോളം മായം ചേർത്തതാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും മോശപ്പെട്ട പാൽ വിൽക്കുന്നത് ഇവിടെയാണ്. ഇതിനെതിരെ ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി പറയാനുണ്ടോ? മിൽമ കർഷകരിൽനിന്നും പാൽ വാങ്ങുന്ന വില ഉയർത്തി. പക്ഷേ കാലിത്തീറ്റയ്ക്ക് വില കൂട്ടിയിട്ടും അതിന്റെ സബ്സിഡി നിർത്തലാക്കിയിട്ടും അതേ കർഷകരിൽനിന്നുതന്നെ എത്രയോ ഇരട്ടി ഇപ്പോൾ തിരിച്ച് വസൂലാക്കുകയാണ്. സാമാന്യമായ ലജ്ജപോലും ഇല്ലാത്ത ഭരണാധികാരി വർഗ്ഗമാണ്. സ്വാതന്ത്ര്യ പ്രാപ്തിയുടെ ആദ്യ ദശകങ്ങളിൽ ആവേശ ഭരിതമായിട്ടാണ് സാമൂഹ്യ ഗ്രാമവികസന പരിപാടികൾ നടന്നുകൊണ്ടിരുന്നതെന്ന് നമ്മുടെ മന്ത്രിക്ക് അറിയാം. പക്ഷേ ഇപ്പോൾ വളരെ സ്പീഡ് കുറഞ്ഞിരിക്കുകയാണ്. അത് തിരിച്ചുകൊണ്ടുവരാൻ പര്യാപ്തമാകുംവിധം നമ്മുടെ സാമൂഹ്യ വികസന വകുപ്പ് പുനഃസംഘടിപ്പിക്കുകയോ അല്ലെങ്കിൽ എൽ.ഡി.എഫ്. ഭരണ കാലത്ത് ചെയ്തതുപോലെ ത്രിതല പഞ്ചായത്തുകളുടെ ഭരണ സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഇത് നടത്തുകയോ ചെയ്യണം. ഭക്ഷണം എല്ലാവർക്കും എല്ലായ്പോഴും ആവശ്യമായ അളവിൽ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതുപോലെയുള്ള ഒരു വലിയ ഉത്തരവാദിത്തമാണ് വിഷാംശമോ അനാവശ്യ ഘടകങ്ങളോ ഇല്ലാത്ത ഭക്ഷണങ്ങൾ മാത്രം എല്ലാവർക്കും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടത്. പക്ഷേ ഈ സർക്കാർ ഈ രണ്ട് ഉത്തരവാദിത്തങ്ങളും നടപ്പാക്കുന്നതിന് അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഭക്ഷ്യവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ച നടക്കുമ്പോൾ യശ:ശ്ശരീരനായ ടി.എം. ജേക്കബ് സാറിനെ മറക്കാൻ സാധിക്കുകയില്ല. രോഗം തീർത്ത ശരശയ്യയിൽ ക്ഷീണിതനായിരുന്നുവെങ്കിലും യു.ഡി.എഫ്-ന്റെ പ്രകടന പത്രികയിൽ ജനങ്ങൾക്ക് കൊടുത്ത ഏറ്റവും വലിയ വാഗ്ദാനം പാലിക്കാനുള്ള ദൗത്യത്തിൽ കർമ്മനിരതനായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാർ പ്രതിമാസം 23 കോടി രൂപ ചെലവഴിക്കുന്ന ഒരു രൂപയ്ക്ക് അരി എന്ന ചരിത്ര പദ്ധതി യാഥാർത്ഥ്യമാക്കിയ ചാരിതാർത്ഥ്യത്തോടെയാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. 2011-സെപ്റ്റംബർ ഒന്നു മുതൽ ഒരു രൂപയ്ക്ക് അരി നൽകാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞെങ്കിൽ അതിനുപിന്നിൽ അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണ് ഒരു ധ്രുവനക്ഷത്രത്തെപ്പോലെ അദ്ദേഹം പ്രശോഭിച്ചു നിന്നത്. കർമ്മനിരതമാക്കാൻ ഒരു സർക്കാരിന് നൂറു ദിനം മതിയെന്ന ഏറ്റവും വലിയ ഉദാഹരണമാണ് ഈ പദ്ധതി. കേരള സംസ്ഥാനത്തെ പാവപ്പെട്ട 20,57,000 കുടുബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം കിട്ടുന്നു. ഈ പദ്ധതി യാഥാർത്ഥ്യമാക്കിയ ജേക്കബ് സാറിനോടുള്ള ആദരവും സ്നേഹവും ഒളിമങ്ങാതെ എന്നും ജനഹൃദയങ്ങളിലുണ്ടാകും. കല്പാന്തകാലത്തോളം നശിക്കാതെ ജ്യോതിസ്ചക്രത്തിന് മുകളിൽ ഒരു ധ്രുവനക്ഷത്രം എന്നും പ്രകാശിക്കും എന്നുതന്നെയാണ് എന്റെ വിശ്വാസം. ഭക്ഷ്യവകുപ്പിന്റെ ശുഷ്കാന്തിയോടുകൂടിയുള്ള പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഈ വകുപ്പിന്റെ ശ്രദ്ധേയമായ മറ്റൊരു നേട്ടം, അപേക്ഷിക്കുന്ന അന്നുതന്നെ റേഷൻ കാർഡ് അപേക്ഷകന് ലഭിക്കു

മെന്നുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 3,13,052 കാർഡുകൾക്കുള്ള അപേക്ഷകളാണ് കെട്ടിക്കിടന്നത്. കെട്ടിക്കിടന്ന ആ അപേക്ഷകൾക്ക് ജീവൻ വയ്പിച്ചതും മുൻഗണനാടിസ്ഥാനത്തിൽ തീർപ്പ് കല്പിച്ചതും ഈ ഗവൺമെന്റിന്റെ ധീരമായ നടപടിയാണ്. അതോടൊപ്പം തന്നെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാനും ലഭ്യത ഉറപ്പു വരുത്തുവാനും ജാഗ്രതയോടെയാണ് പ്രവർത്തിച്ചത്. കഴിഞ്ഞ എൽ.ഡി. എഫ്. ഗവൺമെന്റ് കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും മുമ്പിൽ മുട്ടുമടക്കിയെങ്കിൽ ഈ ഗവൺമെന്റ് കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പു കാരെയും നേരിടാൻ താലൂക്ക്-ജില്ലാ-സംസ്ഥാനതലങ്ങളിൽ പ്രത്യേക സമി തികൾ രൂപീകരിച്ചുകൊണ്ട് ശക്തമായ നടപടികളുമായി മുന്നോട്ടുപോകുക യാണ്. മുൻ സർക്കാരിന്റെ കാലത്തുനിന്ന് വിഭിന്നമായി പുതിയ ദിശാ ബോധം ഈ വകുപ്പിന് കൈവന്നിട്ടുണ്ടെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പനശാലകൾക്ക് ചില്ലറ വ്യാപാര രംഗത്തെ കുത്തകകളുടെ മനോഭാവ മായിരുന്നു. ഏത് വിധേനയും ലാഭമുണ്ടാക്കുന്ന ചിന്തയിലാണ് ആ സ്ഥാപനം. അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ചുപോയി. അതിന്റെ ഏറ്റവും വലിയ ഉദാഹരണം എ.ജി.യുടെ വെളിപ്പെടുത്തലാണ്. ദേശീയ പോഷകാഹാര പദ്ധതിയുടെ ഭാഗമായി ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യമായി നൽകാൻ കേന്ദ്രം നൽകിയ അരി യിൽ 1453.18 മെട്രിക് ടൺ അരി സാധാരണ അരിയാക്കി അവരുടെ വില്പനശാലകളിലൂടെ വിറ്റഴിച്ചു. യു.ഡി.എഫ്. കാലത്ത് ഈ ചീത്തപ്പേരു ണ്ടാകാതിരിക്കാൻ വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്നുതന്നെയാണ് എന്റെ വിശ്വാ

സം. സപ്ലൈകോ ഉണ്ടാക്കിയ ലാഭത്തിന്റെ കണക്കുകൾ മാത്രമല്ല പ്രധാനം. സ്ഥാപനത്തിന്റെ പ്രവർത്തനശൈലി കൂടി വിലയിരുത്തപ്പെടണം. ഈ ഗവൺമെന്റ് ഒരു തിരുത്തൽ ശക്തിയായി മുന്നോട്ടുപോകുകയാണ്. കുത്തഴി ഞ്ഞുകിടന്ന ഒരു പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്താനും വിപണിയിൽ വിലനിലവാരം നിയന്ത്രിക്കുവാനും ചുരുങ്ങിയ കാലം കൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞു. റേഷൻ കടകളിലൂടെ ഗുണമേൻമയുള്ള ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞു. മുൻകാലങ്ങളിൽ കേന്ദ്രം അനു വദിക്കുന്ന വിഹിതംപോലും വിട്ടുകൊടുക്കാൻ വീഴ്ച വരുത്തിയ ഗവൺമെന്റാണ് മുമ്പുണ്ടായിരുന്നത്. ഇത് പറയാൻ കാരണം 2006–07–ൽ കേന്ദ്ര സർക്കാർ അനുവദിച്ച 3,25,295 മെട്രിക് ടൺ ഗോതമ്പ് സർക്കാർ വിട്ടെ ടുത്തത് 2,70,674 മെട്രിക് ടൺ മാത്രമാണ്. പഞ്ചസാരയുടെ കാര്യത്തിലാ ണെങ്കിലും അതുതന്നെയാണ് കാണാൻ കഴിയുന്നത്. ഇതെല്ലാം യാഥാർത്ഥ്യ മായി നമ്മുടെ മുമ്പിൽ നിൽക്കുമ്പോൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ജീവനില്ലാത്ത വിമർശനങ്ങളുണ്ടാകുന്നത് വളരെ ദു:ഖകരമാണ്. സംസ്ഥാന ത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിനോടകം 16 മാവേലി സ്റ്റോറുകൾ പുതു തായി സ്ഥാപിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ താലൂക്കുതോറും പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കാനുള്ള തീരുമാ നത്തെ സ്വാഗതം ചെയ്യുകയാണ്. കാർഡുടമകൾക്ക് ശരിയായ അളവിലും തൂക്കത്തിലും റേഷൻ സംവിധാനം ഉറപ്പുവരുത്താൻ ബയോമെട്രിക് സംവി ധാനം ഈ ഗവൺമെന്റ് എടുത്ത ഏറ്റവും സുപ്രധാനമായ സംവിധാനമാണ്.

ഇത്തരത്തിൽ ധീരമായ നടപടികളുമായി മുന്നോട്ടുപോകുന്ന ഭക്ഷ്യ വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ക്ഷീരവികസന വകുപ്പിന്റെ കാര്യമെടുത്താൽ ചുരുങ്ങിയ കാലയളവിനുള്ളിൽ വളരെ മാതൃകാപരമായ നടപടിയാണ് വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. ക്ഷീരവികസനമേഖല നേരിടുന്ന പ്രധാന പ്രശ്നം എന്തെന്ന് വ്യക്തമായി മനസ്സിലാക്കിയതുകൊണ്ടുതന്നെയാണ് ഈ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുപോകുന്നത്. ഉത്പാദകരുടെ ചെലവുമായി ബന്ധപ്പെടുത്തി പാലിന് ന്യായമായ വില ഉറപ്പാക്കിയതോടെ സംസ്ഥാനത്ത് ഒരു ലക്ഷം ലിറ്റർ പാൽ അധികമായി സംഘങ്ങളിലൂടെ സംഭരിക്കാൻ സാധിച്ചത് നിസ്സാരകര്യമല്ല. ക്ഷീരോത്പാദക മേഖലയിൽ നിന്ന് കർഷകരെ അകറ്റി നിർത്തുന്ന പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും തീറ്റപ്പുല്ലിന്റെയും അപര്യാപ്തതയാണ്. ഈ ഒരു പ്രതിബന്ധം മുന്നിൽക്കണ്ടുകൊണ്ട് ശക്തമായ നീക്കമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ നൂറുദിന കർമ്മപരിപാടിയിൽ പ്രധാന ഇനമായി മുന്നോട്ടുവച്ചത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കാനുള്ള നടപടിയാണ്. മൂവായിരം ഹെക്ടർ പ്രദേശത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്. കർഷകർക്ക് ഹെക്ടറൊന്നിന് പതിനയ്യായിരം രൂപ വീതം സർക്കാർ സബ്സിഡി നൽകുന്നുണ്ട്. ക്ഷീരോത്പാദനത്തിൽ കർഷകരുടെ വർദ്ധിച്ച ചെലവുകൾക്ക് ഒരു കൈത്താങ്ങ് നൽകാൻ ഗവൺമെന്റിന് കഴിഞ്ഞു. സംഘത്തിൽ പാലളക്കുന്ന കർഷകന് ലിറ്ററിന് 80 പൈസ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചു. മൂന്നുലക്ഷം ക്ഷീരകർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നത്. നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഇതിനായി ആറുകോടി

രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വർഷം മുഴുവൻ സബ്സിഡി നൽക ത്തക്കവിധത്തിലുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ക്ഷീരവികസന വകുപ്പിന്റെ ഫലപ്രദമായ ഇടപെടലിന് ഫലം കണ്ടുതുടങ്ങി യിരിക്കുന്നു. അതായത് കഴിഞ്ഞ വർഷത്തേക്കാൾ മുപ്പത് ശതമാനം അധി കമായി സംഘങ്ങളിൽ പാൽ സംഭരിക്കാൻ കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഒരു വർഷം കൊണ്ട് നടപ്പാക്കിയ പദ്ധതികൾ ഈ വകുപ്പിന്റെ ഇച്ഛാശക്തി യെയാണ് എടുത്തുകാണിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന തിനുശേഷം 2908 ക്ഷീരകർഷകർക്ക് പുതുതായി ക്ഷീരകർഷക പെൻഷൻ അനുവദിക്കപ്പെട്ടു. അമ്പത് ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ ക്ഷീരകർഷകർക്ക് ആവശ്യമായ വിവരങ്ങൾ ലഭിക്കുന്നതിന് ആരംഭിച്ചുകഴി ഞ്ഞു. എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിലെ പ്രാഥമിക ക്ഷീരസംഘങ്ങൾ ശാക്തീകരിക്കുന്ന തിന് അഞ്ചുകോടി രൂപ അനുവദിച്ചത് ഏറ്റവും ശ്രദ്ധേയമായ മാറ്റമാണ്. ക്ഷീരവികസന മേഖലയിൽ ചലനാത്മകമായ മാറ്റം കണ്ടുതുടങ്ങിയിരിക്കു ന്നു. ഇടുക്കി ജില്ലയുടെ കാര്യമെടുത്താൽ മുപ്പതിനായിരം കർഷക കുടും ബങ്ങൾ പാലുത്പാദനം ഉപജീവനമായി സ്വീകരിച്ച് മുന്നോട്ടുപോകുന്നു. ജില്ലയിലെ 215-ൽപ്പരം ക്ഷീര സഹകരണ സംഘങ്ങൾ ഈ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 176 ക്ഷീര സഹകരണ സംഘങ്ങൾക്ക് മാത്രമാണ് മെച്ച പ്പെട്ട രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നത്. ഇടുക്കി ജില്ലയിൽ ഉത്പാദി പ്പിക്കുന്ന പാലിന്റെ ഇരട്ടിയിലധികം ഉത്പാദിപ്പിക്കാൻ കഴിയുന്ന ഭൗതിക സാഹചര്യം ഇന്ന് അവിടെയുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഗവൺമെന്റിന്റെ ശക്തമായ പിന്തുണയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രാഥമിക

ക്ഷീരസംഘങ്ങൾ ശാക്തികരിക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലയെക്കൂടി ഉൾപ്പെടുത്തണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ക്ഷീരോത്പാദന മേഖലയിൽ വിജയകരമായി മുന്നേറുന്ന സ്വകാര്യ ചെറുകിട ഡയറി ഫാമുകളെക്കുറിച്ച് പഠിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. അതോടൊപ്പം തന്നെ പ്രധാനപ്പെട്ട കാര്യം മൃഗഡോക്ടർമാരുടെ അഭാവം ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. അതുകൊണ്ട് ഇടുക്കി പോലെയുള്ള പ്രദേശങ്ങളിൽ പാലുത്പാദനത്തിൽ വളരെയേറെ മാറ്റങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്ന ഈ സാഹചര്യത്തിൽ മൃഗഡോക്ടർമാരെ നൽകുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. അതോടൊപ്പം ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി കാൽസ്യം, വിരമരുന്ന് എന്നിവയും കുളമ്പുരോഗം ഉൾപ്പെടെയുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്നതിന് ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ ക്ഷീരോത്പാദക സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്ന കാര്യത്തിൽ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുവേണ്ടി ഫണ്ട് കൊടുക്കുമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഫണ്ട് കൊടുക്കുന്നതിന് തടസ്സങ്ങൾ ഏർപ്പെടുത്തിയിരുന്നു. അത് മാറ്റിയെടുക്കണം. നമ്മുടെ ക്ഷീരസംഘങ്ങളിൽ വരുന്നത് പാൽ അളക്കുന്ന കർഷകർ മാത്രമാണ്. അവിടെ നല്ല കെട്ടിടം ഉണ്ടെങ്കിൽ പാലളന്ന് നല്ലനിലയിൽ സൂക്ഷിക്കാനുള്ള സൗകര്യങ്ങളുണ്ടാകും. അവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അധികം തുക കൊടുത്തില്ലെങ്കിലും രണ്ട് ലക്ഷം രൂപയിൽ അധികരിക്കാത്ത തുക എം.എൽ.എ. മാർക്ക് അവരുടെ ഫണ്ടിൽനിന്ന് കൊടുത്ത് ക്ഷീരസംഘങ്ങളെ മാതൃകാപരമായ സ്ഥാപനങ്ങളാക്കി വളർത്തി

യെടുത്ത് നല്ലനിലയിൽ കൊണ്ടുപോകുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. തീർച്ചയായും ഇത്തരം നല്ല പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ മാതൃകാപരമായ മാറ്റങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്ന ഭക്ഷ്യ വകുപ്പിനേയും അതിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിന്റെയും മുന്നോട്ടുള്ള നിലനിൽപ്പിന് നിശ്ചിതമായ നീക്കത്തിന് എല്ലാവിധ പിന്തുണയും നേരുന്നു.

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, കേരളത്തിലെ ഗ്രാമീണ തലത്തിലുള്ള ജനങ്ങളുമായി ബന്ധപ്പെടുന്ന ഒരു ജനപ്രതിനിധിക്കും അംഗീകരിക്കാൻ കഴിയാത്ത നിലപാടുകളാണ് ഭക്ഷ്യ വകുപ്പിലും ഇവിടെ ഡിമാൻഡ് അവതരിപ്പിച്ചിരിക്കുന്ന മറ്റ് വകുപ്പുകളിലും നടന്നുകൊണ്ടിരിക്കുന്നത്. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ മറന്നുകൊണ്ട് ജനപ്രതിനിധികൾക്ക് എങ്ങനെയാണ് ഇങ്ങനെ സംസാരിക്കാൻ കഴിയുന്നത്?. അത് ജനങ്ങളോടുള്ള വഞ്ചനയും ജനങ്ങളുടെ സാമാന്യ ബോധത്തെ വെല്ലുവിളിക്കുകയുമാണ് ചെയ്യുന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല. ശ്രീ. അബ്ദുസ്സമദ് സമദാനി നല്ല പ്രഭാഷകനാണ്. അദ്ദേഹം ആദ്യം മന്ത്രിമാരെ ശ്ലാഘിച്ചു. പിന്നെ അദ്ദേഹം പറഞ്ഞത് നാം കഴിക്കുന്നത് വിഷമാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുഴുവൻ നാം കഴിക്കുന്ന പാൽ, ഇറച്ചി, അരിയാഹാരം, മാർക്കറ്റിൽ കിട്ടുന്ന ആഹാര പദാർത്ഥങ്ങൾ ഇവയെല്ലാം വിഷമയമാണെന്നാണ്. വിഷം കഴിപ്പിച്ച് ജനങ്ങളെ കൊല്ലാക്കൊല ചെയ്യുന്ന ഒരു സ്ഥിതി വിശേഷം നമ്മുടെ സംസ്ഥാനത്തുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം.

മി.ചെയർമാൻ : അങ്ങനെയല്ല അദ്ദേഹം പറഞ്ഞത്. അദ്ദേഹം വേറൊരു കാഴ്ചപ്പാടാണ് പറഞ്ഞത്.

ശ്രീ. എ.കെ. ശശീന്ദ്രൻ : അദ്ദേഹത്തിന്റെ അനുഭവമല്ലേ പറഞ്ഞത്. അതുപോലെ തന്നെ അദ്ദേഹം പറഞ്ഞത് ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് അവകാശവാദം ഉന്നയിക്കുന്നുവെന്നാണ്. എന്നിട്ടും എന്തേ മാർക്കറ്റിൽ വില കുറയുന്നില്ല എന്ന ചോദ്യം അദ്ദേഹം ഈ സഭയിൽ ഉന്നയിച്ചില്ലേ? അതുതന്നെയാണ് ഞങ്ങളും ചോദിക്കുന്നത്. എന്തേ മാർക്കറ്റിൽ വിലനിലവാരം പിടിച്ചുനിർത്താൻ കഴിയുന്നില്ല എന്ന പ്രശ്നത്തിനല്ലേ ഈ

സഭ ഉത്തരം കണ്ടെത്തേണ്ടത്. അതിനുവേണ്ടി പ്രതിപക്ഷം ഇവിടെ നടത്തിയ ശ്രമങ്ങൾക്ക് ചർച്ച പോലുമില്ല എന്ന നിലപാടല്ലേ പലപ്പോഴായി ഗവൺമെന്റ് ഇവിടെ സ്വീകരിച്ചത്. ജനകീയ പ്രശ്നങ്ങളോട് ശരിയാംവണ്ണം പ്രതികരിക്കാൻ ഗവൺമെന്റ് തയ്യാറല്ല എന്നതാണ് ഭക്ഷ്യ വകുപ്പിന്റെ പ്രധാന വൈകല്യങ്ങളിലൊന്നായി ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെയാണ് സാമൂഹ്യവികസനത്തിനായി ഇവിടെ ഒരു മന്ത്രിയുണ്ട്. അതൊരു പുതിയ ഏർപ്പാടാണ്. കമ്മ്യൂണിറ്റി ഡെവലപ്മെന്റിനുവേണ്ടി മാത്രമായി ഒരു പുതിയ മന്ത്രിയെ പ്രതിഷ്ഠിക്കുക എന്നത് നല്ലകാര്യം തന്നെയാണ്. എന്നാൽ എല്ലാ എം.എൽ.എ. മാരും അന്വേഷിക്കുന്ന മറ്റൊരു കാര്യമുണ്ട്. സാമൂഹ്യവികസന വകുപ്പിൻകീഴിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ഈ വകുപ്പ് ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ; അവിടെ ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ ഉദ്യോഗസ്ഥന്മാരുണ്ടോ? കേന്ദ്രാവിഷ്കൃത പരിപാടികൾ നടപ്പിലാക്കാനാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റിനെ പ്രത്യേക വകുപ്പാക്കി മാറ്റിയിട്ടുള്ളത്. എന്നാൽ എട്ട് മീറ്റർ റോഡ് ആറ് മീറ്ററായി ചുരുക്കിയെന്നൊരു നേട്ടമുണ്ടാക്കിയെന്നാണ് പറയുന്നത്. അത് നേരത്തെ ഉണ്ടായിരുന്നതാണ്. അതിന്റെ ഓർഡർ എന്റെ കൈവശമുണ്ട്. ഏതായാലും ഞാൻ ഒരു വിവാദത്തിനില്ല. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇവിടെ എത്ര റോഡുകൾ പുതുതായി നിർമ്മിച്ച് ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താൻ സാധിക്കുമോ? "ഞങ്ങൾ വാക്കുകളിലല്ല പ്രവർത്തിയിലാണ് വിശ്വസിക്കുന്നതെന്ന്" ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ആ പ്രവർത്തിയിൽ ഒരു കൊല്ലത്തിനുള്ളിൽ ഉണ്ടാക്കിയ മാറ്റമെന്താണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞോ? മാറ്റം

ബോധ്യപ്പെടുത്തിയാൽ എല്ലാവർക്കും അത് അംഗീകരിക്കാൻ സാധിക്കുമല്ലോ; മാറ്റം ബോധ്യപ്പെടുത്താതെ ഇങ്ങനെ അവകാശ വാദങ്ങൾ ഉന്നയിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്.? ഉൽപ്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ ചർച്ചചെയ്തതുകൊണ്ട് മറ്റൊരു പ്രധാനപ്പെട്ട കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടത്തെ കർഷകർ ഉൽപ്പാദന മേഖലയിൽ നിന്ന് മാറിപ്പോകുന്ന സാഹചര്യം കണക്കിലെടുത്ത് ഭക്ഷ്യവകുപ്പും കൃഷി വകുപ്പും പ്രത്യേക താൽപ്പര്യമെടുത്ത് അവരെ കാർഷികവൃത്തിയിൽ ഉറപ്പിച്ചുനിർത്താനാവശ്യമായ ശാസ്ത്രീയ നിലപാട് സ്വീകരിക്കണമെന്ന ഒരു നിർദ്ദേശമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. മറ്റൊരു കാര്യം, കേരളത്തിൽ ഇപ്പോൾ വയോജനങ്ങൾ കൂടിക്കൊണ്ടിരിക്കുകയാണ്. നാൽപ്പത് ലക്ഷത്തിലധികം വയോജനങ്ങളാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുള്ളത്. ഈ ഗവൺമെന്റ് എങ്ങനെയാണ് അവരുടെ പ്രശ്നങ്ങൾ അഡ്രസ് ചെയ്യുന്നത്? ഒരു വൃദ്ധനയമുണ്ടാക്കിയെന്ന് പറയുമ്പോഴും വൃദ്ധജനങ്ങൾക്കുണ്ടാകുന്ന രോഗം, അവർ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടുനിൽക്കുന്ന ദുരിതാവസ്ഥ ഇവയിൽനിന്നെല്ലാം പരിരക്ഷ നൽകി അവർക്ക് സമൂഹത്തിൽ മാന്യമായി ജീവിക്കാൻ കഴിയുന്ന ഒരവസ്ഥയുണ്ടാക്കുമെന്ന് ഉറപ്പുനൽകുന്ന ആശ്വാസ നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കേണ്ട കാലം വൈകിയെന്നതുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ എല്ലാവരും രോഗാതുരമായ ഒരു സമൂഹമായി മാറിയിരിക്കുന്നുവെന്നാണ് ഭരണകക്ഷിയംഗങ്ങൾ തന്നെ പറയുന്നത്. ഭരണകക്ഷിയംഗങ്ങൾ തന്നെ നാം രോഗാതരുമായ ഒരു സമൂഹമായി മാറിയിരിക്കുന്നുവെന്നും മാർക്കറ്റിൽ വിലകുറയ്ക്കാൻ കഴിഞ്ഞിട്ടില്ലായെന്നും വാദിച്ച സ്ഥിതിക്ക് എനിക്ക് എങ്ങനെയാണ് ഈ ബഡ്ജറ്റിനെ അനുകൂലിച്ച്

സംസാരിക്കാൻ കഴിയുന്നത്. പ്രതിപക്ഷത്തുനിന്നും സംസാരിച്ചവരുടെ വികാരത്തോടൊപ്പം നിന്നുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ എതിർക്കുന്നു.

Uncorrected / Not for Publication

ശ്രീ. ആർ. സെൽവരാജ്: സർ, ഭക്ഷ്യം, ക്ഷീരവികസനം, സാമൂഹ്യവികസനം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. വികസനവും കരുതലുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് 100 ദിന കർമ്മ പരിപാടി പൂർത്തിയാക്കിയിരിക്കുകയാണ്. ഒരു വർഷം പിന്നിട്ട ഗവൺമെന്റിന്റെ കഴിഞ്ഞ നാളുകൾ പരിശോധിക്കുകയാണെങ്കിൽ പ്രവർത്തിക്കുന്ന ഒരു മുഖ്യമന്ത്രിയും അദ്ദേഹത്തോടൊപ്പം നിൽക്കുന്ന ഒരു കൂട്ടം മന്ത്രിമാരും ജനങ്ങൾക്ക് ക്ഷേമം പകരുന്ന രീതിയിൽ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ സാന്ത്വനമേകി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം. ജനസമ്പർക്കം ഒരു തുടർ പരിപാടിയായി മുന്നോട്ടുകൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത്തരത്തിൽ വിവിധ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനത്തിനിടയിലാണ് പിറവം ഉപതെരഞ്ഞെടുപ്പിലൂടെ വമ്പിച്ച ജനപിന്തുണയോടെ ബഹുമാനപ്പെട്ട അനൂപ് ജേക്കബ് കേരള നിയമസഭയിലേയ്ക്ക് കടന്നുവന്നതും ഭക്ഷ്യവകുപ്പിന്റെ ചുമതലയേറ്റതും. കേരളത്തിന് അർഹമായ ഭക്ഷ്യവിഹിതം കേന്ദ്രത്തിൽ നിന്നും മുടക്കം കൂടാതെ എത്തിക്കുന്നതിൽ ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടാണ് ഭക്ഷ്യവകുപ്പിന്റെ നയപരിപാടികൾ നടപ്പിലാക്കാൻ ആരംഭിച്ചത്. പാവങ്ങളുടെ പട്ടിണിമാറ്റാൻ പൊതുവിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടാണ് ഭക്ഷ്യമേഖലയിലേയ്ക്ക് ഈ ഗവൺമെന്റ് കടന്നുവന്നത്. ന്യായവില ഡിപ്പോകൾ, മാവേലിസ്റ്റോറുകൾ, നീതി സ്റ്റോറുകൾ, സഹകരണ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവയുടെ

പ്രവർത്തനം ശക്തിപ്പെടുത്തി. ഒരു രൂപയ്ക്ക് ഒരുകിലോ അരി നൽകുന്ന പദ്ധതി ആയിരങ്ങളുടെ മനസ്സിൽ ആശ്വാസം പകർന്നു. ഭക്ഷ്യവസ്തുക്കളും അവശ്യസാധനങ്ങളും ഗുണമേന്മയോടുകൂടി ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കർക്കശമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഗവൺമെന്റ് നീങ്ങുന്നത്. കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് എത്തിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം. ജനമനസ്സുകളിൽ നന്മ വാരിവിതറിക്കൊണ്ട് കൺസ്യൂമർഫെഡിന്റെ സഹായത്തോടുകൂടി ഭക്ഷ്യ വസ്തുക്കളുടെ ദൗർലഭ്യതയും വിലക്കയറ്റവും പരിഹരിക്കാനാണ് ഗവൺമെന്റ് രണ്ടാം വർഷപ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുന്നത്. വർഷ ത്തിൽ 365 ദിവസവും പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾ ഓരോ വിപണിയിൽ നിന്നും 20 ശതമാനം വിലക്കുറവിലൂടെ ലഭ്യമാക്കാൻ ആവശ്യ മായ നടപടി സ്വീകരിക്കുകയുണ്ടായി. വിശ്വാസ്യത, വിലക്കുറവ്, ഗുണമേന്മ എന്നീ ഗുണങ്ങളോടുകൂടിയ സാധനങ്ങൾ മാവേലിസ്റ്റോറുകളിലൂടെ വീട്ടു മുറ്റത്ത് എത്തിക്കുന്നതിനും ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധന ങ്ങളും കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയോടുകൂടി ജനങ്ങളിലേയ്ക്ക് എത്തി ക്കുന്നതിനും 50 പുതിയ ത്രിവേണി സ്റ്റോറുകൾ, ഇതുപത് മൊബൈൽ സൂപ്പർ മാർക്കറ്റുകൾ, അഞ്ച് ഫ്ളോട്ടിംഗ് ത്രിവേണികൾ, ശീതീകരിച്ച ഗോഡൗണു കൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയിലൂടെ ജനങ്ങൾക്ക് ആശ്വാസ മേകാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നത് എടുത്തുപറയേണ്ട കാര്യമാ ണ്. ഗ്രാമീണ ജനതയ്ക്ക് ആശ്വാസം പകരുന്ന നന്മ സ്റ്റോറുകൾ വിജയകര മായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. നന്മ പദ്ധതിയിലൂടെ 2000 ന്യായ വില കേന്ദ്രങ്ങൾ, 20 കൺസ്യൂമർ യൂണിറ്റുകൾ, 5000 ഉത്സവകാല ചന്തകൾ

ഇവയെല്ലാം ഈ വർഷം പ്രവർത്തിപ്പിക്കാൻ സജ്ജമാക്കിയിരിക്കുന്നു. വരാൻ പോകുന്ന വിശേഷ നാളുകളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പഴങ്ങളും പച്ചക്കറികളും ഉൽപ്പാദകരിൽ നിന്ന് ന്യായവിലയ്ക്ക് ശേഖരിച്ച്, കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് നേരിട്ട് കമ്പോളത്തിൽ ഇടപെടുന്നു. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ന്യായമായ വിലകൊടുത്ത് വാങ്ങുകയും അത് ശേഖരിച്ച് സബ്സിഡിയോടുകൂടി കുറഞ്ഞവിലയ്ക്ക് ജനങ്ങളിൽ എത്തിക്കുകയും ചെയ്യുന്ന നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നു. എല്ലാത്തിനുമുപരി കാർഷികമേഖലയിലെ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക എന്നത് വളരെ ആശ്വാസകരമായി മാറിയിട്ടുണ്ട്. ഭക്ഷ്യോൽപ്പാദന രംഗത്തെ ഭക്ഷ്യവസ്തുക്കളുടെ കുറവ് പരിഹരിക്കുന്നതിനും കേരളത്തെ സ്വയം പര്യാപ്തതയിലേയ്ക്ക് കൊണ്ടുവരുന്നതിനും കാർഷികമേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടും സൗജന്യ നിരക്കിൽ വിത്തും വളങ്ങളും ശാസ്ത്രീയമായ കൃഷി ഉപദേശങ്ങളും നൽകിക്കൊണ്ട് കർഷകരെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറായിരിക്കുന്നുവെന്നുള്ളതാണ് വസ്തുത. അവർക്കാവശ്യമായ സാമ്പത്തിക സഹായം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്തിച്ചുകൊടുക്കാൻ ഈ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അത്തരത്തിൽ കാർഷിക മേഖലയിൽ പ്രത്യേകിച്ച് ഭക്ഷ്യോൽപ്പാദന രംഗത്ത് വലിയ വിഭവസമാഹരണമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മറ്റൊരു വസ്തുത, നമുക്കാവശ്യമായ പാലും

മുട്ടയും ഇറച്ചിയുമെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ശേഖരിക്കുന്നത്. ഇതെല്ലാം കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംരംഭങ്ങളുണ്ട്. നമ്മുടെ നാട്ടിൽ, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീകൾക്ക് പ്രോത്സാഹനം നൽകിക്കൊണ്ട് പാലുൽപ്പാദന രംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പശുവളർത്തലിനും ആടുമാടുകൾ വളർത്തലിനുമൊക്കെ കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അത്തരത്തിൽ ഗുണമേന്മയുള്ള പാൽ കേരളത്തിൽ തന്നെ നമ്മുടെ ആവശ്യത്തിന് വീടുകളിൽ ഉൽപ്പാദിപ്പിക്കുവാൻ ശേഷിയുള്ള പുതിയ സംവിധാനം ആവിഷ്ക്കരിച്ച് നടപ്പിലാക്കി മുന്നോട്ടുപോകുകയാണ് ഈ ഗവൺമെന്റ്. ഇത്തരത്തിൽ ഭക്ഷ്യരംഗത്ത് വർദ്ധനവുണ്ടാക്കി, ഭക്ഷ്യോൽപ്പാദനം ഒരു ശീലമാക്കി മാറ്റി, ഗവൺമെന്റ് വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമാകുന്ന രീതിയിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് വളരെയേറെ വിവാദമായി ചർച്ച ചെയ്യപ്പെടുന്ന മറ്റൊരു വിഷയം നമ്മുടെ മനസ്സുകളിലേയ്ക്ക് കടന്നുവരുന്നത്. ഈ അടുത്ത കാലത്തായി കോഴിക്കോട് വടകരയിലെ ഒഞ്ചിയത്ത് നടന്ന ചന്ദ്രശേഖരൻ കൊലപാതകം, ആ കൊലപാതകത്തെ സംബന്ധിച്ച വിശദമായ ഒരു ചർച്ചയിലേയ്ക്ക് ഞാൻ പോകുന്നില്ല. എന്നാലും ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചന്ദ്രശേഖരന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇന്ന് സി.പി.ഐ.(എം.) ഉയർത്തിയിരിക്കുന്ന വാദഗതി ജനങ്ങളെയാകെ പറ്റിക്കുന്ന ഒന്നായി മാറിക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ് വസ്തുത. സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിന് യാതൊരു പങ്കുമില്ലെന്ന് പാർട്ടിയുടെ സെക്രട്ടറി ആധികാരികമായി തറ

പ്പിച്ച് പറയുന്നു. ചന്ദ്രശേഖരന്റെ വധവുമായി ബന്ധപ്പെട്ട് അറസ്റ്റിലാകുന്ന കീഴ്ഘടകത്തിലെ സഖാക്കൾ ഉപരിഘടകത്തിലെ സഖാക്കളുടെ പേരുകൾ പറയുന്നു. അങ്ങനെ പറഞ്ഞുപറഞ്ഞ് ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർമാരുടെ പേരുവരെ പറയുന്ന ഒരു അവസ്ഥയിലേയ്ക്ക് ചെന്നെത്തിയിരിക്കുന്നു. ചന്ദ്രശേഖരൻ വധവുമായി പോലീസ് ആരെയും അറസ്റ്റ് ചെയ്തതായി കാണുന്നില്ല. പക്ഷേ സഖാക്കൾ ഉപരികമ്മിറ്റിയുടെ പേര് പറയുന്നതനുസരിച്ച് കുഞ്ഞനന്തന്റെ പേര് ഒരാൾ പറയുന്നു, മറ്റൊരാൾ സി.എച്ച്. അശോകന്റെ പേര് പറയുന്നു. ഏറ്റവും അവസാനമായി ജില്ലാ സെക്രട്ടേറിയറ്റ് അംഗം മോഹനൻ മാസ്റ്ററുടെ പേര് പറയേണ്ട ഒരു ദു:സ്ഥിതി വന്നിരിക്കുന്നു. മോഹനൻ മാസ്റ്ററുടെ പേര് പറയുന്നതോടൊപ്പംതന്നെ ഏറെ താമസിയാതെ **x x x x** വന്നുചേരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള ഗൂഢാലോചനകളാണ് ഓരോ കമ്മിറ്റികളിലും നടത്തിക്കൊണ്ടിരിക്കുന്നതെന്നുള്ളതാണ് ഇന്ന് ശ്രദ്ധേയമായ മറ്റൊരു വിഷയം. **x x x x** പേര് പറഞ്ഞ് **x x x x** പ്രതിക്കൂട്ടിലായാൽ അടുത്ത് പ്രതിക്കൂട്ടിലാകാൻ പോകുന്നത് **x x x x** എന്നുള്ള കാര്യത്തിലും യാതൊരു സംശയവുമില്ല.

<u>മി. ചെയർമാൻ</u>: പോയിന്റ് ഓഫ് ഓർഡർ

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഈ സഭയിൽ ഇല്ലാത്ത ഒരാളെക്കുറിച്ച്, ഒരു ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയ പാർട്ടിയുടെ **x x x x** അദ്ദേഹം കേസ്സിൽ പ്രതിയാകുമെന്ന് ഒരു മെമ്പർ ഒരടിസ്ഥാനവുമില്ലാതെ ഇങ്ങനെ നിയമസഭയിൽ പറയുന്നതും അത് റിക്കാർഡിൽ വരുന്നതും ശരിയാണോ; അത് രേഖകളിൽ നിന്ന് നീക്കം ചെയ്യാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>മി. ചെയർമാൻ</u>: പരിശോധിച്ച് തീരുമാനമെടുക്കാം.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: അതിനൊരടിസ്ഥാനം വേണം. മോഹനനും കുഞ്ഞനന്തനും സ്റ്റേറ്റ്മെന്റ് കൊടുത്താൽ **x x x x** വരുമെന്നുപറയുന്നത് നീക്കം ചെയ്യത്തക്ക ഒരു പരാമർശമല്ല. അതുകൊണ്ട് അത് നീക്കം ചെയ്യേണ്ടതില്ല.

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ച് പിന്നീട് തീരുമാനിക്കും. അങ്ങയുടെ സമയം അവസാനിച്ചിരിക്കുകയാണ്.

<u>ശ്രീ. വി.ഡി. സതീശൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ പറയുമ്പോൾ ടൈം അനുവദിച്ചുകഴിഞ്ഞാൽ സമയം നിൽക്കും. സമയം താഴോട്ടുവന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, ഞാൻ ഇത് സൂചിപ്പിച്ചത് സി.പി.ഐ.(എം.)-ന് യാതൊരു പങ്കുമില്ലെന്ന് സംസ്ഥാന സെക്രട്ടറി സൂചിപ്പിക്കുകയുണ്ടായി. ആ സൂചന എന്തായിരിക്കുമെന്നുള്ളതാണ് ഇന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ സെക്രട്ടേറിയറ്റ് അംഗവും **x x x x** ഇതിന് പരാമർശ വിഷയമാകേണ്ടിവന്നത്. **x x x x** ചോദ്യം ചെയ്യണമെന്നുപറഞ്ഞാൽ ഇതിന്റെ വസ്തുത എന്താണ്? കൊല്ലും കൊലയും കൊന്നും കൊലചെയ്തും..... ഞങ്ങൾ കൊല്ലും ഞങ്ങൾ കൊല ചെയ്യും ഞങ്ങൾ എണ്ണിയെണ്ണി കൊലപാതകം ഈ രാജ്യത്ത് നടത്തും വൺ, ടു, ത്രീ എന്നുപറഞ്ഞ എം. എം. മണിയുടെ പ്രസ്താവനയെ സംബന്ധിച്ച് ഇവർക്കെന്താണ് പറയാനുള്ളത്? അങ്ങനെ പരസ്യമായി കൊല്ലുമെന്നുപറഞ്ഞ മണി സി.പി.ഐ.(എം.)-ന്റെ ആരായിരുന്നു? സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറിയായിരുന്നു മണി. ആ മണി പറയുന്നത് ജില്ലയിൽ തങ്ങൾക്ക് ഇഷ്ടമി

ല്ലാത്ത ആളുകളെ വൺ, ടു, ത്രീ എന്നുപറഞ്ഞ് ഞങ്ങൾ വകവരുത്തും. ഇത് നിഷേധിക്കാനാകുമോ; മണി പറഞ്ഞ കാര്യമല്ലേ; ഇതിനെ സംബന്ധിച്ച് സി.പി.ഐ.(എം.)-ന് എന്താണ് പറയാനുള്ളത്? അത്തരത്തിൽ കൊല്ലും കൊലയുമായി മുന്നോട്ടുപോകുന്ന സി.പി.ഐ.(എം.)-ന്റെ ഉത്ഭവകേന്ദ്രമായ വരാപ്പുറം ഉൾക്കൊള്ളുന്ന കണ്ണൂർ, കണ്ണൂരിലെ പാർട്ടി സഖാക്കളെല്ലാം ഒന്നൊന്നായി കൊലപാതകത്തിന്റെ ആസൂത്രിത കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ആളുകളായി മാറിക്കൊണ്ടിരിക്കുന്നു.

<u>മി. ചെയർമാൻ</u>: പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. സാജു പോൾ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 287 പ്രകാരം ചർച്ചയിൽ തന്റെ സ്വന്തം വാദങ്ങളെയോ അല്ലെങ്കിൽ മറ്റ് അംഗങ്ങളുടെ വാദങ്ങളെയോ സംബന്ധിച്ച് അസംഗതമായി സംസാരിക്കുകയോ അല്ലെങ്കിൽ വാദങ്ങൾ മുഷിവ് തോന്നത്തക്കവിധം ആവർത്തിച്ചുകൊണ്ടിരിക്കുന്നതോ ആയ അംഗത്തിന്റെ നടപടി സംബന്ധിച്ച് സഭയുടെ ശ്രദ്ധക്ഷണിച്ചതിനുശേഷം സ്പീക്കർക്ക് അദ്ദേഹത്തോട് പ്രസംഗം നിർത്താൻ ആവശ്യപ്പെടാവുന്നതാണ്. ഇവിടെ വളരെ അസംഗതമായ കാര്യങ്ങളാണ് പറയുന്നത്. അതുമാത്രവുമല്ല, യു.ഡി.എഫ്.-ലേയ്ക്ക് പോകുന്നത് **x x x x**പറഞ്ഞ ഒരാൾ; ഇപ്പോൾ **x x x x** സംസാരിക്കുന്നത്; ഇത് **x x x x** സംസാരിക്കുന്നത്?.....(ബഹളം)......

<u>മി. ചെയർമാൻ</u>: പ്ലീസ്... പ്ലീസ്... അങ്ങേയ്ക്ക് വൈൻഡ് അപ് ചെയ്യാം.... അങ്ങ് മൂന്നര മിനിറ്റ് കൂടുതലെടുത്തു. ......(ബഹളം)......

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, ഒരുമിനിറ്റ്, ഒരുവാക്കുകൂടി .....(ബഹളം).....

ശ്രീ. വി.ഡി. സതീശൻ: ഇരിക്കുക. എന്താണ് ഇത്.

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്.....ഇതിനെ സംബന്ധിച്ച് ചെയർ പിന്നീട് പരിശോധിച്ച് പറയുന്നതാണ്. ........(ബഹളം).......

ശ്രീ. വി.ഡി. സതീശൻ: മെമ്പർക്ക് പ്രൊട്ടക്ഷൻ കൊടുക്കണ്ടേ?

ശ്രീ. ആർ. സെൽവരാജ്: സർ, ഈ ചട്ടങ്ങൾ മാത്രം ഉദ്ധരിച്ചുകൊണ്ട് പ്രസംഗിക്കുന്ന ശ്രീ. സാജു പോൾ, അദ്ദേഹത്തിന്റെ അനുകരണം മാത്രമാണ് ഞാൻ നടത്തിയിട്ടുള്ളത്. ചട്ടങ്ങൾ മാത്രമാണ് അദ്ദേഹം ഉദ്ധരിക്കുന്നത്. ഇത്തരത്തിൽ വളരെയേറെ ചർച്ചാവിഷയമായ ശ്രീ. സാജു പോളിനെ മാതൃക യാക്കിക്കൊണ്ട് നമുക്ക് ബാക്കിയുള്ള കാര്യങ്ങളിലേയ്ക്ക് കടക്കാം.

മി. ചെയർമാൻ: പ്ലീസ്....അങ്ങ് വൈൻഡ് അപ്പ് ചെയ്യണം. 4.40 മിനിറ്റെ ടുത്തുകഴിഞ്ഞു. അങ്ങ് വൈൻഡ് അപ്പ് ചെയ്യണം.

ശ്രീ. ആർ. സെൽവരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തു ണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ബി.ഡി. ദേവസ്സി : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഒരു X X X സംസാരത്തിനുശേഷം സംസാരിക്കേണ്ട ഗതികേടാണ് എനിക്ക് വന്നുചേർന്നിട്ടുള്ളത്. അദ്ദേഹം ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ യു.ഡി.എഫ്.-നോടുള്ള വിധേയത്വം കൊണ്ട് തെറ്റായ രീതിയിൽ ഇവിടെ പരാമർശിച്ചിരിക്കുകയാണ്.

ശ്രീ. വി.ഡി. സതീശൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഈ സഭയിലെ തന്നെ ഒരംഗത്തെ X X X എന്ന് പറഞ്ഞു. X X X എന്ന് പറയുന്ന വാക്ക് അൺപാർല മെന്ററിയാണ്. നമ്മൾ സഭയിൽ മറ്റൊരു അംഗത്തെ അപമാനിക്കുന്നതിനു വേണ്ടി അത്തരം ഒരു വാക്ക് ഉപയോഗിക്കുന്നത് ശരിയല്ല. റൂൾ 307 അനുസ രിച്ച് അങ്ങ് അത് രേഖയിൽ നിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ : സഭയിലെ അംഗങ്ങൾ തമ്മിൽ പരസ്പരം സംസാരി ക്കുമ്പോൾ മാന്യത പുലർത്തുന്ന വാക്കുകൾ ഉപയോഗിക്കുന്നതാണ് ഏറ്റവും സംഗതമായിട്ടുള്ള കാര്യം.

ശ്രീ. ബി.ഡി ദേവസ്സി : പത്തുനാല്പത് വർഷക്കാലം ഒരു പ്രസ്ഥാന ത്തിന്റെ ഭാഗമായിനിന്ന് ഇപ്പോഴുണ്ടായ ഈ വലിപ്പമൊക്കെയുണ്ടാ ക്കികൊടുത്ത പ്രസ്ഥാനത്തെ വഞ്ചിച്ചുപോയി എന്നുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. ഞാൻ അവിടെ ഉറച്ചുനിൽക്കുകയാണ്. ഇവിടെ ജനകീയ പ്രശ്ന ങ്ങളിൽ നിന്നും ശ്രദ്ധതിരിച്ചുവിടാൻ വേണ്ടിയുള്ള ബോധപൂർവ്വമായ പരിശ്ര മമാണ് യു.ഡി.എഫ്.-ഉം അവരെ സഹായിക്കുന്ന മാധ്യമങ്ങളും നടത്തിക്കൊ ണ്ടിരിക്കുന്നത്. ഇവിടെ കർഷക ആത്മഹത്യകൾ, വിലക്കയറ്റം, വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, ഇങ്ങനെയുള്ള പ്രശ്നങ്ങളെയൊക്കെ

അടിയിലാക്കിക്കൊണ്ട് പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള സാഹചര്യങ്ങളിൽ യു.ഡി.എഫ്.-നെ സഹായിക്കാൻ വേണ്ടി ഓരോ വിവാദങ്ങൾ ഉയർത്തിക്കൊണ്ടുവരികയാണ്. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട സി.പി.എം.-ന്റെ അഭിപ്രായം വളരെ വ്യക്തമായി ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ആ കൊലപാതകവുമായി യഥാർത്ഥത്തിൽ ബന്ധമുള്ള ആളുകളെ പിടിക്കുന്നതിനോ അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനോ സി.പി.എം. എതിരല്ല. പക്ഷേ അതിന്റെ പേരിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താനും രാഷ്ട്രീയ പ്രതികാരം ചെയ്യാനുംവേണ്ടിയാണ് യു.ഡി.എഫ്.-ഉം. യു.ഡി.എഫ്.-ന്റെ പോലീസും ഇവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതെല്ലാം കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ നീതിയെപ്പറ്റിയും ന്യായത്തെപ്പറ്റിയുമൊക്കെ പറയുന്ന യു.ഡി.എഫ്.-ഉം ആഭ്യന്തര വകുപ്പുമൊക്കെ എങ്ങനെയാണ് രണ്ട് രീതിയിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതെന്ന് നമ്മൾ കണ്ടതാണ്. ശ്രീ. കെ. സുധകരന്റെ പരാമർശങ്ങളെ, വെളിപ്പെടുത്തലുകളെ എങ്ങനെയാണ് ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്. ഒരു കേസ് രജിസ്റ്റർ ചെയ്ത് ശ്രീ. കെ. സുധാകരന്റെ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ശ്രീ. എം.എം. മണിയുടെ കാര്യത്തിലെടുത്ത സമീപനം ശ്രീ. കെ. സുധാകരന്റെ കാര്യത്തിലെടുക്കുന്നില്ല. ഇരട്ടത്താപ്പാണ്. അതുപോലെ ശ്രീ. പി.കെ. ബഷീർ എം.എൽ.എ.യുടെ കാര്യത്തിലെടുത്ത സമീപനമെന്താണ്? നമ്മൾ അത് കണ്ടതാണ്. മാധ്യമങ്ങൾ അത് ആഘോഷിക്കുന്നില്ല. ഇവിടെ ടി.പി. ചന്ദ്രശേഖരന്റെ വധം മാധ്യമങ്ങൾ ആഘോഷിക്കുകയാണ്. ജനകീയ പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിച്ചുവിട്ട് യു.ഡി.എഫ്-നെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ വലതുപക്ഷ മാധ്യമങ്ങളും അവരെ സഹായിക്കുന്നവരും

ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്ക് നല്ലതുപോലെ അറിയാം. ഇവിടെ യു.ഡി.എഫ്.-ന്റെ മുദ്രാവാക്യം അതിവേഗം ബഹുദൂരം എന്നത് നടപ്പാക്കിയിട്ടുള്ളത് നിത്യോപയോഗ സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ടാണ്. വിലക്കയറ്റത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് അതിവേഗം ബഹുദൂരം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. പണ്ട് നമ്മൾ വിലക്കയറ്റം വാണം പോലെ കുതിച്ചുകയറുന്നുവെന്നാണ് പറയാറുള്ളത്. ഇന്ന് ഏറ്റവും വേഗതകൂടിയ വസ്തു വിലക്കയറ്റമാണ്. ഒരു വേഗതയുടെ അളവ് പറയണമെങ്കിൽ കേരളത്തിലെ വിലക്കയറ്റം എന്ന് നമുക്ക് ഉദാഹരണം പറയാം. വിലക്കയറ്റം കേരളത്തിൽ അത്ര രൂക്ഷമായിരിക്കുകയാണ്. ഈ വിലക്കയറ്റം തടയാൻ ബാദ്ധ്യസ്ഥമായ ഗവൺമെന്റ് വിലക്കയറ്റം തടയുന്നതിനുള്ള നടപടികളല്ല വിലക്കയറ്റം രൂക്ഷമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്ത് കേന്ദ്രഗവൺമെന്റിന്റെ നയങ്ങളുടെ ഭാഗമായിട്ടാണ് പൊതുവെ വിലകൾ ഉയരുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില പലവട്ടം വർദ്ധിപ്പിച്ചു. ഇനി ഡീസലിന്റെയും പാചകവാതകത്തിന്റെയും വില വർദ്ധിപ്പിക്കാൻ പോകുന്നുവെന്നാണ് നമ്മൾ മനസ്സിലാക്കിയിട്ടുള്ളത്. അതുപോലെ അവധിവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്നു. പൊതുവിതരണ സമ്പ്രദായത്തെ കേന്ദ്രഗവൺമെന്റ് ദുർബ്ബലമാക്കുന്നു. റേഷനിംഗ് സമ്പ്രദായത്തെ ആകെ അട്ടിമറിക്കുകയാണ്. ബി.പി.എൽ.-കാരുടെ എണ്ണം കേന്ദ്രഗവൺമെന്റ് വെട്ടിച്ചുരുക്കുകയാണ്. അവധി വ്യാപാരം പ്രോത്സാഹിപ്പിക്കുകയാണ്. നാണയപെരുപ്പം വർദ്ധിക്കുകയാണ്. അതുപോലെ പൂഴ്ത്തിവയ്പ്പുകാരെയും കരിഞ്ചന്തക്കാരെയും സഹായിക്കുന്ന സമിപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് ഇന്ന് എല്ലാ മേഖലകളിൽ നിന്നും ഒഴിഞ്ഞുമാറുകയാണ്.

എല്ലാം മുതലാളിമാരെ എൽപ്പിച്ചുകൊടുക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യമാണെങ്കിൽ അത് സ്വകാര്യവൽക്കരിക്കുന്നു. പൊതുവിതരണ സമ്പ്രദായം തകർക്കപ്പെടുന്നു. ജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മുതലാളിമാരെ ഏൽപ്പിച്ചുകൊടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റ് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്ന ഒരു അവസ്ഥയാണ് നമ്മുടെ രാജ്യത്ത് ഇന്ന് കാണാൻ കഴിയുന്നത്. കേന്ദ്രഗവൺമെന്റിന്റെ ഈ തെറ്റായ നയങ്ങളുടെ ഭാഗമായി ഇവിടെ സൃഷ്ടിക്കപ്പെടുന്ന വിലക്കയറ്റം തടഞ്ഞുനിറുത്താൻ വേണ്ടി ഇതിന് മുമ്പ് അധികാരത്തിലിരുന്ന എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച നയത്തെ ഞങ്ങൾ അഭിനന്ദിച്ചു പറയുന്നതല്ല, കേന്ദ്രഗവൺമെന്റ് തന്നെ അഭിനന്ദിച്ചുപറഞ്ഞിട്ടുള്ളതാണ്. ഞാൻ ഓർക്കുകയാണ്, കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് രാജ്യത്ത് മുഴുവൻ വിലക്കയറ്റമുണ്ടായപ്പോൾ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ ആ വിലക്കയറ്റം തടഞ്ഞുനിറുത്താൻ സ്വീകരിച്ച നടപടികളെ പ്രശംസിച്ചുകൊണ്ട് അന്ന് പാർലമെന്റിൽ കേന്ദ്രമന്ത്രിമാർ പ്രസംഗിച്ചു. എങ്ങനെയാണ് വിലക്കയറ്റം തടഞ്ഞുനിറുത്തുക എന്നുള്ളത് നിങ്ങൾ കേരളത്തെ കണ്ടുപഠിക്കുകയെന്നുള്ളതാണ്. അങ്ങനെ കേന്ദ്രമന്ത്രിമാർ വരെ പാർലമെന്റിൽ ചർച്ച ചെയ്തതാണ്. അന്ന് നിരവധി കാര്യങ്ങൾക്ക് കേന്ദ്രമന്ത്രിമാർ ഈ സംസ്ഥാനത്തെ അഭിനന്ദിക്കുകയുണ്ടായി. അതിൽ അസഹിഷ്ണുത പൂണ്ടിട്ടാണല്ലോ അന്ന് കേരളത്തിൽ നിന്നുള്ള എം.പി.-മാർ ശ്രീമതി സോണിയാ ഗാന്ധിയേയും പ്രധാനമന്ത്രിയേയും ഒക്കെ കണ്ട് ഇങ്ങനെ കേരളഗവൺമെന്റിനെ പ്രശംസിക്കരുത്, ഞങ്ങൾ ഒരുപാട് നുണകൾ പ്രചരിപ്പിച്ചാണ് ഇവിടെ പിടിച്ചുനിൽക്കുന്നത്, അപ്പോൾ ഇവിടെ മെച്ചപ്പെട്ട ക്രമസമാധാനം, മെച്ചപ്പെട്ട പൊതുവിതരണ സമ്പ്രദായം, മെച്ചപ്പെട്ട പ്രവർത്തനങ്ങൾ എന്നുള്ള രീതിയിൽ കേന്ദ്രഗവൺമെന്റിന്റെ മന്ത്രിമാർ പ്രശം

സിക്കുന്നത് ശരിയല്ല എന്ന് പറഞ്ഞ കാര്യം അന്നത്തെ പത്രങ്ങളിലൂടെ വാർത്തകൾ വന്നിട്ടുള്ളതാണ്.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിൽ വാസ്തവവിരുദ്ധമായ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം പ്രസംഗത്തിൽ പറയുകയാണ്. ഒന്ന്, വിലക്കയറ്റം തടഞ്ഞുനിറുത്താൻ കേരളത്തെ മാതൃകയാക്കണമെന്ന് ഏത് കേന്ദ്രമന്ത്രിയാണ് പറഞ്ഞത്, അങ്ങനെ പറഞ്ഞിട്ടില്ല. രണ്ട്, കേരളത്തിലെ എം.പി.മാർ അതിനുശേഷം പോയി ശ്രീമതി സോണിയാഗാന്ധിയെ കണ്ട് പരാതി പറഞ്ഞു, മന്ത്രിമാർ ഇങ്ങനെ പറയരുതെന്ന് പറഞ്ഞു. ഈ രണ്ടു കാര്യവും വാസ്തവ വിരുദ്ധമായ കാര്യങ്ങളാണ്. വാസ്തവവിരുദ്ധമായ കാര്യം അംഗത്തിന്റെ പ്രസംഗത്തിൽ പരാമർശിക്കുന്നത് 307 പ്രകാരം എക്സ്പഞ്ച് ചെയ്യണം.

ശ്രീ. ബി.ഡി. ദേവസ്സി: സർ, അന്ന് അത് എല്ലാ പത്രമാധ്യമങ്ങളിലും വന്നതാണ്. ഞാൻ പത്രങ്ങളിൽ വായിച്ചിട്ടുണ്ട്. കാരണം ഇവിടെ സംസ്ഥാന ഗവൺമെന്റിനെതിരായി അപവാദങ്ങൾ പ്രചരിപ്പിച്ച് അതിനെ തകർക്കാൻ...

ശ്രീ. സാജു പോൾ: സർ, വിലക്കയറ്റം സൃഷ്ടിക്കുന്നതും കേരളത്തിലെ ചെറുകിട വ്യാപാരമേഖലയെ തകർക്കുന്നതുമായ കേന്ദ്രഗവൺമെന്റിന്റെ നയം തെറ്റാണെന്ന് ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല തന്നെ കഴിഞ്ഞ ദിവസം ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി.ഡി. ദേവസ്സി: സർ, കേട്ടതാണല്ലോ.

ശ്രീ. സി.പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് അത് പറഞ്ഞിട്ടില്ല. അതുപോലെ ശ്രീ.ബി.ഡി. ദേവസ്സി ആ പത്രം മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സാജു പോൾ പറയുന്നതുപോലെ പറയരുത്. അങ്ങേയ്ക്ക് ഉത്തരവാദിത്വം വേണം.

ശ്രീ. ബി.ഡി. ദേവസ്സി : ഞാൻ വളരെ ഉത്തരവാദിത്വത്തിലാണ് പറയുന്നത്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുവാൻ വേണ്ടി എൽ.ഡി.എഫ്. സ്വീകരിച്ച നയങ്ങളിൽ നിന്നും വ്യത്യസ്തമായ സമീപനമാണ് യു.ഡി.എഫ്. ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ കുറച്ചുനാളായിട്ടുള്ള അവസ്ഥ മാറിയോ എന്ന് എനിക്ക് അറിയില്ല. അവിടെ എത്ര മാനേജിംഗ് ഡയറക്ടർമാർ മാറി. പലവക കാരണങ്ങളാലുള്ള മന്ത്രിമാരുടെ മാറ്റം ഞാൻ ഇവിടെ കൂടുതൽ എടുത്തുപറയുന്നില്ല. ഇതിന്റെയൊക്കെ ഭാഗമായിട്ട് ഇതിന്റെ പ്രവർത്തനങ്ങളെ ഒട്ടേറെ ബാധിക്കുകയുണ്ടായി. താഴെ തട്ടിലുള്ള മൂന്നുനാല് ഔട്ട്ലെറ്റുകളുടെ ചാർജ് ഒരു ഷോപ്പ് മാനേജർക്കാണ്. എങ്ങനെയാണ് ഇത് മെയിന്റയിൻ ചെയ്യാൻ കഴിയുക? ഒരു ഷോപ്പുതന്നെ നോക്കാൻ കഴിയാത്ത അവസ്ഥയാണ്. മൊത്തത്തിൽ ഒരിടത്തും നാഥനില്ലാത്ത കളിയാണ് ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനിടയിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യം ഇതിന്റെ ബോർഡ് മീറ്റിംഗ് പോലും കൂടാൻ കഴിഞ്ഞില്ല എന്നതാണ്. പലവിധ ചുമതലകളുള്ള ഉദ്യോഗസ്ഥന്മാരെല്ലാം കൂടിയതാണ് ഇതിന്റെ ബോർഡ്. മാനേജിംഗ് ഡയറക്ടർ, ഫുഡ് സെക്രട്ടറി, കമ്മീഷണർ, വിദ്യാഭ്യാസ ഡയറക്ടർ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ഒരു ബോർഡാണിത്. കോറമില്ലാത്തതുകൊണ്ട് മീറ്റിംഗ് കൂടാൻ കഴിഞ്ഞില്ലായെന്നുള്ളതാണ്. അരിക്കും മറ്റ് നിത്യോപയോഗ സാധനങ്ങൾക്കും തീവിലയായി ജനങ്ങൾക്ക് അടിയന്തരമായി ആശ്വാസം എത്തിക്കേണ്ട തീരുമാനങ്ങൾ എടുത്തുനടപ്പാക്കേണ്ട ബോർഡ് മീറ്റിംഗ്

യഥാസമയം കൂടാൻ കഴിയാത്ത ഒരവസ്ഥ നമ്മൾ കണ്ടതാണ്. അതായത് ഉദ്യോഗസ്ഥർക്ക് കൂടുതൽ ചുമതലകളുള്ളതുകൊണ്ടാണ് അവർക്ക് എത്തിച്ചേരാൻ കഴിയാതിരുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞ്. ഇത് പൊതുവിതരണ രീതിയോടുള്ള സർക്കാരിന്റെ സമീപനത്തെയാണ് കാണിക്കുന്നത്. ഇത്രയും വിലക്കയറ്റമുള്ള സാഹചര്യത്തിൽ ബോർഡ് മീറ്റിംഗ് കൂടി നിത്യോപയോഗ സാധനങ്ങൾക്ക് വില കുറയ്ക്കാനും ജനങ്ങൾക്ക് സഹായം കൊടുക്കാനും മീറ്റിംഗ് പോലും യഥാസമയം കൂടാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുയാണ്. അതുപോലെതന്നെ ഓരോ ഷോപ്പിനും ഓരോ മാനേജർമാരുടെയും ആവശ്യത്തിന് സ്റ്റാഫിന്റെയും സേവനം ഉറപ്പുവരുത്തിയാൽ മാത്രമേ ജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ ലഭിക്കൂ. ഇന്ന് മാവേലി സ്റ്റോറുകളിൽ ചെന്നാൽ സ്റ്റോക്ക് തീർന്നു എന്ന മറുപടിയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. വീട്ടമ്മമാർ നിരാശയോടുകൂടി മടങ്ങുന്ന ഒരവസ്ഥയാണ്. എനിക്കു മുമ്പു സംസാരിച്ച ബഹുമാനപ്പെട്ട ഒരു യു.ഡി.എഫ്. അംഗം മാവേലി സ്റ്റോറുകളിൽ ക്യൂ ഇല്ലെന്നുപറഞ്ഞു. അത് യു.ഡി.എഫ്. വരുമ്പോഴുള്ള ഒരു പ്രത്യേകതയാണ്. മാവേലി സ്റ്റോറിനു മുമ്പിൽപ്പോയി ക്യൂ നിന്നിട്ട് എന്തെങ്കിലും കാര്യമുണ്ടോ? അവിടെ സാധനങ്ങളുണ്ടാകില്ല. മാവേലി സ്റ്റോറിന്റെ തന്നെ ഒരു ചരിത്രമുണ്ട്. 1980-ൽ സഖാവ് ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ഓണക്കാലത്തും അതുപോലെ വിശേഷാവസരങ്ങളിലും ജനങ്ങളെ കൊള്ളയടിക്കുന്നതിൽ നിന്നും അവർക്ക് ആശ്വാസം ലഭിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും വേണ്ടി മാവേലി സ്റ്റോർ കൊണ്ടുവന്നത്. അന്ന് യു.ഡി.എഫ്. ചെയ്തത് കേരളത്തിലെ ജനങ്ങൾ മറന്നുകാണില്ല, വാമന സ്റ്റോർ ഉദ്ഘാടനം ചെയ്തുകൊണ്ട് മാവേലി സ്റ്റോറിനെ തകർക്കാൻ വേണ്ടിയാണ് ശ്രമിച്ചത്.

പൊതുവിതരണ സമ്പ്രദായത്തോടുള്ള യു.ഡി.എഫ്.ന്റെ നയം ഇതിനു മുമ്പുതന്നെ അവർ വ്യക്തമാക്കിയിട്ടുള്ളതാണ് എന്നു മനസ്സിലാക്കാൻ കഴിയും. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്ന സമീപനമാണ് ഇതിനു മുമ്പുണ്ടായിട്ടുള്ളത്. അതുപോലെയുള്ള സമീപനങ്ങളാണ് ഇപ്പോഴും അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 120 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് സഹായമായി നൽകിയത്. ഈ ഗവൺമെന്റ് നൽകിയത് 50 കോടി രൂപയാണ്. രണ്ടു ഗവൺമെന്റുകളും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഞാൻ കൂടുതൽ പറയേണ്ട കാര്യമുണ്ടോ? മാർക്കറ്റ്ഫെഡിന് കൂടുതൽ തുക അനുവദിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം ഞാൻ മനസ്സിലാക്കിയിടത്തോളം സപ്ലൈകോയ്ക്ക് ഇ-ടെണ്ടർ അടക്കമുള്ള പർച്ചേസ് മാനദണ്ഡങ്ങൾ നിലവിലുണ്ട്. രാഷ്ട്രീയ സ്വാധീനമോ വ്യക്തി സ്വാധീനമോ ഇ-ടെണ്ടറിൽ നടപ്പിലാക്കാൻ കഴിയില്ല. ഫസ്റ്റ് ബിൽ, ഫസ്റ്റ് പേ, ഡേറ്റ്, ടൈം ഇവയെല്ലാം പ്രതിപാദിച്ചിട്ടുള്ളതാണ്. ഇതുപോലൊരു സംവിധാനം മാർക്കറ്റ്ഫെഡിൽക്കൂടി ഏർപ്പെടുത്തണം. അത് എന്തുകൊണ്ട് ഏർപ്പെടുത്തുന്നില്ല? അത് ഏർപ്പെടുത്താത്തത് അഴിമതി നടത്തുന്നതിനുവേണ്ടിയാണ്. സപ്ലൈകോയെ പ്രൊമോട്ട് ചെയ്താൽ വൻകിട വ്യാപാരികളെ പ്രൊമോട്ട് ചെയ്യാൻ കഴിയില്ല. അതുതന്നെയാണ് ഇതിനു പിന്നിലുള്ള താല്പര്യം എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഇതിനു ബദലായി മാർക്കറ്റ്ഫെഡുവഴി നടത്തുന്ന പർച്ചേസിനും ഇ-ടെണ്ടർ ഏർപ്പെടുത്തണം. മറ്റൊരു കാര്യം, സപ്ലൈകോയിൽ ബ്ലാക്ക്ലിസ്റ്റിൽപെട്ടുപോയ വ്യാപാരികൾ വേറെ പേരിൽ വ്യാപാരം തുടങ്ങിയപ്പോൾ അവരിൽ നിന്ന് മാർക്കറ്റ്ഫെഡ് പർച്ചേസ് ചെയ്യുന്നുണ്ട്. ഇതൊരു വലിയ അഴിമതിയാ

ണ്. അത് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 20 രൂപയ്ക്ക് സുലഭമായി അരി നൽകിയിരുന്ന വ്യാപാരികളുടെ കൈയിൽ നിന്ന് മാർക്കറ്റ്ഫെഡ് 24 രൂപയ്ക്ക് അരി പർച്ചേസ് ചെയ്യുകയാണ്. എന്നിട്ട് നാലു രൂപ ഗവൺമെന്റ് സബ്സിഡിയിൽ 20 രൂപയ്ക്ക് മാർക്കറ്റ്ഫെഡുവഴി വിൽക്കുകയാണ്. ഈ നാലു രൂപ നിരക്കിൽ സപ്ലൈകോയ്ക്ക് സബ്സിഡി കൊടുത്താൽ 16 രൂപയ്ക്ക് അരി സുലഭമായി നൽകാൻ കഴിയും. ഇത് ശ്രദ്ധയിൽപ്പെട്ടിട്ടും ഇതിനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല എന്നുള്ള തിന്റെ കാര്യം മനസ്സിലാക്കേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായം ശക്ത മാക്കി വിലക്കയറ്റത്തിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസം കിട്ടാനുള്ള നടപടി യാണ് സ്വീകരിക്കേണ്ടത്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പി ക്കാനുള്ളത്, കാർഷിക മേഖല ഇന്നു വലിയ തകർച്ചയിലാണ്, ഉല്പാദന മാന്ദ്യമാണ്. ഈ മേഖലയിൽ കുറെപ്പേർ മൃഗസംരക്ഷണ രംഗത്തും അതു പോലെ ക്ഷീര രംഗത്തും പ്രവർത്തിക്കുന്നുണ്ട്. അവരെ സഹായിക്കാനുള്ള നടപടികളുണ്ടാകണം. പശുവളർത്തൽ ഒരു തൊഴിലെന്നതിലുപരി ഒരു ജീവിത ശീലമാണെന്ന ബോധം ഇളംതലമുറയിലുണ്ടാക്കുന്നതിനും കുടുംബാ വശ്യത്തിനുള്ള പാൽ സ്വയം ഉറപ്പുവരുത്തുന്നതിനും ജൈവവള പ്രയോഗ ത്തിലൂടെ ഭൂമിയുടെ ഫലവൃഷ്ടി മെച്ചപ്പെടുത്തുന്നതിനും സഹായകരമായ നിലയിൽ നടപടികളുണ്ടാകണം. ഭക്ഷ്യവസ്തുക്കളിൽ ഏറ്റവും പോഷകമൂല്യ മുള്ള വസ്തുവാണ് പാൽ. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് പാലിന്റെ സ്ഥാനം ഞാൻ പറയാതെതന്നെ എല്ലാവർക്കുമറിയാം. തീറ്റച്ചെലവുമാത്രം വരുമാനത്തിന്റെ അറുപത് ശതമാനത്തിലേറെവരും. വർദ്ധിച്ചുവരുന്ന രോഗ ങ്ങളും ഭീമമായ ചികിത്സാച്ചെലവുംമൂലം കർഷകന് കിട്ടുന്നതും കിട്ടാനിരി ക്കുന്നതുമായ ആദായം നാമമാത്രമാണ്. മിൽമയും ഗവൺമെന്റും

കൊട്ടിഘോഷിക്കുന്ന സൗജന്യ ചികിത്സ കടലാസ്സിലൊതുങ്ങുന്നു. 365 ദിവസവും ക്ലേശകരമായ ശാരീരികാദ്ധ്വാനം വഴി രാജ്യത്തിന് സമ്പത്തുല്പാദിപ്പിക്കുന്ന ക്ഷീരകർഷകർ ഇപ്പോൾ രംഗത്തുനിന്ന് അപ്രത്യക്ഷമാകുന്നു. മിൽമ തുടങ്ങിയ ഏജൻസികൾ 35–40 രൂപയ്ക്ക് പാൽ വിൽക്കുമ്പോൾ കൃഷിക്കാരന് ലഭിക്കുന്നത് പരമാവധി 23.50 രൂപയാണ്. കൃഷിക്കാരന്റേതല്ലാത്ത കാരണത്താൽ കൊഴുപ്പിന്റെയും എസ്.എൻ.എഫ്.ന്റെയും ഭാവമാറ്റം കൊണ്ട് വില നിർണ്ണയത്തിൽ കൃഷിക്കാരന്റെ പോക്കറ്റടിക്കുന്നു. ഈ പാൽ മിൽമ വലിയ വിലയ്ക്ക് വിറ്റ് ലാഭം കൊയ്യുന്നു. ആർ.കെ.വി.വൈ. എന്ന സ്കീം ഈ രംഗത്തെ കൃഷിക്കാരെ സഹായിക്കാനാണ്. പക്ഷേ, വൻകിട ഫാമുകളാണ് ഇതിന്റെ ആനുകൂല്യം കൊയ്യുന്നതെന്ന് മനസ്സിലാക്കണം. ചിക്കുൻഗുനിയ ഈ മേഖലയിലെ കൃഷിക്കാരെ ബാധിച്ചിട്ടുള്ളതുകൊണ്ട് കറവ യന്ത്രം കുറഞ്ഞ വിലയ്ക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാനുണ്ട്, ആദ്യം ചേരുന്നവർക്ക് പത്തു വർഷം പാലളക്കണമെന്ന നിബന്ധനയായിരുന്നു. 2007–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതിയനുസരിച്ച് അത് അഞ്ചുവർഷമാക്കി. ഈ ഭേദഗതി എല്ലാവർക്കും ബാധകമാക്കണം. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. തീറ്റപ്പുൽക്കൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കണം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ നടപടികളുടെ ഭാഗമായിട്ടാണ് ഇന്ന് പാലുല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആ നടപടികൾ മുന്നോട്ടു കൊണ്ടുപോകണം. സംഘം ജീവനക്കാർ പത്തും പന്ത്രണ്ടും മണിക്കൂർ പണിയെടുക്കുന്നവരാണ്. അവരുടെ കാര്യത്തിൽ ന്യായമായ ഒരു പരിഗണനയുണ്ടാകണമെന്നാണ് പറയാനുള്ളത്. സാമൂഹ്യവികസനവുമായി ബന്ധപ്പെട്ട് ഐ.എ.വൈ (ഇന്ദിരാ ആവാസ് യോജന) പദ്ധതി പ്രകാരം വീടു

നിർമ്മാണത്തിന് 2011–12 വർഷം എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപയാണ് നൽകിയിരുന്നത്. 15/9/2011–ന് മുമ്പുള്ളവർക്ക് ഒരു ലക്ഷം രൂപയും അതിനുശേഷമുള്ളവർക്ക് 2 ലക്ഷം രൂപയുമായി അത് വർദ്ധിപ്പിച്ചി ട്ടുണ്ട്. ഒരേ സാമ്പത്തിക വർഷത്തിൽ ഇത്തരമൊരു വിവേചനം പാടുണ്ടോ? ഇത് ആ സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വച്ച എല്ലാവർക്കും ബാധകമാ ക്കണം. എസ്.ജി.എസ്.വൈ. പദ്ധതിയിൽ ഒരു വർഷത്തിന്റെ ക്വാർട്ടർ കഴിഞ്ഞിട്ടും ബി.പി.എൽ. ഗുണഭോക്താക്കളുടെ കാര്യത്തിൽ ഇതുവരെയും തീരുമാനമായിട്ടില്ല. എൻ.ആർ.എൽ.എം.–ന്റെ കാര്യത്തിൽ ദേശീയ ഗ്രാമീണ ജീവനോപാധി എന്നു മുതൽ നടപ്പിലാക്കുമെന്നതു സംബന്ധിച്ച് ഒരു തീരു മാനവുമായിട്ടില്ല. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ ദിനങ്ങൾ 200 ആക്കുമെന്നും കൂലി 200 രൂപ ആക്കുമെന്നും ജോലിസമയം രാവിലെ 9 മുതൽ വൈകുന്നേരം 4 മണിവരെയാക്കുമെന്നും പ്രഖ്യാപിച്ചി രുന്നു. പക്ഷേ ആ തീരുമാനം നടപ്പിലാക്കിയിട്ടില്ല. തൊഴിലുറപ്പുകാർക്ക് യൂണിഫോം കൊടുക്കണം. 1000 രൂപ വിദ്യാഭ്യാസ സഹായം സ്ത്രീത്തൊഴി ലാളികൾക്കുമാത്രമല്ല, പുരുഷത്തൊഴിലാളികൾക്കും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അഭിമാനപൂർവ്വം പിന്താങ്ങുന്നു. മികച്ച ഭരണാധികാരിയെന്ന് ഏവരാലും അംഗീകരിക്കപ്പെട്ട ടി.എം. ജേക്കബിന്റെ വേർപാടിനുശേഷം അദ്ദേഹത്തിന്റെ പ്രിയപുത്രൻ തിളക്കമാർന്ന വിജയത്തിലൂടെ നിയമസഭയിലെത്തുകയും മന്ത്രിയാവുകയും ഇപ്പോൾ വളരെ ശ്രദ്ധയോടുകൂടി, കാര്യക്ഷമമായി തന്റെ വകുപ്പിനെ നയിച്ചുകൊണ്ട് മുന്നോട്ടുപോകുകയും ചെയ്യുകയാണ്. ബഹുമാന്യനായ ഭക്ഷ്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതുപോലെ ബഹുമാന്യനായ ഗ്രാമവികസന വകുപ്പുമന്ത്രി, ക്ഷീര മേഖലയുടെയുംകൂടി മന്ത്രിയായ ശ്രീ. കെ.സി.ജോസഫ്, വളരെ പ്രഗല്ഭമായ നിലയിൽ ഈ മേഖലയിൽ മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിൽ പട്ടിണിയില്ലാത്ത കുടുംബങ്ങൾ ഉണ്ടാകണമെന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. കുടുംബാംഗങ്ങൾക്ക് ഒരു രൂപയ്ക്ക് അരി കൊടുക്കുന്നതിനുള്ള വിപ്ലവകരമായ തീരുമാനം പ്രഖ്യാപിക്കുക മാത്രമല്ല അത് നടപ്പിലാക്കികൊണ്ട് വളരെ ഊർജ്ജസ്വലതയോടുകൂടി മുന്നോട്ടുപോകുന്ന ഗവൺമെന്റാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഇവിടെത്തെ ഏറ്റവും വലിയ പ്രശ്നമായിരുന്നു റേഷൻ കാർഡുകൾക്ക് അപേക്ഷിച്ചാൽ കിട്ടാത്ത അവസ്ഥ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഏതാണ്ട് 325000-ത്തോളം അപേക്ഷകൾ കെട്ടിക്കിടക്കുകയായിരുന്നു. ടി.എം. ജേക്കബ് സംസ്ഥാന സർക്കാരിനുവേണ്ടി എടുത്ത തീരുമാനം കെട്ടിക്കിടക്കുന്ന മുഴുവൻ അപേക്ഷകളിന്മേലും തീരുമാനമെടുക്കുക, റേഷൻ കാർഡ് കൊടുക്കുക, അതോടൊപ്പം അപേക്ഷിക്കുന്ന

ആളുകൾക്ക് ഉടൻതന്നെ റേഷൻ കാർഡ് കൊടുക്കുക എന്നുള്ളതായിരുന്നു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിക്കിടന്ന മുഴുവൻ അപേക്ഷക ളിലും തീരുമാനമെടുക്കുകയും എല്ലാവർക്കും റേഷൻ കാർഡുകൾ കൊടു ക്കുകയും മാത്രമല്ല, അപേക്ഷിച്ചാൽ ഉടൻതന്നെ റേഷൻ കാർഡ് കൊടു ക്കുന്ന നടപടി സ്വീകരിച്ചുകൊണ്ട് അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത ഒരു ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് എന്ന് നാട്ടിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. നമ്മുടെ സംസ്ഥാ നത്തെ സംബന്ധിച്ചിടത്തോളം നാം ശ്രദ്ധിക്കേണ്ടതായ കുറെ കാര്യങ്ങളു ണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രത്യേകിച്ച് ഭക്ഷ്യമേഖലയിൽ കീടനാശിനികളുടെയും മായംചേർക്കലിന്റെയും അളവ് വർദ്ധിക്കുന്ന സന്ദർഭ ത്തിൽ നാം കരുതലോടെ മുന്നോട്ടുപോകണമെന്ന് പറയുമ്പോൾ അത് ഒരു ഗവൺമെന്റിനെ ചെറുതാക്കാൻ വേണ്ടിയുള്ള ഉദ്ദേശത്തോടുകൂടി ആരും എടുക്കാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം. അത് ഗവൺമെന്റുകളുടെ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ലെന്ന് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. മലയാളികൾ കുറെനാളുകളായി അനുവർത്തിച്ചുവരുന്ന സംസ്കാരത്തിന്റെ ഭാഗമാണ് ഈ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ. അതു മനസ്സിലാക്കിക്കൊണ്ടു തന്നെ നാം കരുതലോടെ നീങ്ങേണ്ടിയിരിക്കുന്നു. നമുക്കറിയാം ഹോട്ടലുക ളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് രുചി ലഭിക്കുന്നതിനുവേണ്ടി അജിനോ മോട്ടോ പോലുള്ള പദാർത്ഥങ്ങൾ ചേർക്കുന്നതുമൂലം വലിയ വിഷം വാങ്ങി ക്കഴിക്കുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞ ദിവസം ഹൈക്കോടതിപോലും ഇക്കാര്യത്തിലിടപെട്ട് വളരെ ശക്തമായൊരു നിലപാട് സ്വീകരിക്കുകയുണ്ടായി. ഹോട്ടലുകളിൽ കൊടുക്കുന്ന ഭക്ഷണത്തിന്റെ ക്വാളിറ്റി സംബന്ധിച്ച് വ്യക്തമായൊരു കാഴ്ചപ്പാടുണ്ടാകണമെന്നും വിലയിൽ

ശക്തമായ നിയന്ത്രണമുണ്ടാകണമെന്നുമുള്ള ആവശ്യം മുന്നോട്ടുവയ്ക്കുകയുണ്ടായി. അതിന്റെ ചുവടുപിടിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായൊരു നിയമനിർമ്മാണത്തിലേയ്ക്ക് പോകണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വടക്കൻകേരളത്തിലും തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ഹോട്ടലുകളിൽ ഈടാക്കുന്ന വില തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. തന്നെയുമല്ല, ഒരേ ജില്ലയിൽ ഒരേ പ്രദേശത്തുപോലും ഹോട്ടലുകൾ ഈടാക്കുന്ന ഭക്ഷണസാധനങ്ങൾക്ക് വലിയ വില വ്യത്യാസം വരികയാണ്. നിസ്സാരമായ കാര്യത്തിന്റെ പേരിൽ പെട്ടെന്ന് ഹോട്ടലുകളിൽ സാധനസാമഗ്രികളുടെ വില വർദ്ധിക്കുകയാണ്. പെട്രോളിന് വിലവർദ്ധന വന്നാൽ അല്ലെങ്കിൽ കൂലിവർദ്ധനവന്നാൽ അനിയന്ത്രിതമായ വിലയാണ് കൊടുക്കേണ്ടിവരുന്നത്. നന്നായി പ്രവർത്തിക്കുന്ന ഹോട്ടലുകളു നമ്മുടെ സംസ്ഥാനത്തിലുണ്ട് എന്നത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ, പല ഹോട്ടലുകളും അനിയന്ത്രിതമായി വില വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം സംസ്ഥാനത്തുണ്ട് എന്നുള്ള സത്യം നാം ഗൗരവമായി കാണേണ്ട ഒന്നാണ്. അതുപോലെ നമ്മുടെ ഹോട്ടലുകളെ സംബന്ധിച്ചിടത്തോളം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുക അല്ലെങ്കിൽ വേണ്ടെത്ര ശുചിത്വമില്ലാത്ത സാഹചര്യമുണ്ടാക്കുക ഇതൊക്കെ വേദനിപ്പിക്കുന്ന കാര്യങ്ങളാണ്. ഇതുസംബന്ധിച്ച് ശക്തമായ നിയന്ത്രണവും ഒരു നിയമവും നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെ, സംസ്ഥാനത്ത് വെള്ളം തൊട്ട് നാം ഉപയോഗിക്കുന്ന ഇറച്ചി വരെയുള്ള എല്ലാ സാധനങ്ങളിലും മായം കലർന്നിരിക്കുകയാണ്. പൂവിടുന്നതുമുതൽ വിളവെടുക്കുന്നതുവരെയുള്ള എല്ലാ കാലഘട്ടത്തിലും

തളിക്കുന്ന കീടനാശിനികൾ നമ്മുടെ ശരീരത്തെയാകമാനം തകർത്തുകൊണ്ടിരിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. കിണറുകളിൽ നിന്ന് നാം ഉപയോഗിക്കുന്ന വെള്ളത്തെ സംബന്ധിച്ച് പരിശോധന നടത്തിയപ്പോൾ അമിതമായി കോളിഫോം ബാക്ടീരിയ, ഇരുമ്പിന്റെ അംശം എന്നിവയുള്ളതായിട്ടാണ് തെളിിഞ്ഞത്. അവയെല്ലാം ഞെട്ടിക്കുന്ന കാര്യങ്ങളാണ്. കുടിക്കുന്ന വെള്ളംപോലും നമുക്ക് ശരിയായ നിലയിൽ കുടിച്ച് ആരോഗ്യം സംരക്ഷിക്കാൻ പറ്റുന്നില്ല എന്ന അവസ്ഥയാണ് ഇന്നുള്ളത്. പാലിന് കൊഴുപ്പ് കിട്ടാൻവേണ്ടി അരി ചേർക്കുകയാണ്. മറ്റു പദാർത്ഥങ്ങളും ധാരാളം ചേർക്കുകയാണ്. പാൽ കേടുകൂടാതെ സൂക്ഷിക്കാൻവേണ്ടി രാസപദാർത്ഥങ്ങൾ ചേർക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള കീടനാശിനികളാണ് ഉപയോഗിക്കുന്നത്. എൻഡോസൾഫാൻ നിരോധിച്ചെങ്കിലും അതിനെക്കാൾ മാരകമായിട്ടുള്ള പ്രൊഫിനോഫോസും കിഡ്നാൽഫോസും തളിച്ച പച്ചക്കറികൾ തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽനിന്നും കേരളത്തിലേയ്ക്ക് ധാരാളം വന്നുകൊണ്ടിരിക്കുകയാണ്. പച്ചക്കറികളിൽനിന്ന് ശേഖരിച്ച കീടനാശിനികളുടെ അംശം സർക്കാർ ലബോറട്ടറികളിൽ പരിശോധിച്ചപ്പോൾ കിട്ടിയ റിസൽട്ട് എന്നു പറയുന്നത് ജനിതകതകരാറുപോലും ഉണ്ടാകുന്ന രാസപദാർത്ഥങ്ങളുപയോഗിക്കുന്നു എന്നാണ്. അതുപോലെ ശരീരത്തിൽ വീണാൽ പൊള്ളുന്ന ഉത്തേജക മരുന്നുകളാണ് ആഴ്ചയിലൊരിക്കൽ പച്ചക്കറി ക്കടകളിൽ പല സ്ഥലങ്ങളിലും തളിക്കുന്നതെന്ന് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. പയർ, വഴുതനങ്ങ, വെണ്ടയ്ക്ക, പാവയ്ക്ക, കാരറ്റ്, കോളിഫ്ളവർ, ബീൻസ്, തക്കാളി, മല്ലിയില, കറിവേപ്പില, ഉരുളക്കിഴങ്ങ് തുടങ്ങിയവയിലും വാഴപ്പഴം, ഓറഞ്ച്, മുന്തിരി തുടങ്ങിയ പഴവർഗ്ഗങ്ങളിലും മാലത്തിയോൺ, എത്തിയോൺ തുടങ്ങിയ

കീടനാശിനികൾ അപകടകരമായ അളവിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് കണ്ടെത്തിയിരിക്കുകയാണ്. മത്സ്യത്തിന്റെയും മാംസത്തിന്റെയും കാര്യത്തിലും നമുക്ക് ആശ്വാസമില്ല. കന്നുകാലികളുടെ ശരീരത്തിൽ പ്രത്യേകമായിട്ടുള്ള ഇഞ്ചക്ഷൻ കൊടുത്ത് അവിടെ രക്തം കട്ട പിടിപ്പിച്ച് മാംസത്തിന് തൂക്കം കിട്ടുന്ന രീതിയും ചില സ്ഥലങ്ങളിലുണ്ട് എന്നുള്ളതും റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. കുറച്ചു നാളുകൾക്കുമുമ്പ് മലയാളമനോരമ പത്രത്തിൽ മായാ ബസാർ എന്ന ഒരു പരമ്പയുണ്ടായിരുന്നു. ഞെട്ടിപ്പിക്കുന്ന കാര്യങ്ങളാണ് അതിൽ വരുന്നത്. ഈ രീതിയിൽ നമുക്ക് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും. നമ്മളെല്ലാവരും ചിന്തിക്കേണ്ടതായ ഒരു കാര്യമുണ്ട്. എത്രമാത്രം വികസനം ഉണ്ടായാലും എത്രമാത്രം പുരോഗതി ഉണ്ടായാലും മനുഷ്യൻ ആരോഗ്യത്തോടെ ജീവിക്കുന്ന സാഹചര്യമില്ലെങ്കിൽ നമുക്ക് എങ്ങനെയാണ് മുന്നോട്ടുപോകാൻ കഴിയുന്നത്? അതുകൊണ്ട് തീർച്ചയായിട്ടും ഇത്തരത്തിൽ മായം ചേർക്കുന്ന ആളുകളെ അല്ലെങ്കിൽ ഇത്തരത്തിൽ ജനങ്ങളുടെ ആരോഗ്യത്തിന് യാതൊരു പ്രാധാന്യവും കൊടുക്കാതെ അമിതമായ ലാഭത്തിനുവേണ്ടി കാര്യങ്ങൾ നടത്തുന്ന ആളുകളെ തിരിച്ചറിയുകയും അവരെ കൽത്തുറുങ്കിൽ അടയ്ക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇവിടെ നമുക്ക് നിയമമുണ്ട്. ആ നിയമത്തിൽ ശക്തമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് പഴുതുകൾ അടച്ചുകൊണ്ട്, നിയമം ശരിയായ നിലയിൽ ഉപയോഗിച്ചുകൊണ്ട് ശക്തമായ നിലയിൽ മുന്നോട്ടുപോകാൻ വേണ്ടിയിട്ടുള്ള നീക്കങ്ങൾ ഈ സംസ്ഥാനത്ത് നടത്തണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. നമ്മൾ ഉപയോഗിക്കുന്ന എല്ലാ സാധന സാമഗ്രികളും പ്രത്യേകിച്ച് നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന സാധന സാമഗ്രികൾ പച്ചക്കറികളോ പഴ

വർഗ്ഗങ്ങളോ എന്തായാലും ഇങ്ങോട്ട് കടന്നുവരുന്ന മേഖലകളിൽ മൊബൈൽ യൂണിറ്റുകൾ സ്ഥാപിച്ച് പരിശോധന നടത്താനുള്ള സാഹചര്യമുണ്ടാകണം. അതുപോലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പരിശോധിക്കാനാവശ്യമായ പരിശീലനം കൊടുക്കണം. അത്തരത്തിൽ ഈ കാര്യത്തിൽ വേണ്ടത്ര നിലയിലുള്ള ജാഗ്രത കാണിച്ചുകൊണ്ട് നമുക്ക് മനുഷ്യജീവനാണ് വലുത് എന്നുള്ള രീതിയിൽ എടുത്തുകൊണ്ട് ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. നമുക്കറിയാം 1967 മുതൽ കേരളത്തിൽ വളരെ ഭംഗിയായി ചിട്ടയായി നടന്നുവരുന്ന സംവിധാനമാണ് റേഷൻ സംവിധാനം. ഈ റേഷൻ സംവിധാനത്തെ സംബന്ധിച്ചിടത്തോളം, റേഷൻകടകളിലൂടെ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയവയൊക്കെ കൊടുക്കുന്നത് വളരെ ആശ്വാസകരമാണ്. അതോടോപ്പംതന്നെ റേഷൻകട വഴി സാധനസാമഗ്രികൾ കൊടുക്കുമ്പോൾ അത് ശരിയായ നിലയിൽതന്നെ റേഷൻകടകൾവഴി വിതരണം ചെയ്യുക എന്നുള്ളത് നമ്മൾ ഉറപ്പാക്കേണ്ടതായിട്ടുണ്ട്. അങ്ങനെയുള്ള സന്ദർഭത്തിൽതന്നെ റേഷൻകടകൾ, വ്യാപാരികൾ, പ്രത്യേകിച്ച് റീട്ടെയിൽ റേഷൻ വ്യാപാരികൾ അനുഭവിക്കുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട് എന്നാണെനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ ടി.എം. ജേക്കബ് സാറിന്റെ കാലത്ത്, റേഷൻ റീട്ടെയിൽ വ്യാപാരികളെ വിളിച്ചിരുത്തി, അവർ ചില കമ്മീഷന്റെ കാര്യങ്ങൾ സൂചിപ്പിച്ചപ്പോൾ അവർക്ക് മതിയായ കമ്മീഷൻ കൊടുക്കണമെന്നുതന്നെ അദ്ദേഹത്തിന് ഉദ്ദേശമുണ്ടായിരുന്നു. അതിനാവശ്യമായ ചർച്ച നടത്തുകയുണ്ടായി റേഷൻകട ഉടമകൾ,

റീട്ടെയിൽ വ്യാപാരികളെ സംബന്ധിച്ചൊക്കെ അവർക്ക് സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിന് കുറെ ചെലവുണ്ട്. കമ്മീഷന്റെ അടിസ്ഥാനത്തിലാണ് ആ മേഖലയിൽ അവർ പിടിച്ചുനിൽക്കുന്നത്. റേഷൻ വ്യാപാരികളെ സംബന്ധിച്ചിടത്തോളം അവർക്ക് കടയ്ക്ക് വാടക കൊടുക്കണം, സെയിൽസ്മാന് ശമ്പളം കൊടുക്കണം, അതുപോലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട കര്യങ്ങളൊക്കെ ചെയ്യേണ്ടതുണ്ട്. കമ്മീഷൻ മതിയായ നിലയിൽ അവർക്ക് കൊടുക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം എന്നാണെനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഉത്സവബത്തപോലുള്ള കാര്യങ്ങൾ മുടക്കംകൂടാതെ കൊടുക്കാനുള്ള സാഹചര്യവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങികൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, കൊള്ളയും കൊടിയ വഞ്ചനയും മുഖമുദ്രയാക്കിയ യു.ഡി.എഫ് സർക്കാർ കൊണ്ടുവന്ന ഭക്ഷ്യം, ക്ഷീരവികസനം, സാമൂഹ്യ വികസനം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. യു.ഡി.എഫ്.–ലേയ്ക്ക് പോകുന്നത് ആത്മഹത്യക്ക് തുല്യമാണെന്നു പ്രസ്താവിച്ച ഒരാൾ ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിനു വേണ്ടി പ്രസംഗിച്ചു. പ്രേതാത്മാവാണോ ഇവിടെ പ്രസംഗം നടത്തിയത്? കേരള നിയമസഭയുടെ ചരിത്രത്തിലാദ്യമായി ഒരു പ്രേതാത്മാവിന്റെ പ്രസംഗം നമുക്ക് കേൾക്കാൻ ഇടയായി എന്നതാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്. അദ്ദേഹം പ്രസംഗിച്ചത് ഒഞ്ചിയം കേസ്സുമായി ബന്ധപ്പെട്ടാണ്. ശ്രീ. സെൽവരാജാണ് എന്നുള്ളതുകൊണ്ട് ഞാൻ രൂക്ഷമായി പറയുന്നില്ല. മുൻകൂട്ടി തയ്യാറാക്കിയ ഒരു തിരക്കഥയുടെ അടിസ്ഥാനത്തിലാണ് ഒഞ്ചിയം കേസ് മുന്നോട്ടുപോകുന്നത് എന്നത് പ്രത്യക്ഷമായ തെളിവാണ്. കേരള രാഷ്ട്രിയത്തെ സംബന്ധിച്ച് എബിസിഡി അറിയാത്ത ശ്രീ. സെൽവരാജിന്റെ പ്രസംഗം അതാണ് ചൂണ്ടിക്കാണിക്കുന്നത്. മുൻകൂട്ടി പാർട്ടി നേതാക്കന്മാരുടെ ലിസ്റ്റ് തയ്യാറാക്കി ഓരോരുത്തരെയായി അറസ്റ്റ് ചെയ്യുകയാണ്. വൺ, ടു, ത്രീ എന്നു പറഞ്ഞാണ് അറസ്റ്റ്. ഉത്തരവാദപ്പെട്ട ആളുകൾ മുൻകൂട്ടി തയ്യാറാക്കി നിർദ്ദേശം കൊടുത്ത് ഈ കേസ്സുണ്ടായപ്പോൾ ഉന്നത പോലീസുദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു. ആ യോഗത്തിൽ കെ. പി.സി.സി. പ്രസിഡന്റാണ് ചെല്ലുന്നത്. എന്നിട്ടാണ് കേസ് മുന്നോട്ടുകൊണ്ടു പോകുന്നത്. കേരളം എവിടേടേയ്ക്കാണ് പോകുന്നത്? ഇത്തരമൊരു ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ ഒരർത്ഥത്തിലും പിന്തുണയ്ക്കാൻ, അതിന് സഹയകരമായൊരു സമീപനം സ്വീകരിക്കാൻ എനിക്ക് കഴിയില്ല എന്നു ഞാൻ സൂചിപ്പിക്കുകയാണ്. തികഞ്ഞ അലംഭാവമാണ്. ശ്രീ. സെൽവ

രാജിന്റെ വെളിപ്പെടുത്തൽ എന്ന് അദ്ദേഹത്തിന്റെ പ്രസംഗം വ്യക്തമാക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നത്? നമ്മുടെ നാട്ടിലൊരു രാഷ്ട്രീയ കൊലപാതകം ഉണ്ടായാൽ അതിനെ സംബന്ധിച്ച് സത്യസന്ധമായ അന്വേഷണം നടത്തി പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കണം. അതിനെല്ലാവിധ പിന്തുണയും സി.പി.എം.-ന്റെ ഭാഗത്തു നിന്നുണ്ട്. അത് മാറ്റിവച്ച് പാർട്ടിയെ ആക്രമിക്കാൻ, ജനാധിപത്യത്തിത്തെ താറടിക്കാനുള്ള ഈ ഗവൺമെന്റിന്റെ നീക്കത്തെ സർവ്വശക്തി ഉപയോഗിച്ച് ഞങ്ങൾ ചെറുത്ത് പരാജയപ്പെടുത്തുമെന്നാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ക്ഷീരവികസനം, സാമൂഹ്യ വികസനം എന്നീ കാര്യങ്ങളിൽ തികഞ്ഞ അലംഭാവമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. നമ്മുടെ നാട്ടിൽ റോഡ് അത്യാവശ്യമാണ്. റോഡുണ്ടാക്കുന്നതിനാവശ്യമായിട്ടുള്ള ശക്തമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്റെ മണ്ഡലത്തിൽ ഒരു റോഡുണ്ടാക്കി. ഇപ്പോൾ റോഡുണ്ടാകുമെന്നുള്ളതിന് യാതൊരു ഉറപ്പുമില്ല. പി.എം.ജി.എസ്.വൈ. പോലുള്ള കേന്ദ്രാവിഷ്കൃത ഫണ്ടുകളെല്ലാം ഉപയോഗപ്പെടുത്തികൊണ്ട് റോഡുകളുണ്ടാക്കുന്നതിനാവശ്യമായിട്ടുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. വളരെ വേദനാജനകമായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ് ഈ രംഗത്ത് വന്നിട്ടുള്ളത്. എന്റെ മണ്ഡലത്തിലും ഗ്രാമവികസനവുമായി ബന്ധപ്പെടുത്തി, സാമൂഹ്യ വികസനവുമായി ബന്ധപ്പെടുത്തി നിരവധി റോഡുകളുണ്ടാക്കുന്നതിനാവശ്യമായ എല്ലാവിധ പ്രവർത്തനങ്ങളും നടത്തിയ റോഡുകളുണ്ട്. ആറ് റോഡുകൾ ഇന്നു വരും നാളെ വരും മറ്റെന്നാൾ ഉറപ്പായും വരും എന്നു പറയേണ്ട സ്ഥിതിവിശേഷമാണ് നിലനിൽക്കു

ന്നത്. ഈ രംഗത്ത് മന്ത്രി ഇടപെട്ട് ശക്തമായിനിലപാട് സ്വീകരിച്ച് ഈ രംഗത്തുള്ള അലംഭാവം പരിഹരിക്കാൻ നടപടിയെടുക്കണം. ടെണ്ടർ, റീ-ടെണ്ടർ പ്രവൃത്തി ആരും ഏറ്റെടുക്കാൻ തയ്യാറാവുന്നില്ല. കരാറുകാർ മുന്നോട്ടുവരുന്നില്ല. നടപ്പിലാക്കാൻ കഴിയാത്ത നിരവധി നിബന്ധനകളാണ് വന്നിട്ടുള്ളത്. അതുപോലെ അനാസ്ഥയും കെടുകാര്യസ്ഥതയുമുള്ള ഒരു ഉദ്യോഗസ്ഥ വിഭാഗംകൂടി ആകുമ്പോൾ ഈ മേഖലയിലൊന്നും നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ശക്തമായ രൂപത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ക്ഷീരവികസന മേഖല. മൂന്നേകാൽ കോടി ജനങ്ങൾ അധിവസിക്കുന്ന സംസ്ഥാനമാണ് കേരളം. 'അമ്മ എനിക്ക് പാൽ തരും. അത് കുടിക്കാഞ്ഞാൽ അമ്മ കരയും' എന്നൊക്കെയാണ് ഞാൻ സ്കൂളിൽ പഠിച്ചുവന്നിട്ടുള്ളത്. ഇപ്പോൾ നമ്മുടെ നാട്ടിൽ പാലിന്റെ ഉപഭോഗം കൂടിയിട്ടുണ്ട്. പക്ഷേ കേരളത്തിൽ ആവശ്യത്തിന് പാൽ ഉത്പ്പാദിപ്പിക്കപ്പെടുന്നില്ല. ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള ശക്തമായ നടപടി സ്വീകരിക്കണം. 30-35 ലക്ഷം ലിറ്റർ പാൽ കേരളത്തിന് ആവശ്യമുണ്ട്. 20-25 ലക്ഷം ലിറ്റർപാൽ മാത്രമാണ് ഇവിടെ ഉത്പ്പാദിപ്പിക്കുന്നത്. തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽ നിന്നാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത്. പാൽ വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ അപ്പോൾത്തന്നെ കേട് വന്നുപോകുന്ന സ്ഥിതിയാണ്. എന്നാൽ ഇന്ന് ഒരാഴ്ചയൊക്കെ കേടുകൂടാതെ ഇരിക്കുന്ന പാലാണ് കിട്ടുന്നത്. എന്തു പാലാണിത്? ഇത് കേരളത്തിലെ ജനങ്ങളുടെ ശരീരത്തെ എങ്ങനെ ബാധിക്കുന്നു, ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ? മലിനമായ, മായംചേർത്ത ഭക്ഷ്യവസ്തുക്കൾ കഴിക്കുന്ന

തിന്റെ ഫലമായിട്ടാണ് ഇന്ന് നമ്മുടെ നാട്ടിൽ മാരക രോഗങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നത്. അതിൽ പാൽ ഒരു നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. പാൽ കുടിച്ചാൽ അവന്റെ ആപ്പീസ് പൂട്ടും എന്ന സ്ഥിതി വിശേഷമാണ് ഇപ്പോൾ കേരളത്തിൽ നിലനില്ക്കുന്നത്. എന്ത് നടപടിയാണ് അക്കാര്യ ത്തിൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്? കേരളത്തിലെ ജന ങ്ങൾക്കാവശ്യമായ പാൽ കേരളത്തിൽത്തന്നെ ഉത്പ്പാദിപ്പിക്കുന്നതിനാവശ്യ മായ ശക്തമായ നടപടിയുണ്ടാകണം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അത്യുത്പാദനശേഷിയുള്ള കാലിക്കൂ ട്ടത്തെ വികസിപ്പിച്ചെടുക്കാൻ വിദേശരാജ്യങ്ങളിൽ നിന്നും വിത്ത് കാളക ളുടെ ബീജംകൊണ്ടുവന്ന് സങ്കര പ്രജനനം നടത്തി ക്ഷീരധാരാ പദ്ധതി കേര ളത്തിൽ നടപ്പിലാക്കി. 50,000 ലിറ്റർ പാലിന്റെ അധിക ഉത്പ്പാദനമാണ് ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നത്. ആ നിലയിൽ ശക്തമായ സമീപനം സ്വീകരിക്കുന്നതിനുവേണ്ടി സർക്കാർ തയ്യാറാ കണമെന്നാണ് ഇത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

അതുപോലെതന്നെ ഭക്ഷ്യം. ഭക്ഷ്യവകുപ്പ് കൈകാര്യം ചെയ്യുന്നത് പുതിയ മന്ത്രിയാണ്. ഞാൻ അദ്ദേഹത്തെ വ്യക്തിപരമായി ഒന്നും പറയു ന്നില്ല. പക്ഷേ ഗവൺമെന്റിന്റെ പ്രതിനിധി എന്ന നിലയിൽ വിമർശിക്കാതിരി ക്കാൻ കഴിയില്ല. വിശക്കുന്നവന്റെ മുമ്പിലേയ്ക്ക് ദൈവത്തിനുപോലും അപ്പത്തിന്റെ രൂപത്തിലേ പ്രവേശിക്കാനാകൂ എന്ന് ബൈബിളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ നാട്ടിൽ രൂക്ഷമായ പ്രശ്നങ്ങൾ ഉയർന്നുവരാൻ പോകുകയാണ്. മറ്റ് കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞു. വിലക്കയറ്റം ഏറ്റവും രൂക്ഷമായ ഒരു പ്രശ്നമാണ്. അതിവേഗം ബഹുദൂരം രൂക്ഷമായ വിലക്ക

യറ്റം എന്നതാണ് യു.ഡി.എഫ്-ന്റെ മുഖമുദ്ര. സ്വിറ്റ്സർലന്റിലെ ബേൺ പരീക്ഷണശാലയിൽ പ്രകാശവേഗത്തെ തോൽപ്പിച്ച ഭൗതികകണത്തെ കണ്ടെത്തി എന്നൊരു വാർത്ത വന്നിരുന്നു. പിന്നീടത് തിരുത്തി. എന്നാൽ കേരളത്തിലിന്ന് വിലക്കയറ്റം പ്രകാശവേഗത്തെ തോല്പ്പിച്ചുകൊണ്ട് മുന്നേറുകയാണ്. ഇത് തടയാൻ ഇവിടെ ഭരണാധികാരികളില്ല. ഇവരുടെ യജമാനന്മാരെന്ന് പറയുന്ന കേന്ദ്ര ഗവൺമെന്റ് രൂക്ഷമായ വിലക്കയറ്റം ഉണ്ടാക്കുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കുന്നത്. അരി, എണ്ണ, ഉപ്പ്, മുളക്, പാൽ, ഉള്ളി, പച്ചക്കറി, സോപ്പ്, ചീർപ്പ്, കണ്ണാടി എല്ലാത്തിനും ഇന്ന് വിലകൂടി. വില കൂടാത്ത ഒരു വസ്തുവുമില്ല. സ്വർണ്ണത്തിന് റിക്കോർഡ് വില. എന്ത് നടപടിയാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കുന്നത്? ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഇതൊന്നും തടയാനിവിടെ ആരുമില്ല. അതിവേഗം യു.ഡി.എഫ് ഗവൺമെന്റ് ആർക്ക് വേണ്ടിയാണ് ഭരിക്കുന്നത്? കേന്ദ്ര ഗവൺമെന്റ് പൊതുവിതരണ സംവിധാനത്തെ തകർത്ത് തരിപ്പണമാക്കി. ഇതിനെതിരെ കേരളം ഭരിക്കുന്ന ഗവൺമെന്റ് ഒരക്ഷരം മിണ്ടുന്നുണ്ടോ; ശക്തമായ നിലപാട് അവർ സ്വീകരിക്കണ്ടേ? നിത്യോപയോഗ സാധനങ്ങളെല്ലാം പുറത്തുനിന്ന് നമ്മുടെ നാട്ടിലേയ്ക്ക് വരുന്നതാണ്, കേരളത്തിൽ അവ വാങ്ങി ഉപയോഗിക്കുന്നവയാണ്. പൊതുവിതരണ സംവിധാനം തകർന്നാൽ കേരളം തകരും. ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ നയമെന്താണ്; ഞങ്ങൾക്ക് അതറിയാനുള്ള താത്പര്യം ഉണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശക്തമായ നിലപാട് അക്കാര്യത്തിൽ സ്വീകരിച്ചതാണ്. അതുപോലെ പെട്രോളിയം ഉത്പ്പന്നങ്ങൾക്ക് ഇപ്പോൾ വിലകൂട്ടിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിനുവേണ്ടി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ പറയുന്നത്, സംസ്ഥാനത്തിന് കിട്ടാനുള്ള ടാക്സ് ഞങ്ങൾ ഒഴിവാക്കി

എന്നാണ്. എന്തൊരു ഉദാരത; എന്തൊരു മര്യാദ. ഈ നാട്ടിലെ ജനങ്ങളെ കൊള്ളയടിച്ചിട്ട് നക്കാപ്പിച്ച സൗജന്യം കൊടുത്തിട്ട് അത് മഹത്തായ കാര്യമായിട്ടാണ് യു.ഡി.എഫ് ഗവൺമെന്റ് ചൂണ്ടിക്കാണിക്കുന്നത്. രാജ്യം ഭരിക്കുന്ന ഭരണാധികാരികൾ നടത്തിക്കൊണ്ടിരിക്കുന്ന ക്രൂരമായ ഈ കൊള്ളയ്ക്കെതിരെ ചെറുവിരൽ അനക്കാൻ പോലുമുള്ള രാഷ്ട്രീയ ഇച്ഛാശക്തി കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റിന് നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് എനിക്ക് ഇത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നു. ഓണം, ക്രിസ്തുമസ്, ബക്രീദ്, ഈസ്റ്റർ, ദീപാവലി, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചന്തകൾ ആരംഭിച്ചു. അതുപോലെ മാവേലിസ്റ്റോർ, കൺസ്യൂമർഫെഡ്, സഹകരണസംഘങ്ങൾ എന്നിവയിലൂടെയെല്ലാം വിപണിയിൽ ഇടപെട്ടു. അതുകൊണ്ട് വിലക്കയറ്റം ഒരു പരിധിവരെ തടയുന്നതിനാവശ്യമായ നീക്കം ഉണ്ടാക്കാൻ കഴിഞ്ഞു. അരിക്ഷാമം ഉണ്ടായപ്പോൾ ആന്ധ്രയിൽനിന്നും ബംഗാളിൽ നിന്നും അരികൊണ്ടുവന്നാണ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത്. ഇന്നത്തെ സ്ഥിതി എന്താണ്? വളരെ രൂക്ഷമായ അവസ്ഥയാണ്. നിത്യോപയോഗ സാധനങ്ങൾക്ക് വിലകൂടിക്കൊണ്ടിരിക്കുന്നു. ഹോട്ടലുകളിൽ ചപ്പാത്തി, പൊറോട്ട, അട, വട, സുഖിയൻ, ചായ, കാപ്പി, ഊണ് എല്ലാത്തിനും വിലകൂടി. മലയാള മനോരമ പത്രത്തിൽ പാലക്കാട്ട് നിന്നൊരു വാർത്തയുണ്ട്. യു..ഡി.എഫ്-ന്റെ മുഖപ്പത്രമാണ് മലയാള മനോരമ. അതിലെ വാർത്ത എന്താണെന്നറിയാമോ; 'പഴത്തിന്റെ വില കേട്ടപ്പോൾ

പഴംപൊരി അപ്രത്യക്ഷമായി'. പാലക്കാട്: 'ഇളംചൂടിൽ പൊതിഞ്ഞ പഴത്തിന്റെ മാധുര്യമൂറുന്ന പഴംപൊരി ജില്ലയുടെ വിഭവ പാത്രത്തിൽനിന്നും അപ്രത്യക്ഷമാകുന്നു. നേന്ത്രക്കായയുടെ വിലവർദ്ധനവാണ് പഴംപൊരിയെ ഹോട്ടലുകളിൽനിന്നും തട്ടുകടകളിൽ നിന്നും മായ്ച്ചുകളയുന്നത്'. നല്ലൊരു പഴംപൊരി കിട്ടണമെങ്കിൽ 8 രൂപ മുതൽ 10 രൂപ വരെ നല്കണം. ഈ വിലയ്ക്ക് പഴംപൊരി വാങ്ങാൻ ഉപഭോക്താക്കൾ തയ്യാറല്ലെന്ന് കടക്കാർ പറയുന്നു. നേന്ത്രക്കായയുടെ വിപണിവില കേട്ടാൽ ആരും ഞെട്ടും. ഇത് ദേശാഭിമാനി പത്രമല്ല, മലയാള മനോരമയാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ നിലയിൽ രൂക്ഷമായ വിലക്കയറ്റമാണ്. എന്താണ് ഇവിടെ ഗവൺമെന്റ് ചെയ്യുന്നത്; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ തമിഴ്നാട്ടിൽ, കേരളത്തിലുള്ളതിനേക്കാൾ വില കൂടുതലായിരുന്നു. തമിഴ്നാട്ടിലെ അണ്ണാച്ചിമാർ, പാലക്കാട്-എന്റെ മണ്ഡലമായ കൊല്ലങ്കോട്ട് വന്നാണ് സാധനങ്ങൾ വാങ്ങിയിരുന്നത്. ഇപ്പോൾ നമ്മൾ അങ്ങോട്ട് പോകേണ്ട സ്ഥിതിവിശേഷമാണ്. ആ നിലയിൽ രൂക്ഷമായ വിലക്കയറ്റമാണുണ്ടായിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 20-25 രൂപയായിരുന്ന അരി ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 35-ഉം 40 -ഉം രൂപയായിരിക്കുകയാണ്. രണ്ട് രൂപയുടെ അരി ഇവിടെ കൊടുത്തില്ല-കൊടുക്കാൻ പദ്ധതി ഇട്ടതേയുള്ളൂ എന്നാണ് പറഞ്ഞത്. '2009 ഏപ്രിൽ മാസം മുതൽ രണ്ട് വർഷം ഏതാണ്ട് 45 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അരി കൊടുത്തിട്ടുണ്ടായിരുന്നു' ഇത് ബഹുമാന്യനായ

ഇന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിയുടെ അച്ഛൻ ടി. എം. ജേക്കബ് നിയമസഭയിൽ പറഞ്ഞ ആധികാരികമായ കണക്കാണ് ഞാൻ പറയുന്നത്. അതെല്ലാം വിസ്മരിച്ചിട്ട് ഇപ്പോൾ ഞങ്ങൾ ഒരു രൂപയ്ക്ക് അരി കൊടുക്കുന്നുണ്ട് എന്നാണ് പറയുന്നത്. ഒരു രൂപയ്ക്ക് കൊടുക്കുന്ന അരിയുടെ കാര്യം പറയാതിരിക്കുന്നതാണ് ഭേദം. കഴിഞ്ഞ ദിവസം ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒലവക്കോട് എഫ്.സി.ഐ ഗോഡൗൺ സന്ദർശിക്കുന്നതിന്റെ ഫോട്ടോ മലയാള മനോരമ പത്രത്തിൽ വന്നതാണ്. പുഴുവരിക്കുന്ന അരി – അവിടെ ഉദ്യോഗസ്ഥന്മാർ ചെന്നു. നമ്മുടെ രാജ്യത്ത് ഭക്ഷ്യധാന്യോത്പാദനം വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. പാവപ്പെട്ട ആളുകൾക്ക് ന്യായവിലയ്ക്ക് ഭക്ഷ്യധാന്യം എത്തിയ്ക്കാൻ യാതൊരു വിഷമവുമില്ല. ഇഷ്ടംപോലെ സ്റ്റോക്കുണ്ട്. ആ സ്റ്റോക്ക് ഫലപ്രദമായ രൂപത്തിൽ ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനുള്ള ഇച്ഛാശക്തി ഇല്ലാത്ത ഗവൺമെന്റാണ് ഈ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നത്. പുഴുവരിക്കുന്ന അരിയെക്കുറിച്ച് ഉദ്യോഗസ്ഥന്മാരോട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചപ്പോൾ, 'ഇതൊന്നും ഞങ്ങളുടെ കുറ്റമല്ല, അരിയിൽ കാണുന്ന ഈച്ചവരെ ഹൈദ്രാബാദിൽ നിന്ന് വന്നതാണ്' എന്നാണ് ഉദ്യോഗസ്ഥർ രസകരമായിപറഞ്ഞത്. അരിയിൽ കാണുന്ന പുഴു അംഗീകരിക്കാം. പക്ഷേ ഈച്ച ഹൈദ്രാബാദിൽ നിന്ന് വന്നതാണെന്നാണ് ഉദ്യോഗസ്ഥന്മാർ ബഹുമാന്യനായ പ്രതിപക്ഷ നേതാവിനോട് പറഞ്ഞത്. ഈ നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. നമ്മുടെ നാട്ടിൽ ഇതൊന്നും ശ്രദ്ധിക്കാൻ, ശരിയായ രൂപത്തിൽ നടപ്പിലാക്കാൻ ഇച്ഛാശക്തിയുള്ള ഒരു രാഷ്ട്രീയ സംവിധാനം, ഭരണ സംവിധാനം ഇല്ലാത്തതിന്റെ പ്രത്യക്ഷമായ പരാജയ

മാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇവർ ആർക്ക് വേണ്ടിയാണ് ഭരിക്കുന്നത്? പാവപ്പെട്ട ആളുകളെ വലിയതോതിൽ സഹായിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണ്ടേ? രാജ്യത്ത് 120 കോടി ജനസംഖ്യയുണ്ട്. പ്രതിദിനം 20 രൂപപോലും വരുമാനമില്ലാത്ത ആളുകളാണ് ഏതാണ്ട് 75 ശതമാനം ആളുകളെന്ന് ഭരണാധികാരികൾ തന്നെ പറയുന്നുണ്ട്. ആ നിലയിലുള്ള പാവപ്പെട്ട മനുഷ്യനെ സഹായിക്കുന്നതിനാവശ്യമായിട്ടുള്ള നിലപാട് സ്വീകരിക്കണ്ടേ? ഭക്ഷ്യവില രൂക്ഷമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യവില വർദ്ധിക്കുമ്പോൾ അത് തടയുന്നതിനാവശ്യമായ യാതൊരു സംവിധാനവും ഉണ്ടാകുന്നില്ല. പൊതുവിതരണ ശൃംഖല തകർക്കുന്നു. അതുപോലെതന്നെ 4.5 കോടി ടൺ ഭക്ഷ്യധാന്യം നമ്മുടെ രാജ്യത്ത് സ്റ്റോക്കുണ്ട്. ഭക്ഷ്യസുരക്ഷയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് 1.6 കോടി ടൺ ഭക്ഷ്യധാന്യം മതിയാകും. എന്നിട്ടും പാവപ്പെട്ട ആളുകളെ സഹായിക്കുന്നതിനാവശ്യമായ യാതൊരു സംവിധാനവും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഭക്ഷ്യധാന്യങ്ങൾ മില്ലുടമകൾക്ക്, വൻകിട കച്ചവടക്കാർക്ക് കൊടുക്കുകയാണ്. ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചിരിക്കുകയാണ്. 2009–10 ബഡ്ജറ്റിൽ കോർപ്പറേറ്റ് മുതലാളിമാർക്ക് ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ച് 4 ലക്ഷം കോടി രൂപയുടെ ആനുകൂല്യം കൊടുത്തു. ഭക്ഷ്യ സബ്സിഡിക്ക് കേവലം 52000 കോടി രൂപ മതി. അതിനു പണമില്ല. കോർപ്പറേറ്റ് മുതലാളിമാർക്ക് 4 ലക്ഷം കോടി രൂപ കോൺഗ്രസ്സിന് കൊടുക്കാം. അത് കൊടുക്കുന്നതിന് കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റിനോ കോൺഗ്രസ്സിനോ ഒരു വിഷമവുമില്ല. പാവപ്പെട്ട മനുഷ്യന് കേവലം 52000

കോടി രൂപ കൊടുക്കാനോ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനോ കോൺഗ്രസ്സിന്റെ കൈയിൽ പണമില്ല. പെട്രോളിനും ഡീസലിനും വൻതോതിൽ വിലകൂട്ടി. റിലയൻസ് ഉൾപ്പെടെയുള്ള സ്വകാര്യ എണ്ണകമ്പനികളെ സഹായിക്കുന്നതിനാലാണ് രൂക്ഷമായ വിലക്കയറ്റമുണ്ടായത്. ഈ വിലക്കയറ്റം തടയാൻ ഭരണാധികാരികൾ തയ്യാറാവുകയും സാധാരണക്കാരെ സഹായിക്കുകയും വേണം. അതിന് കേന്ദ്ര ഗവൺമെന്റിന് എവിടെയാണ് സമയം? ഗവൺമെന്റിന്റെ ഭരണച്ചെലവുകളെ സംബന്ധിച്ച് പരിശോധിക്കുന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ സി.പി.എം. അല്ല, പ്രതിപക്ഷമല്ല, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പറഞ്ഞില്ലേ. ഭൂമിയ്ക്കടിയിലെ ഖനികവസ്തുക്കൾ കൊള്ളയടിക്കാൻ കോർപ്പറേറ്റ് മുതലാളിമാർക്ക് അനുമതി കൊടുത്തതിന്റെ ഭാഗമായി 10,67,000 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. ഇത് സി.പി.എം-ന്റെയോ പ്രതിപക്ഷ പാർട്ടികളുടെയോ കണക്കല്ല. സി & എ. ജി. യുടെ കണക്കാണ്. സ്വിസ് ബാങ്കിന്റെ ഇടപാട് 2 ലക്ഷം കോടി രൂപയും 2ജി-സ്പെക്ട്രം 1.76 ലക്ഷം കോടി രൂപയും കോമൺ വെൽത്ത് ഗെയിംസും ആദർശ് ഫ്ളാറ്റ് കുംഭകോണം തുടങ്ങിയ കൊള്ളമുതലിന്റെ ചെറിയൊരു അംശം മതി വിലക്കയറ്റം നിയന്ത്രിക്കാൻ. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താനായി ഒരു കാര്യവും ഇവിടെ നടക്കുന്നില്ല. ഇവർ ഭരിക്കുന്നത് ആർക്കുവേണ്ടിയിട്ടാണ്? ഈ നാട്ടിലെ പാവപ്പെട്ട മനുഷ്യർക്ക് വേണ്ടിയിട്ടാണോ? അതോ രാജ്യത്തെ കോർപ്പറേറ്റ് മുതലാളിമാർക്കു വേണ്ടിയിട്ടാണോ? ഇതിനെ സംബന്ധിച്ചൊക്കെ എനിക്കു ശേഷം പ്രസംഗിക്കുന്ന ബഹുമാന്യനായ ബെന്നി ബെഹനാൻ മറുപടി പറയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ആഗോളവത്ക്കരണ സാമ്പത്തിക നയത്തിന്റെ ഭാഗമായി

ട്ടാണ് ഇത്തരമൊരു സ്ഥിതിവിശേഷം രാജ്യത്തുണ്ടായിട്ടുള്ളത്. സ്വകാര്യവത്ക്കരണവും ഉദാരവത്ക്കരണവും പൊതുസ്വത്ത് സ്വകാര്യ കുത്തകകൾക്ക് ചുളുവിലയ്ക്ക് വൻതോതിൽ കൈമാറ്റം ചെയ്യപ്പെടുന്ന ഭീതിജനകമായ സ്ഥിതിവിശേഷമാണ് നമ്മുടെ രാജ്യത്തുള്ളത്. ഇതിന്റെ ചെറുപതിപ്പാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിൽ അതിവേഗം നടക്കുന്നത്. മുൻകാലങ്ങളിൽ യു.ഡി.എഫ്. അധികാരത്തിൽ വരുന്ന സമയങ്ങളിലെല്ലാം പല ആരോപണങ്ങളും ഉയർന്നുവന്നിട്ടുണ്ട്. യു.ഡി.എഫിന്റെ നിരവധി മന്ത്രിമാർ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനമൊഴിയേണ്ടി വന്നിട്ടുണ്ട്. ഒരു മുൻമന്ത്രി ജയിലിൽ കിടക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കിയിട്ടുണ്ട്. അത്തരമൊരു ചരിത്രമുള്ള യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിലിരിക്കുമ്പോൾ വീണ്ടും അഴിമതി കൊടികുത്തിവാഴുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അഴിമതി കേസ്സുകളിൽ പ്രതികളായ ആളുകളാണ് ഇപ്പോൾ മന്ത്രിമാരായി വന്നിട്ടുള്ളത്. സർക്കാർ ഫണ്ട് സ്വകാര്യ-ധനകാര്യ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന അവസ്ഥാവിശേഷമുണ്ട്. ബാർ ലൈസൻസ് നൽകുന്നതിൽ വാക്കും പ്രവൃത്തിയും രണ്ടുതരത്തിലാണ്. കേരളത്തിലെ വൈദ്യുതമേഖലയിൽ മിച്ച വൈദ്യുതിയും വൈദ്യുതി വിതരണവും ആകെ താറുമാറായിരിക്കുകയാണ്. എപ്പോൾ കറണ്ട് വരും എപ്പോൾ പോകുമെന്ന് പറയാൻ കഴിയില്ല. ‘നിങ്ങൾക്കുമാകാം കോടീശ്വരൻ’ പ്രോഗ്രാമിൽ സുരേഷ് ഗോപി പറയുന്നതുപോലെ ദേ വന്നു, ദാ പോയി എന്ന നിലയിലാണ് കേരളത്തിലെ വൈദ്യുതിയുടെ കാര്യം. കേരളത്തിന്റെ സ്വപ്നപദ്ധതിയായ കൊച്ചി-മെട്രോ കമ്മീഷൻ ചെയ്യാൻ പറ്റുമോ എന്നൊരു പരിശോധന നടത്തണം. അതിന്റെ വിശദാംശ

ങ്ങളിലേയ്ക്ക് പോകുന്നില്ല. 2010–ൽ 1641 കോടി രൂപയ്ക്ക് പൂർത്തീകരിക്കേണ്ട പദ്ധതിയുടെ പണി ആരംഭിച്ചിട്ടില്ല. ഇപ്പോൾ അയ്യായിരം കോടി രൂപയിലധികമായി വിദ്യാഭ്യാസ രംഗത്ത് നടക്കുന്നത് എന്തൊക്കെയാണെന്ന് പറയാൻ കഴിയുമോ; കോൺഗ്രസ്സിന്റെ എം.എൽ.എ.–മാർ തലയിൽ മുണ്ടിട്ടാണ് നടക്കുന്നത്. കേരളത്തിൽ ഇത്തരം ദാരുണമായ ഒരവസ്ഥാവിശേഷം സംജാതമാക്കിയ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും ഒരിക്കൽകൂടി എതിർത്തുകൊണ്ട് വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം.പി. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി അനുകൂലിക്കുകയാണ്. കേരളത്തിന്റെ ഭക്ഷ്യരംഗത്ത് ചുമതല വഹിക്കുന്ന പുതിയ അംഗവും മന്ത്രിയുമായ പ്രിയപ്പെട്ട അനൂപ് ജേക്കബിന്റെയും ഡയറി-ഗ്രാമവികസന ചുമതല വഹിക്കുന്ന മന്ത്രി കെ.സി. ജോസഫിന്റെയും നേതൃത്വത്തിലുള്ള ധനാഭ്യർത്ഥനയെ വളരെ സത്യസന്ധമായും ശക്തവുമായ ഭാഷയിൽ അനുകൂലിക്കുന്നു. കേരളത്തിന്റെ ഭക്ഷ്യരംഗം സമ്പന്ന ദരിദ്രഭേദമന്യേ പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിച്ച് നിൽക്കുന്ന ഒരു പ്രധാനപ്പെട്ട സംഭവവികാസമാണ്. മാവേലിസ്റ്റോറുകളും റേഷൻ കടകളും ത്രിവേണിയും വളരെ ശക്തമായി നിലനിൽക്കുന്നതുകൊണ്ടാണ് പൊതുവിതരണ രംഗം പ്രവർത്തിക്കുന്നത്. ബി.പി.എൽ. വിഭാഗത്തിന് ഒരു രൂപയ്ക്ക് അരി വിതരണം ചെയ്ത് ഏറ്റവും പ്രധാനപ്പെട്ട ദൗത്യം പൂർത്തീകരിച്ചുകൊണ്ടാണ് പ്രിയങ്കരനായ മുൻമന്ത്രി ടി.എം. ജേക്കബിന്റെ കാലത്ത് 100 ദിന പദ്ധതികളിൽപ്പെടുത്തി ഓണസമ്മാനമായി ഐക്യജനാധിപത്യ മുന്നണിക്ക് അക്കാര്യം നിർവ്വഹിക്കാൻ കഴിഞ്ഞത്. ഇടതുപക്ഷം പറഞ്ഞതുപോലെ പറച്ചിലും പ്രവൃത്തിയും രണ്ടും രണ്ടാകുന്ന രീതിയല്ല. നൂറുദിനത്തിനുള്ളിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് ഗുണംനൽകുന്ന ഒരു പദ്ധതിയാണ് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കിയത്. അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ഒരു രൂപാ നിരക്കിൽ അരി വിതരണം ചെയ്യാൻ തീരുമാനമെടുത്ത യു.ഡി.എഫ്. സർക്കാർ ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയാണ്. റേഷൻ കടകളിൽ നിത്യോപയോഗ സാധനങ്ങളിൽ പ്രധാനമായും ഒരു രൂപാ നിരക്കിൽ അരി വിതരണം ചെയ്യുവാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കിയത്

ചരിത്രപ്രധാനമായ ഒരു സംഭവമാണ്. അപേക്ഷിച്ച ആളുകൾക്ക് അന്നുതന്നെ റേഷൻ കാർഡ് കൊടുക്കുന്ന രീതിയിൽ തീരുമാനമെടുത്ത് നടപ്പിലാക്കിയ മുൻ മന്ത്രിയായ ടി.എം. ജേക്കബ്ബിനെ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഒരു ചരിത്രപ്രധാനമായ തീരുമാനമാണ്, കെട്ടിക്കിടക്കുന്ന 3 ലക്ഷത്തോളം അപേക്ഷകളാണ് ഈ സർക്കാർ സമീപ കാലഘട്ടങ്ങളിൽ തീർപ്പാക്കിയത്. ക്വാളിറ്റി കൺട്രോൾ സെല്ലിന്റെ സഹായത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് പരിശീലനം നൽകിക്കൊണ്ട് ഗുണമേന്മ ഉറപ്പുവരുത്തുന്നതിൽ ഈ സർക്കാർ വളരെയേറെ ശ്രദ്ധാലുക്കളായിരുന്നു. സഹകരണ വകുപ്പുമന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണന്റെ പ്രത്യേകമായ ഇടപെടലിലൂടെ ഭക്ഷ്യ വിതരണരംഗത്ത് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞു. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പച്ചക്കറി വിപണി സ്ഥാപനങ്ങളും നന്മ സ്റ്റോറുകളുമൊക്കെ വിലക്കയറ്റം പിടിച്ചുനിറുത്താൻ വളരെയേറെ സഹായകരമായി. അതെല്ലാം പുതിയ ഉണർവ്വുണ്ടാക്കിയ പ്രധാനപ്പെട്ട തീരുമാനം തന്നെയാണ്. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ ജില്ലാ-താലൂക്ക് സമിതി രൂപീകരിച്ച് ശക്തമായ ഇടപെടലുണ്ടായി. ഹോട്ടലുകളിലെ വിലനിലവാരം പിടിച്ചുനിറുത്താൻ ത്രിവേണി ഹോട്ടലുകളുടെ ഇടപെടലുകൾ വിസ്മരിക്കാൻ കഴിയില്ല. ത്രിവേണി ഹോട്ടലുകൾ സംസ്ഥാനത്ത് വ്യാപകമാക്കണം. ഹോട്ടലുകൾ നല്ല നിലവാരത്തിൽ തുടങ്ങിയാൽ വളരെയധികം ആളുകൾക്ക് അത് സൗകര്യമായിരിക്കും. ഹോട്ടലുകളിലെ വിലനിലവാരം പിടിച്ചുനിറുത്തുന്നതിന് പുതുതായി കുറേയേറെ ത്രിവേണി ഹോട്ടലുകൾ ഉണ്ടാകേണ്ടതുണ്ട്. റേഷൻ കടകളിലെ ബയോമെട്രിക് സംവിധാനം വളരെയേറെ സ്വാഗതാർഹമാണ്.

ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നുവെന്ന ബോദ്ധ്യം വരുത്താൻ ഏറ്റവും പ്രധാനപ്പെട്ട ഒരു തീരുമാനമാണത്. ഗൗരവമായ കാര്യമാണ് പാചകവാതകത്തെ സംബന്ധിച്ചുള്ളത്. പഴകിയ സിലിണ്ടറുകൾ ഉപയോഗിക്കുന്നുവെന്നുമാത്രമല്ല, പല രീതിയിലും ജീവനുപോലും ഭീതിയുളവാക്കുന്ന സിലിണ്ടറുകൾ മാറ്റി പുതിയ സിലിണ്ടറുണ്ടാക്കാനും പാചകവാതകത്തിലെ വിതരണത്തിൽ ക്രമക്കേടുകൾ ഒഴിവാക്കി എല്ലാപേർക്കും സമയാസമയത്ത് സിലിണ്ടറുകൾ ലഭ്യമാക്കാനുമുള്ള അവസ്ഥയുണ്ടാക്കണം. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ എല്ലാപേർക്കും പാചകവാതകം സബ്സിഡി നിരക്കിൽ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ജനങ്ങൾക്ക് ഗ്യാസ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ഒരു പുതിയ മാതൃകയുണ്ടാക്കണം. ബി.പി.എൽ. ലിസ്റ്റിലെ അനർഹരെ ഒഴിവാക്കാൻ കഴിഞ്ഞത് സർക്കാരിന്റെ ഒരു സുശക്തമായ തീരുമാനമാണ്. കൂടുതൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളും പമ്പുകളും ഔട്ട്ലെറ്റുകളുണ്ടാക്കി ഗുണമേന്മയും അളവിലെ കൃത്യതയും ഉറപ്പുവരുത്തി മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തി മുൻസർക്കാരിൽ നിന്നും വ്യത്യസ്തമായി മുന്നോട്ടുപോകണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചുമതല വഹിച്ച രണ്ട് മന്ത്രിമാർ തമ്മിലുള്ള അഭിപ്രായവ്യത്യാസത്തിൻരെ ഫലമായി കേര വെളിച്ചെണ്ണ, ത്രിവേണി സ്റ്റോറുകളിൽ ബഹിഷ്ക്കരിച്ച കാലം നമ്മുടെയൊക്കെ ഓർമ്മയിലുണ്ട്. ആലപ്പുഴയിലെ ഗ്രൂപ്പ് പോരിൽ കൺസ്യൂമർ ഫെഡിന് പണം നൽകാതെ ഡോ. ടി.എം. തോമസ് ഐസക്കും മുൻമന്ത്രി ശ്രീ. ജി. സുധാകരനും തമ്മിലുണ്ടാക്കിയ ബുദ്ധിമുട്ടുകൾ കഴിഞ്ഞ കാലങ്ങളിലെ ജനങ്ങൾക്കുണ്ടായത് എല്ലാപേർക്കും ഓർമ്മിക്കാവുന്നതാണ്. ടി.എം.

ജേക്കബ് നടത്തിയ ഫയൽ തീർപ്പാക്കൽ യജ്ഞം സംസ്ഥാന സർക്കാരിന്റെ വലിയ ഭരണനേട്ടമാണ്. ഈ നേട്ടം നമുക്ക് ഉപകാരപ്രദമാക്കണം. ഇന്ന് ബി.പി.എൽ./എ.പി.എൽ. പ്രശ്നം, പ്രമുഖ പാർട്ടിയെ ഭയങ്കരമായി വേട്ടയാടികൊണ്ടിരിക്കുകയാണ്. സി.പി.എം.-ൽ ബി.പി.എൽ. എന്നാൽ ബിലോ പിണറായി ലൈൻ എന്നും എ.പി.എൽ. എന്നാൽ എബൗ പിണയായി ലൈൻ എന്നും വിവക്ഷിക്കപ്പെട്ടിരിക്കുന്നു. അഭിപ്രായ വ്യത്യാസങ്ങളുണ്ടായാൽ അരിഞ്ഞുതള്ളുന്ന രാഷ്ട്രീയ ചരിത്രത്തിന് വീണ്ടും ആവേശം കൂടുമ്പോൾ ബി.പി.എൽ.-കാർക്ക് മാത്രം ആനുകൂല്യം ലഭിക്കുകയും എ.പി.എൽ.-കാർക്ക് പോളിറ്റ് ബ്യൂറോയുടെ ലൈഫ് ലൈനിലൂടെ മാത്രം ഗതിപിടിക്കാൻ കഴിയുന്ന അവസ്ഥയിലാണ് ഇന്നത്തെ രാഷ്ട്രീയം പോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ഒരു പാവം നേതാവിന് സീനിയർ സിറ്റിസൺ പരിഗണന ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ട്. അദ്ദേഹം ഇന്ന് എ.പി.എൽ.-കാർക്ക് ജീവിക്കാനുള്ള ഭക്ഷ്യധാന്യം നൽകുന്ന ഒരു ഇടം തേടി ഓടിനടക്കുകയാണ്.

ക്ഷീര വികസനരംഗത്ത് വൻകുതിച്ചുചാട്ടം നടത്തുവാൻ കഴിഞ്ഞ സർക്കാരാണിത്. പ്രതിദിനം ഒരു ലക്ഷം ലിറ്റർ പാൽ അധികമായ ഉൽപ്പാദിപ്പിക്കുവാൻ യു.ഡിഎഫ്. സർക്കാരിന് നടപടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 3000 ഹെക്ടറിൽ അധികമായി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചു. ഒരു ലിറ്റൽ പാലിന് 80 പൈസ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകിയ സർക്കാരാണിത്. മിൽക്ക് ഷെഡ് പദ്ധതിയിലൂടെ മുന്തിയ ഇനം 3550 പശുക്കളെ സംസ്ഥാനത്തിന് ലഭ്യമാക്കുകയുണ്ടായി. ക്ഷീര സംഘങ്ങൾ കമ്പ്യൂട്ടർ വത്ക്കരിച്ച് കണ്ണൂർ ആലങ്കോടിൽ ഒരു ലക്ഷം ലിറ്റർ പാൽ പാസ്ചറൈസ് ചെയ്യാനും

ആധുനിക പ്ലാന്റ് സ്ഥാപിച്ചുകൊണ്ട് വികസനരംഗത്ത്പിന്നോക്കം നിൽക്കുന്ന ജില്ലകൾക്ക് മാതൃകമായി കണ്ണൂരിന് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള ത്തിൽ ഗുണനിലവാരമില്ലാത്ത പാലുൽപ്പന്നങ്ങൾ തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നത് വൻ പോരായ്മയാണ്. പശുവിൻ പാലിൽ നിന്ന് രോഗങ്ങൾ കണ്ടെത്തുകയുണ്ടായി. അടുത്തിടെ അത് പത്രങ്ങളിൽ വലിയൊരു വാർത്തയായി വന്നിരുന്നു. അതുപോലെതന്നെ ആന്റിബയോട്ടികിന്റെ അംശങ്ങൾ പാലിൽ കണ്ടുതുടങ്ങിയിരിക്കുന്നു. ഇതൊക്കെ എന്നും മാറാരോഗങ്ങളുണ്ടാക്കാനും ചികിത്സിച്ച് ഭേദമാ ക്കാൻപോലും പറ്റാത്ത രീതിയുണ്ടാകും. തീർച്ചയായും പാലുൽപ്പന്നങ്ങൾ അതിർത്തികളിൽ വരുമ്പോൾ അവിടെ പരിശോധിച്ചുകൊണ്ടുപോകുന്നതി നുള്ള താൽക്കാലിക ലബോറട്ടറി സൗകര്യങ്ങളുണ്ടാക്കേണ്ടത് വളരെ അത്യാ വശ്യമാണ്. പഞ്ചായത്ത് തലത്തിൽ കാലിത്തീറ്റയുടെ ലഭ്യത കൂടുതലാ ക്കാൻ പ്രത്യേക രീതിയിലുള്ള പരിപാടികൾ തയ്യാറാക്കണം. കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനും വെറ്ററിനറി ഡോക്ടർമാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരി ക്കേണ്ടതാണ്. നഗരങ്ങളിലെ പാൽക്ഷാമം പരിഹരിക്കുന്നതിനായി സമീപ ഗ്രാമങ്ങളിൽ പശുവളർത്തൽ പദ്ധതി നടപ്പിലാക്കാനുള്ള കർമ്മ പദ്ധതി തയ്യാ റാക്കണം. മിൽമയുടെ സഹായത്തോടെ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകേണ്ടതാണ്. ഗ്രാമീണ തല ത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള തരിശ് ഭൂമികളിൽ തീറ്റപ്പുല്ല് ഉല്പാദിപ്പി ക്കുന്നതിന് പ്രത്യേക പദ്ധതിയുണ്ടാക്കി തീറ്റപ്പുല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്ന തിന് നടപടി സ്വീകരിക്കണം. വെച്ചൂർ പശുക്കളെപ്പോലെയുള്ള ഇനങ്ങളെ സംരക്ഷിക്കാനും അവയെ കൂടുതലായി കർഷകർക്ക് എത്തിച്ചുകൊടു

ക്കാനും സർക്കാർ പ്രത്യേകം ശ്രദ്ധിക്കണം. പാൽ ഉല്പാദനം കൂട്ടുവാൻ കുറുക്കുവഴി തേടുന്ന പ്രവണത പലപ്പോഴും കർഷകരിൽ കാണാറുണ്ട്. ബോധവൽക്കരണത്തിലൂടെ ക്ഷീരകർഷകരെ അതിൽനിന്ന് പിൻതിരിപ്പിക്കാൻ പല കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. കറവക്കാരുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തണം. ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുമെന്ന് സർക്കാർ പറയുകയുണ്ടായി. അതിനുവേണ്ട തീവ്ര ശ്രമമുണ്ടാകേണ്ടത് അത്യാവശ്യമാണ്. പശുക്കൾക്ക് ചികിത്സ നൽകുന്നതിന് ക്ഷീരകർഷകരുടെ പരമ്പരാഗതമായ അറിവുകൾ പ്രയോജനപ്പെടുത്താൻ കഴിയണം. ക്ഷേമനിധിയിൽ അംഗമായിട്ടുള്ള ക്ഷീരകർഷകർക്ക് പലപ്പോഴും പെൻഷൻ കിട്ടാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി പെൻഷൻ ഉറപ്പാക്കാനും ക്ഷീരരംഗത്ത് പ്രവർത്തിക്കുന്ന പാവപ്പെട്ട കർഷകർഷകർക്ക് അർഹമായ പെൻഷൻ കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ഈ സർക്കാർ ഗ്രാമവികസന രംഗത്ത് ചരിത്രം സൃഷ്ടിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 39,002 വീടുകൾ കേരളത്തിന് ലഭിച്ചു. വീടൊന്നിന് 48,500/- രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന ഈ പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് 1,25,000/- രൂപയും പട്ടികജാതിക്ക് 1,00,000/- രൂപയും ഇതര വിഭാഗങ്ങൾക്ക് 75,000/- രൂപയും എന്നത് പട്ടികജാതി പൊതുവിഭാഗത്തിന് 2,00,000/- രൂപയാക്കിയും പട്ടികവർഗ്ഗത്തിന് 2,50,000/- രൂപയാക്കിയും ഉയർത്തുവാൻ കഴിഞ്ഞത് യു.ഡി.എഫ് സർക്കാരിന്റെ എടുത്തു പറയത്തക്ക നേട്ടമാണ്. സ്വർണ്ണ ജയന്തി

Uncorrected / Not for Publication

ഗ്രാമ സരോസ്ഗാർ യോജന പ്രകാരം സ്വയം തൊഴിൽ പദ്ധതിയുടെ എല്ലാ ഘടകങ്ങളും ഉൾപ്പെടുന്ന ഈ പദ്ധതി ഏറ്റവും കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്. 2028.31 ലക്ഷം രൂപ സബ്സിഡിയായി 5249.10 ലക്ഷം രൂപ അവർക്ക് കൊടുക്കുകയുണ്ടായി. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലാളുകളെ കൊണ്ടുവരുന്നതിനും അവരുടെ വേതനം കൂട്ടുന്നതിനും അടിയന്തര ശ്രദ്ധകൊടുക്കേണ്ടതുണ്ട്. പി.എം.ജി.എസ്.വൈ പദ്ധതിക്ക് ടെൻഡർ ക്ഷണിച്ചിട്ടും പലരും ടെൻഡർ ഏറ്റെടുക്കാൻ തയ്യാറാകാതെ വന്നപ്പോൾ സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ തുക വർദ്ധിപ്പിക്കുകയും തൽഫലമായി ടെൻഡറുകൾ ഏറ്റെടുക്കാനും റോഡ് പണികൾ ആരംഭിക്കുന്നതിനുമുള്ള സാഹചര്യമുണ്ടായി. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ബി.പി.എൽ മാനദണ്ഡങ്ങൾ പുനർ നിർണ്ണയിക്കേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളോട് വിമുഖത കാണിച്ച മുൻ ഇടതുപക്ഷ സർക്കാരിന്റെ രാഷ്ട്രീയാന്ധത ബാധിച്ച കണ്ണുകൾ തുറക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട നേട്ടമാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ അതിവേഗം ബഹുദൂരം മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷം കഴിഞ്ഞു.ആ ഒരു വർഷ ക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിതെന്ന് എല്ലാ വിഭാഗം ജനങ്ങൾക്കും ബോദ്ധ്യമായിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനെ എങ്ങനെ നോക്കിക്കാണുന്നു വെന്നതിന്റെ പ്രത്യക്ഷമായ തെളിവുകളാണ് പിറവം തെരഞ്ഞെടുപ്പും നെയ്യാ റ്റിൻകര തെരഞ്ഞെടുപ്പും. സംസ്ഥാനത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹ രിക്കുന്നതിനുവേണ്ടി വളരെ ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചുകൊണ്ടിരി ക്കുന്ന ഒരു ഗവൺമെന്റാണിതെന്ന്. ഓരോ രംഗവുമെടുത്ത് പരിശോധിച്ചാൽ വ്യക്തമാകും. ഇന്ത്യയുടെ ഭക്ഷ്യരംഗത്തെ സംബന്ധിച്ച് പറയുകയാ ണെങ്കിൽ, അരിയും ഗോതമ്പുമൊക്കെ ഏതാണ്ട് 50 ശതമാനവും ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഒരു സാഹചര്യം മുമ്പുണ്ടായിരുന്നു. പിന്നീട് അത് കാൽഭാഗമായി കുറഞ്ഞു. സ്ഥലവിസ്തൃതിയിലും കുറവ് വന്നിട്ടുണ്ട്. ധാന്യകൂടാരം എന്നറിയപ്പെടുന്ന പഞ്ചാബിലെ ഗോതമ്പ് വയലുകളുൾപ്പെടെ പലതും ഇന്ത്യക്ക് നഷ്ടമായ സാഹചര്യത്തിൽ, കാര്യക്ഷമമായ പ്രവർത്തന ങ്ങളുടെ ഫലമായി ധാരാളം മാറ്റങ്ങൾ ഭക്ഷ്യരംഗത്തുണ്ടാക്കിയെടുക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. അപര്യാപ്തതകൾ പലതും നിലനിൽക്കു മ്പോഴും, സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ ഉല്പാദനം കുറഞ്ഞപ്പോഴും ആഗോളഭക്ഷ്യ പ്രതിസന്ധികൾക്കിടയിലും അല്ലലില്ലാതെ പിടിച്ചു നിൽക്കാൻ കേരളത്തിന് കഴിഞ്ഞൂവെന്നത് എടുത്തു പറയത്തക്ക നേട്ടമാണ്. ഭക്ഷ്യരംഗ

മുൾപ്പെടെ എല്ലാ രംഗവും താറുമാറായിക്കിടന്ന ഘട്ടത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അന്ന് ഗവൺമെന്റ് വളരെ ഇച്ഛാശക്തിയോടുകൂടി തീരുമാനമെടുക്കുകയും ഭക്ഷ്യവകുപ്പിന് നേതൃത്വം നൽകിയിരുന്ന യശ:ശ്ശരീരനായ ടി. എം. ജേക്കബിന്റെ വീക്ഷണത്തിൽ ഉരുത്തിരിഞ്ഞ് വന്ന പദ്ധതികൾ ഇവിടെ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തതുകൊണ്ട് ധാരാളം മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാക്കി എടുക്കാൻ കഴിഞ്ഞു. ഒരു രൂപയ്ക്കും രണ്ട് രൂപയ്ക്കും അരി കൊടുത്തുകൊണ്ട് ദരിദ്രന്റെ കുടിലുകളിലെ അരപ്പട്ടിണിക്ക് അറുതി വരുത്താൻ സാധിച്ചിട്ടുണ്ട്. ഇന്നിപ്പോൾ പട്ടിണി കിടക്കുന്നവരായി കേരളത്തിൽ ആരുമില്ല. പട്ടിണി മാറ്റിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ചാണ് ഇവിടെ പലരും സൂചിപ്പിച്ചിട്ടുള്ളത്. ഒരു ആഗോള പ്രതിഭാസമായി വിലക്കയറ്റം മാറുമ്പോഴും കേരളത്തിലെ ജനങ്ങൾക്ക് അത് അനുഭവപ്പെടാതിരിക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായ നടപടികളുമായി മുന്നോട്ടു പോകുന്ന ഗവൺമെന്റിനെ പിന്തുണയ്ക്കാനാണ് എല്ലാവരും ശ്രമിക്കേണ്ടതെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഒരു ഗവൺമെന്റിന്റെ ബാധ്യത എന്നു പറയുന്നത് ആ രാജ്യത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ഭക്ഷ്യ വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമാകുന്നതിനുവേണ്ടിയുള്ള സൗകര്യമൊരുക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ്. ആ ഉത്തരവാദിത്വം നിർവഹിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജയ, കുറുവ തുടങ്ങിയ അരിയിനങ്ങളാണ് കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത്, അത്തരം അരികൾക്ക് വില കുറച്ചു നൽകുന്നതിനുവേണ്ടിയുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തി. വില നിലവാരത്തെ

ക്കുറിച്ച് ഒരു താരതമ്യ പഠനം ചിലർ ഇവിടെ നടത്തുകയുണ്ടായി. പൊതു കമ്പോളത്തിലും മാവേലി സ്റ്റോറുകളിലും കിട്ടുന്ന സാധനങ്ങളുടെ വിലകൾ തമ്മിലുള്ള അന്തരം പരിശോധിച്ചാൽ ഏതാണ്ട് 50 ശതമാനത്തിലധികം വില പലതിനും മാവേലി സ്റ്റോറുകളിൽ കുറവാണ്. 50 ശതമാനത്തിലധികം വില കുറച്ചു നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കിയത് ജനങ്ങൾക്ക് ജീവിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ്. ഹോർട്ടി കോർപ്പുമായി സഹകരിച്ചുകൊണ്ട് 42 ചില്ലറ വിൽപ്പന ശാലകൾ പച്ചക്കറി വിതരണത്തിനുവേണ്ടി സജ്ജമാക്കിയിട്ടുണ്ട്. അതുപോലെ 98 സ്ഥാപനങ്ങൾ ഹോർട്ടി കോർപ്പറേഷൻ സ്വന്തമായി നടത്തുന്നുണ്ട്. കൺസ്യൂമർ ഫെഡ് 154 എണ്ണം നടത്തുകയാണ്. 2000-ഓളം നന്മ സ്റ്റോറുകൾ പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങളിലാരംഭിച്ചതും ഇനി ആരംഭിക്കാൻ പോകുന്നതും ഈ രംഗത്ത് ആളുകളെ സഹായിക്കുന്നതിനുവേണ്ടിയാണ്. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം 40 ശതമാനം തുക ഉല്പാദനമേഖലയിൽ ചെലവഴിക്കപ്പെടണമെന്നൊരു നിയമം നമ്മുടെ സംസ്ഥാനത്തുണ്ട്. ജനകീയാസൂത്രണം എന്ന ഓമനപ്പേരിട്ട് ഇടതുപക്ഷ ഗവൺമെന്റ് ഇതിനെ ജനങ്ങൾക്കിടയിൽ കൊണ്ടുവന്നെങ്കിലും 15 വർഷക്കാലത്തെ പഞ്ചായത്ത് രാജ് നിയമം കേരളത്തിൽ നടപ്പിലാക്കിയപ്പോൾ 40 ശതമാനം തുക ഉല്പാദന മേഖലയിൽ ചെലവഴിച്ചപ്പോഴും ഇത് ഫലപ്രദമായി കാർഷിക രംഗത്ത് ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് നിഷ്പക്ഷമായി വിലയിരുത്താൻ സാധിക്കണം. അതുകൊണ്ടാണ് പുതിയ ഗവൺമെന്റ് ഈ ഫണ്ടുപയോഗിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നത്. കോടിക്കണക്കിന്

രൂപ കേരള സംസ്ഥാനത്ത് ചെലവഴിച്ചപ്പോൾ പോലും ഈ രംഗത്ത് കാതലമായ മാറ്റങ്ങളുണ്ടാക്കിയെടുക്കാൻ നാളിതുവരെ നമുക്ക് സാധിച്ചിട്ടില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെ ബി. പി.എൽ–കാരെക്കുറിച്ച് പറഞ്ഞു. പ്രതിദിനം 32 രൂപ വരുമാനമുള്ള നഗരവാസികളേയും 22 രൂപ വരുമാനമുള്ള ഗ്രാമവാസികളേയും ബി.പി.എൽ. വിഭാഗമായിട്ടാണ് കേന്ദ്രഗവൺമെന്റിന്റെ ആസൂത്രണ വിദഗ്ദ്ധൻമാരുടെ അഭിപ്രായപ്രകാരം നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത്. ഇത് ശരിയല്ല. ഇവിടെ അനർഹരായ ധാരാളം ആളുകൾ ബി.പി.എൽ. ലിസ്റ്റിലുണ്ട്. എന്നാൽ അർഹരായ പല ആളുകളും ബി.പി.എൽ.–ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇതിനെക്കുറിച്ച് ശരിയായ അന്വേഷണം നടത്തി ബി.പി.എൽ.–കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ റേഷൻ കാർഡിന്റെ കാര്യം പറഞ്ഞു, ടി.എം. ജേക്കബ് ഭക്ഷ്യവകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം കേരളത്തിൽ 5,72,000 റേഷൻ കാർഡുകൾ അദ്ദേഹത്തിന് നൽകാൻ കഴിഞ്ഞൂവെങ്കിൽഅതിന്റെ അർത്ഥം അത്രയും റേഷൻ കാർഡുകൾക്കവേണ്ടിയുള്ള അപേക്ഷകൾ ഇവിടെ കെട്ടിക്കിടക്കുകയായിരുന്നൂവെന്നാണ്. അപേക്ഷിച്ചാൽ ഉടൻതന്നെ റേഷൻ കാർഡുകൾ ലഭിക്കുന്ന സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തുകയുണ്ടായി. റേഷൻ കാർഡിൽ പുതിയ ആളുകളുടെ പേരുകൾ ചേർക്കുന്നതിന് നിലവിൽ എം.എൽ.എ.–മാർ സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന നിബന്ധന റേഷൻ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നുണ്ട്. ഇത് എം.എൽ.എ.–മാരെ കണ്ടുപിടിക്കാനും ആഫീസിൽ പോകാനുമൊക്കെ ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ട് എം.എൽ.എ. മാരോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരോ

ഇക്കാര്യത്തിൽ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗിക്കാമെന്ന തിരുത്തൽ ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ് പുതിയ ഭക്ഷ്യവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. മോശമായ അരി വിതരണം ചെയ്യാതിരിക്കാനുള്ള ക്വാളിറ്റി ചെക്കിംഗ് ഇവിടെ കർശനമാക്കു മെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. അത് കർശനമാക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. എഫ്.സി.ഐ. ഗോഡൗ ണുകളിൽ അരി ചീത്തയാകാതിരിക്കാൻ ശാസ്ത്രീയമായി സൂക്ഷി ക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കണം. റെയിൽവേ വാഗൺ വൃത്തിയാക്കിയ ശേഷമാണോ അരി കയറ്റുന്നതെന്ന് പരിശോധിക്കണം. കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ കഴിഞ്ഞ മാസം കുറേ ദിവസം റേഷൻ ഷോപ്പ് ഉടമകൾ സമരം ചെയ്യുകയുണ്ടായി. അവർ സമരത്തി നാധാരമായി പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും നമുക്ക് ഉൾക്കൊള്ളാൻ സാദ്ധ്യമല്ലെങ്കിലും റേഷൻ ഷോപ്പുകൾ അടച്ചിട്ടതുമൂലം ധാരാളം പ്രയാസ ങ്ങൾ ആ പ്രദേശത്തെ ആളുകൾക്കുണ്ടായി. ഞങ്ങളിൽ പലരും ഇക്കാര്യം ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം റേഷൻ ഷോപ്പ് ഉടമകളെ വിളിച്ച് ചർച്ച ചെയ്യുകയും സമരം പിൻവലിക്കുകയും ചെയ്തെങ്കിലും അവർ ആവശ്യപ്പെട്ടിട്ട ചില കാര്യങ്ങൾ അവരുടെ മുന്നോ ട്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായതിനാൽ അക്കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും സഹകരണമുണ്ടാകണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. പ്രധാനമായ ആവശ്യം ഗോഡൗ ണുകളിൽ നിന്നും ഭക്ഷ്യവസ്തുക്കൾ തൂക്കിക്കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണമെന്നതാണ്. പലപ്പോഴും ചാക്കിന്റെ പുറത്ത് എഴുതിയിരിക്കുന്ന

തൂക്കം സ്വീകരിക്കുന്നതുകൊണ്ട് അവർക്ക് നട്ഷമുണ്ടാകുന്നുവെന്നാണ് കണക്ക് സഹിതം ബോധിപ്പിച്ചിട്ടുള്ളത്. അതുപോലെ കമ്മീഷൻ വർദ്ധിപ്പിക്കണമെന്നതും ഇലക്ട്രോണിക് ത്രാസ്സുകൾ നൽകണമെന്നുമൊക്കെയുള്ള അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനുവേണ്ടി ബഹുമാന്യനായ മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് വളരെ ശക്തമായി തടയേണ്ടതായിട്ടുണ്ട്. പക്ഷേ മായംചേർക്കൽ പരിശോധിക്കുന്നതിനുള്ള സംവിധാനം കേരളത്തിൽ കോന്നിയിൽ മാത്രമാണ് ഉള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് വടക്കൻ കേരളത്തിൽ ഇതിനായി പ്രത്യേകമായ ഒരു പരിശോധനാകേന്ദ്രം ഉണ്ടാക്കുകയും അത് കോഴിക്കോട് ആസ്ഥാനമായി സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും വേണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ജില്ലാതലത്തിൽ ലബോറട്ടറി സൗകര്യം ഉണ്ടാക്കുമെന്ന് ബഹുമാന്യനായ മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ഇവിടെ 18 പുതിയ മാവേലി സ്റ്റോറുകൾ സ്ഥാപിച്ചിട്ടുള്ളത് സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസകരമായ കാര്യമാണ്. എന്നാൽ പുതിയ മാവേലി സ്റ്റോറുകൾ ഇനിയും ഉണ്ടാകണം. ആവശ്യമെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. കൂടുതൽ ജോലിക്കാരെ നിയമിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഇത്തരം സ്റ്റോറുകൾ ഫലപ്രദമായും സുഗമമായും നടക്കണമെങ്കിൽ അതിനനുസരിച്ചുള്ള സംവിധാനങ്ങളുണ്ടാകണം.

സപ്ലൈകോയുടെ ഇടപെടൽ മൂലം പൊതുകമ്പോളങ്ങളിൽ ഉണ്ടാകുന്ന വില ക്കുറവ് വില വർദ്ധനവ് പിടിച്ച് നിറുത്താൻ സാധിച്ചിട്ടുണ്ട്. ഇതിനൊക്കെ ആവശ്യമായ തുക ധനകാര്യവകുപ്പിൽ നിന്നും ഭക്ഷ്യവകുപ്പിന് അനുവദിച്ച് കൊടുക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ നെല്ലിന് താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്. കർഷകർക്ക് അത് യഥാസ മയം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സംവിധാനം കൂടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. മണ്ണെണ്ണയുടെ സ്റ്റോക്ക് കൂടുതൽ ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. പൊതുവിതരണ സമ്പ്രദായം കൂടു തൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണെന്നു കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ആവശ്യമായ സ്ഥലങ്ങളിൽ റേഷൻ ഷോപ്പു കൾ അനുവദിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. എന്റെ നിയോജകമ ണ്ഡലത്തിൽ ഒരു റേഷൻ ഷോപ്പിന് അപേക്ഷ കൊടുത്തിട്ട് രണ്ടുവർഷം കഴി ഞ്ഞു. ഉദ്യോഗസ്ഥന്മാർ ആവശ്യമില്ലാതെ ക്വറിയിട്ട് ഫയൽ തിരിച്ചയയ്ക്കു കയും മടങ്ങിവരുമ്പോൾ വീണ്ടും തിരിച്ചയയ്ക്കുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും ഡിപ്പാർട്ടുമെന്റും ഇക്കാര്യ ത്തിൽ പ്രത്യേക താല്പ്പര്യമെടുത്ത് ആവശ്യമായ കേന്ദ്രങ്ങളിൽ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. അതുപോലെ എൽ.പി.ജി. കണക്ഷനുകളെക്കുറിച്ചും ഗ്യാസ് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് എതിരായും ധാരാളം പരാതി കൾ നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവരുന്നുണ്ട്.. ഗ്യാസ് വിതരണം ചെയ്യു ന്നതിലുണ്ടാകുന്ന കാലതാമസംമൂലം പലപ്പോഴും പല കേന്ദ്രങ്ങളിലും പ്രക്ഷുബ്ധ രംഗങ്ങൾ ഉണ്ടാകാറുണ്ട്. അതുകൊണ്ട് എൽ.പി.ജി. കണക്ഷ നുള്ള ആളുകൾക്ക് സുഗമമായി ഗ്യാസ് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ

സ്വീകരിക്കണം. സംയോജിത കന്നുകാലി വികസന പദ്ധതി പ്രകാരം ഏതാണ്ട് 7992 കർഷകർക്ക് ഗർഭിണികളായ പശുക്കളേയും രണ്ട് ആടുകളേയും 10 കോഴികളേയും 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായി. 2500 കുടുംബങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ വഴി കോഴിവിതരണം നടത്തുകയുണ്ടായി. ഇതെല്ലാം ഈ രംഗത്ത് കര്യക്ഷമമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

മി. മചയർമാൻ : യെസ്........

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : ഞാൻ എന്റെ പ്രസംഗം ചുരുക്കാം. പാലിൽ മായം ചേർക്കുന്നത് സംബന്ധിച്ച് എല്ലാവരും ഇവിടെ സൂചിപ്പിച്ചു. ഇങ്ങനെ മായം ചേർക്കുന്നതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് ആവശ്യപ്പെടുകയാണ്. കേരളാ ഗവൺമെന്റ് ഹൈക്കോടതിയിൽ മാർട്ടിൻ പൈവ എന്നൊരാൾ സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജിയിൽ ഹൈക്കോടതി ഇക്കാര്യം അഭിപ്രായപ്പെട്ടിട്ടുള്ളതും ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഗുണനിലവാരമുള്ള 31.5 ശതമാനം പാൽ മാത്രമാണ് ഇവിടെ വിതരണം ചെയ്യുന്നതെന്നാണ് ഗുണനിലവാര അതോറിറ്റി കമ്മിറ്റി കണ്ടെത്തിയത്. അതുകൊണ്ട് ഈ രംഗത്തൊക്കെ കർക്കശമായ നിലപാടുകൾ സ്വീകരിക്കണം. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്റെ നിയോജകമണ്ഡലത്തിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ രാരോത്ത് വില്ലേജിൽ ഒരു ഹൈടെക് ഡയറി ഫാം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. വ്യവസായ വകുപ്പിന്റെ പരിധിയിലുള്ള ആവശ്യമായ സ്ഥലം വിട്ടുകൊടുക്കുന്നതിനുവേ

ണ്ടിയുള്ള പ്രൊപ്പോസലുകൾ ഉണ്ടാവുകയും അതിന് അനുകൂലമായ തീരുമാനം ഉണ്ടായതായും ഡയറി ഫാമിന് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുള്ളതായും ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് രാരോത്ത് വില്ലേജിൽ ഹൈടെക് ഡയറി ഫാം എത്രയും വേഗം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാവണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ശക്തമായി പിന്താങ്ങിക്കൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി.എസ്. സുനിൽകുമാർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ഭക്ഷ്യം, ക്ഷീരവികസനം, സാമൂഹിക വികസനം തുടങ്ങിയ കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇപ്പോൾ ഭക്ഷ്യ വകുപ്പുമന്ത്രി മാത്രമാണ് സഭയിലുള്ളത്. ക്ഷീരവികസനത്തിന്റെയും സാമൂഹിക വികസനത്തിന്റെയും മന്ത്രിമാർ കേൾക്കുന്നില്ല. ക്ഷീരവികസനം എന്നുപറയുമ്പോൾ നമുക്ക് പശുവിന്റെ പാലിന്റെ കാര്യം മാത്രം ചർച്ച ചെയ്യാൻ കഴിയുകയില്ല. പശുവിന്റെ തലയ്ക്കും കാലിനും ഉടലിനുമൊക്കെ ഒരു മന്ത്രിയും അകിടിന് വേറെ മന്ത്രിയുമെന്ന സ്ഥിതിയാണ ഇപ്പോഴുള്ളത്. അകിടിന്റെ മന്ത്രി ഇവിടെയില്ല. തലയുടെയും കാലിന്റെയും ഉടലിന്റെയും മന്ത്രി ഇപ്പോൾ വന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ വകുപ്പല്ല ചർച്ച ചെയ്യുന്നതെങ്കിലും പശുവിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ എല്ലാ കാര്യവും ചർച്ച ചെയ്യേണ്ടിവരും. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ കേരളത്തിൽ പട്ടിണി കിടക്കുന്നവരുണ്ടോയെന്ന് ചോദിച്ചു. ഇപ്പോൾ പട്ടിണി കിടക്കുന്നവരായി ആരും ഇല്ലെങ്കിലും യു.ഡി.എഫ്. 5 കൊല്ലം ഭരണം പൂർത്തീകരിക്കുമ്പോൾ കേരളത്തിൽ ധാരാളം ആളുകൾ പട്ടിണി കിടക്കുന്നവരായിത്തീരും. ആ നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അദ്ദേഹം റേഷൻ കട വേണമെന്ന് പറഞ്ഞു. ടി.എം. ജേക്കബിന്റെ മകൻ ശ്രീ. അനൂപ് ജേക്കബ് എത്ര റേഷൻ കടകൾ വേണമെങ്കിലും കൊടുക്കാൻ തയ്യാറാണ്. കാരണം, ഭക്ഷ്യസുരക്ഷാ ബിൽ വരുന്നതോടുകൂടി കേരളത്തിലെ റേഷൻ കടകളുടെ ആഫീസ് പൂട്ടാൻ പോവുകയാണ്. ഭക്ഷ്യ സുരക്ഷാ ബില്ലിനെക്കുറിച്ച് നിങ്ങൾ എന്തുകൊണ്ട് ചർച്ച ചെയ്യുന്നില്ല. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന ഒരു സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ബിൽ വരുമ്പോൾ

എന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ച് അടുത്തതായി അങ്ങ് സംസാരിക്കുമ്പോൾ പറയണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഇവിടെ റേഷൻ കടയിലൂടെ സാധനങ്ങൾ കമ്പോളവിലയ്ക്കുതന്നെ വിതരണം ചെയ്യുന്നതിനും സബ്സിഡി പണമായി കൊടുക്കാനും തീരുമാനിക്കുകയാണ്. ഇതിൽ കോൺഗ്രസിന്റെ കേരളാ ഘടകത്തിന്റെ അഭിപ്രായമെന്താണ്. ഭക്ഷ്യ സബ്സിഡി നേരിട്ട് പണമായി കൊടുക്കുകയും റേഷൻ കടയിലൂടെ കമ്പോള വിലയ്ക്ക് വാങ്ങണമെന്നു പറയുകയും ചെയ്താൽസ 50 വർഷമായി ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പതിനാലായിരം റേഷൻ കടകൾ പൂട്ടേണ്ടിവരും. കേരളത്തിന്റെ സ്ഥിതി അതാണ്. ഇവിടെ ഇപ്പോൾ റേഷൻ കാർഡ് കൊടുത്തു എന്നുപറഞ്ഞു, അത് നല്ല കാര്യമാണ്. പക്ഷേ റേഷൻ കാർഡുവഴി കൊടുത്തുകൊണ്ടിരിക്കുന്ന അരിയുടെ കണക്കെന്താണ്; ഇവർ കൊട്ടിഘോഷിക്കുന്നതുപോലെ അരി കൊടുക്കുന്നുണ്ടോ? എ.പി.എൽ. വിഭാഗത്തിന് കൊടുത്തുകൊണ്ടിരുന്ന 35 കിലോ അരി ഇപ്പോൾ കൊടുക്കുന്നുണ്ടോ; കൊടുക്കുന്നില്ലല്ലോ? ബി.പി.എൽ. (എ.എ.വൈ.കാർഡുകാർക്ക്)–കാർക്ക് കൊടുത്തിരുന്ന അരി ഇപ്പോൾ കൊടുക്കുന്നുണ്ടോ; ഈ കാർഡുകാർക്കും ഇലക്ട്രിസിറ്റിയില്ലാത്തവർക്കും കൊടുത്തുകൊണ്ടിരുന്ന മണ്ണെണ്ണ കൊടുക്കുന്നുണ്ടോ? 14 രൂപ 50 പൈസ വിലയുണ്ടായിരുന്ന മണ്ണെണ്ണ 57 രൂപയ്ക്ക് കൊടുക്കാൻ തീരുമാനിക്കുകയാണ്. അവർ ഉടനെ അക്കൗണ്ട് തുടങ്ങണം. ഈ റേഷൻ കടകൾ എവിടേയ്ക്കാണ് പോകുന്നത്. ശ്രീ. അനൂപ് ജേക്കബ് ഈ മന്ത്രിസഭയിൽ ഒരു ബാലനാണ്. അദ്ദേഹമാണ് ഈ മന്ത്രിസഭയിലെ ഏറ്റവും പ്രായംകുറഞ്ഞ മന്ത്രി. എനിക്ക് അദ്ദേഹത്തിനോട് പറയാനുള്ളത്, നമ്മുടെ സ്കൂളുകളിൽ കൊടുത്തുകൊണ്ടിരുന്ന അരി, പയർ,

പാൽ, മുട്ട ഒന്നും ഇപ്പോൾ കൊടുക്കുന്നില്ല. അതിനുപകരം 4 രൂപ കൊടുക്കുകയാണ് ചെയ്യുന്നത്. മന്ത്രിസഭയിലെ ബാലനായിരിക്കുന്ന അങ്ങ് കേരളത്തിലെ ബാലൻമാരുടെ ബാലശാപം ഏറ്റുവാങ്ങുന്ന മന്ത്രിയായി മാറരുത് എന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. ഇത് കേരളത്തിലെ പൊതുവിതരണമേഖലയെ തകർക്കുന്ന സംവിധാനമായി മാറിയിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് വിലക്കയറ്റം വർദ്ധിക്കുമ്പോൾ ഇവിടെ ആട്ടുകല്ലിന് കാറ്റുപിടിച്ചതുപോലെ ഒരു വകുപ്പിരിക്കുകയാണ്. ഈ വകുപ്പ് ഇങ്ങനെയാണ് പോകുന്നതെങ്കിൽ യാതൊരു ഉത്തരവാദിത്വവുമില്ലാത്ത വകുപ്പായി ഈ വകുപ്പ് മാറും. ഇവിടെ പൊതുവിതരണ മേഖല പൂർണ്ണമായും സ്വകാര്യവത്ക്കരിക്കുന്ന ഒരു നയം നടപ്പിലാക്കുമ്പോൾ കേരളത്തിലെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് യാതൊരുവിധ റോളുമില്ലാത്ത വകുപ്പായി ഉപ്പുവച്ച കലം പോലെ മാറേണ്ടിവരും എന്ന കാര്യം ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ഇവിടെ വിലക്കയറ്റത്തെക്കുറിച്ച് പലരും പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. എനിക്കിവിടെ സൂചിപ്പിക്കാനുള്ളത് നമ്മുടെ സംസ്ഥാനത്തെ പാലിന്റെയും, ഇറച്ചിയുടെയും, മുട്ടയുടെയും ഒക്കെ ഉത്പാദനം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിൽ ധവളവിപ്ലവം നടപ്പാക്കി. അതിനെത്തുടർന്ന് പാലിന്റെ ഉത്പാദനം വർദ്ധിച്ചുവെന്ന് പറയുമ്പോൾ ഇൻഡ്യയിലെ നമ്മുടെ തനതായ ഒരുപാട് ഇനം കന്നുകാലി സമ്പത്ത് നമുക്ക് നഷ്ടപ്പെടുകയുണ്ടായി. നൂറുകണക്കിന് വർഷങ്ങൾക്കുമുമ്പ് ഇൻഡ്യയിൽ നിന്നും കയറ്റുമതി ചെയ്തുകൊണ്ടുപോയ സഹിവാൾ, ഗീർ തുടങ്ങിയിട്ടുള്ള പശുക്കളെയാണ് അതിന്റെ പെഡിഗ്രി സൂക്ഷിച്ചുകൊണ്ട് ഏറ്റവും ശക്തമായ ഉത്പാദനം ഉണ്ടാക്കിക്കൊണ്ട്

ഇപ്പോഴും ബ്രസീൽ പോലുള്ള രാജ്യത്ത് വളർത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ "വീട്ടിൽ സ്വർണ്ണം വച്ചിട്ടെന്തിന് നാട്ടിൽ തേടി നടപ്പൂ" എന്ന് പരസ്യത്തിൽ പറയുന്നതുപോലെ നമ്മുടെ കെ. എൽ. ഡി. ബോർഡിന്റെ പ്രജനന നയം തന്നെ അപകടത്തിലായിരിക്കുകയാണ്. നമ്മുടെ രാജ്യത്തുണ്ടായിരുന്ന പശുക്കൾ നമുക്കറിയാം. വെച്ചൂർ പശു, കാസർഗോഡ് കുള്ളൻ, മലനാടൻ ഗിദ്ധ, വടകര കുള്ളൻ ഈ നാല് ഇനങ്ങളും കേരളത്തിലെ ഇനങ്ങളായിരുന്നു. ഇൻഡ്യയിലുണ്ടായിരുന്ന ഗീർ, ഡിയോണി, കാങ്ക്രേജ്, കാങ്കയം, കൃഷ്ണാവാലി, ഹള്ളിനഗർ, മന്ദൻപാറ, പുള്ളാശ്ശേരി, കൊറിയർ, കുംഭകോണം കുട്ട, മുറ എരുമ, സഹിവാൾ, സിന്ധി ഇത്തരം പശുക്കൾ എല്ലാം തന്നെ നമ്മുടെ ഗ്രാമത്തിന്റെ പ്രകൃതിക്കിണങ്ങുന്ന നിലയിൽ ജീവിക്കുകയും രോഗപ്രതിരോധ ശക്തിയോടുകൂടി പ്രവർത്തിക്കുകയും ചെയ്യുന്ന പശുക്കളാണ്. ഇവയെല്ലാം നമുക്ക് നഷ്ടമായിരിക്കുകയാണ്. എന്നിട്ട് നമ്മൾ വിദേശരാജ്യങ്ങളിലെ പശുക്കളെ തേടിപ്പോകുകയാണ്. കെ.എൽ.ഡി.ബോർഡ് തമിഴ്നാട്ടിലെ ചന്തയിൽ പോയി കുറേ പശുക്കളെ വാങ്ങി. അതിൽ 59 പശുക്കൾ ചത്തു. അതെന്തുകൊണ്ട് എന്നന്വേഷിക്കുന്നില്ല? ഇവിടേയ്ക്ക് കാളകളെ കൊണ്ടുവരുന്നു. ആ കാളകളുടെ ബീജം കുത്തിവച്ച് ഉത്പാദിപ്പിക്കുന്ന കന്നുകുട്ടികളുടെ ഉത്പാദനം പരിശോധിക്കുന്നതാരാണ്; മാർക്കറ്റ് ചെയ്യുന്നതും പരിശോധിക്കുന്നതുമെല്ലാം ഒരേ ആളുകൾ തന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് 34 ദശലക്ഷം ലിറ്റർ പാൽ ആവശ്യമാണ്. ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നത് 24 ദശലക്ഷം ലിറ്റർ പാലാണ്. പക്ഷേ 1996–2001 കാലഘട്ടത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ 24 ദശലക്ഷം ലിറ്റർ പാൽ

ഉത്പാദിപ്പിച്ചു. 2001–2006 ൽ നിങ്ങളുടെ ഭരണം വന്നപ്പോൾ 19.1 ദശലക്ഷം ലിറ്റർ പാലായി താഴേയ്ക്കുവന്നു. അതുകഴിഞ്ഞ് വീണ്ടും 2006–ൽ സഖാവ് സി. ദിവാകരൻ മന്ത്രിയായി വന്നതിനുശേഷം കേരളത്തിന്റെ പാൽ ഉത്പാദനം 27.3 ദശലക്ഷം ലിറ്ററായി. ഇപ്പോൾ ശ്രീ. കെ. പി. മോഹനൻ മന്ത്രിയായി വന്ന് ഒരു വർഷത്തിനകത്ത് പാൽ ഉത്പാദനം വീണ്ടും ചുരുങ്ങി 24.3 ദശലക്ഷം ലിറ്ററായി കുറഞ്ഞിരിക്കുന്നു. ഇത് അങ്ങ് തന്നെ പ്രസിദ്ധീകരിക്കുന്ന കണക്കാണ്. ഗവൺമെന്റിന്റെ ഔപചാരികമായ കണക്കാണ് ഞാൻ പറയുന്നത്. 1996–ലെ കന്നുകാലി സെൻസസ് പ്രകാരം കേരളത്തിൽ 11.15 ലക്ഷം കറവ പശുക്കൾ ഉണ്ടായിരുന്നു. പക്ഷേ അത് ഇപ്പോൾ 7 ലക്ഷത്തോളമായി കുറഞ്ഞിരിക്കുകയാണ്. പാൽ ഉത്പാദിപ്പിക്കുന്ന പശുക്കളുടേയും എരുമകളുടേയും എണ്ണം കുറയുന്നു. പക്ഷേ ആടിന്റെ എണ്ണം കൂടി. കേരളത്തിൽ വളർത്തുനായ്ക്കളുടെ എണ്ണം ഇരട്ടിയിലധികം വർദ്ധിച്ചു. വളർത്തുനായ്ക്കളുടെ എണ്ണം വർദ്ധിച്ചതുപോലെ കേരളത്തിലെ അഞ്ചാം മന്ത്രിയടക്കം മന്ത്രിമാരുടെ എണ്ണവും വർദ്ധിച്ചു. നമുക്ക് ആവശ്യമുള്ള പശുക്കളുടെയോ എരുമകളുടെയോ എണ്ണം വർദ്ധിക്കുന്നില്ല. ഇവിടെ ഒരു ലിറ്റർ പാൽ ഉത്പാദിപ്പിക്കാൻ കൃഷിക്കാരന് ചെലവാകുന്നത് 27 രൂപയാണ്. വെറ്ററിനറി സർവ്വകലാശാല അങ്ങയുടെ കീഴിലാണല്ലോ. വെറ്ററിനറി സർവ്വകലാശാലയിൽ കഴിഞ്ഞ ഒരു കൊല്ലമായി വി.സി. പോലുമില്ലാതിരിക്കുകയാണ്. അവിടെ കർഷകർക്കുവേണ്ടി ഒരു റിസർച്ചും നടത്തുന്നില്ല. നമ്മുടെ സർവ്വകലാശാല കൃഷിക്കാർക്കുവേണ്ടി എന്തുചെയ്യുന്നു; ഉത്പാദനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒന്നും ചെയ്യുന്നില്ല. വെറ്ററിനറി സർവ്വകലാശാലകൾ പി.എച്ച്.

ഡി.–ക്കുവേണ്ടി മാത്രമുള്ളതായിരിക്കുന്നു. മുയലുകൾ, ആടുകൾ, താറാവുകൾ എന്നിവയുടെ എല്ലുകൾക്കുണ്ടാകുന്ന അംഗവൈകല്യത്തെക്കുറിച്ച് പഠിക്കാൻ വേണ്ടി അവിടത്തെ സയന്റിസ്റ്റുകൾ പി.എച്ച്.ഡി. നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് പശുവളർത്തുന്നവരേയും എരുമ വളർത്തുന്നവരേയും ആടുവളർത്തുന്നവരേയും കൃഷിക്കാരനായിട്ടല്ല അംഗീകരിക്കുന്നത്. അവർക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമാണ്. നമ്മുടെ വെറ്ററിനറി സർവ്വകലാശാലകൾ കാർഷിക സർവ്വകലാശാലയുടെ കീഴിലിരിക്കുന്നതിനേക്കാൾ ഇപ്പോൾ ചക്ലാത്തിപോരാട്ടത്തിന്റെ കേന്ദ്രമായി മാറിയിരിക്കുകയാണ്. അവിടെ റിസർച്ച് നടത്തുന്ന ആളുകൾ നമ്മുടെ സംസ്ഥാനത്തിന്റെ ഉത്പാദനമേഖലയിൽ ഒന്നും ചെയ്യാത്ത സ്ഥിതിവിശേഷമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഒരു പശുവിനെ വളർത്തി അത് പ്രസവിച്ച് പാൽ ഉത്പാദിപ്പിക്കുന്നതുവരെ അതിനെ പോറ്റണമെങ്കിൽ ചുരുങ്ങിയത് 40,000 രൂപ ചെലവഴിക്കേണ്ടിവരുമെന്നാണ് സയന്റിസ്റ്റുകൾ പറയുന്നത്. പക്ഷേ കൃഷിക്കാരന് ആ പാൽ വിറ്റാൽ കിട്ടുന്നത് 25,000 രൂപയാണ്. അവരെ നോക്കാൻ ഇവിടെ നേരമില്ല. കന്നുകാലികൾക്ക് ഒരു രോഗം വന്നാൽ ഒരു നിലവാരവുമില്ലാത്ത മരുന്നുകളാണ് കൊടുക്കുന്നത്. സബ്സ്റ്റാൻഡേർഡ് മരുന്നുകളാണ് കൊടുക്കുന്നത്. അങ്ങ് ഒന്നന്വേഷിക്കണം. അങ്ങനെ മരുന്നുകൊടുക്കുന്നതുതന്നെ ഏറ്റവും കോസ്റ്റിലി ആയതും ക്വാളിറ്റി കുറഞ്ഞതുമായ മരുന്നാണ് കൊടുക്കുന്നത്. ഇൻഡ്യയിൽതന്നെ ഏറ്റവും മോശപ്പെട്ട നിലവാരമുള്ള പാൽ ലഭിക്കുന്ന സംസ്ഥാനമായി കേരളം മാറി. പോണ്ടിച്ചേരിയിലും ഗോവയിലുമാണ് ശുദ്ധമായ പാൽ കിട്ടുന്നത്. കേരളത്തിലെ പാലിൽ ചേർത്തുകൊണ്ടിരിക്കുന്ന സാധനങ്ങളുടെ പേര് കേട്ടാൽ ഞെട്ടിപ്പോകും. അത് പരിശോധിക്കാൻ

ഒരു സംവിധാനവുമില്ല. ഇപ്പോൾ ഡയറി ഡിപ്പാർട്ട്മെന്റല്ല ഫുഡ് സെക്യൂരിറ്റി ഓഫീസിലാണ് പരിശോധിക്കുന്നത്. ഡയറി ഡിപ്പാർട്ട്മെന്റിൽ ക്വാളിഫൈഡ് ഉദ്യോഗസ്ഥൻമാരുണ്ട്. ശവം കേടാകാതിരിക്കാൻവേണ്ടി ചേർക്കുന്ന ഫോർമാലിൻ, ഹൈഡ്രജൻ പെറോക്സൈഡ്, സോഡിയം ബൈ കാർബ ണൈറ്റ്, സോഡിയം ഹൈഡ്രോക്സൈഡ് തുടങ്ങിയ സാധനങ്ങളാണ് ഇപ്പോൾ പാലിൽ ചേർത്തുകൊണ്ടിരിക്കുന്നത്. കള്ളിൽ കഞ്ഞിവെള്ളം ചേർത്തതിന്റെ പേരിൽ പാവപ്പെട്ടവനെ ജയിലിലടയ്ക്കുന്ന ഈ ഗവൺമെന്റ് ഈ വിഷങ്ങൾ പാലിൽ ചേർക്കുമ്പോൾ എന്തുകൊണ്ട് മിണ്ടുന്നില്ല? ഈ രാജ്യത്തെ ജനങ്ങളെ വിഷം കുടിപ്പിച്ച് കൊല്ലുകയാണ് ഈ ഗവൺമെന്റ്. പാലിൽ വിഷം ചേർക്കുന്നു, ഭക്ഷ്യധാന്യങ്ങളിൽ വിഷം ചേർക്കുന്നു, പച്ച ക്കറി വിഷമുള്ളതാകുന്നു. നാട്ടുകാർക്ക് ഇവിടെ ജീവിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. പക്ഷേ എന്നിട്ടും ഇവരെല്ലാം പറയുന്നത് ഭയങ്കര സ്പീഡാണെന്നാണ്. കൊടിയേറ്റം സിനിമയിലെ ഗോപി എന്ന കഥാപാത്രം അദ്ദേഹത്തിന്റെ ഭാര്യയുമായി നടന്നുവരുമ്പോൾ ഒരു കാർ ചെളിവെള്ളം തെറിപ്പിച്ച് മുന്നോട്ടു പോകുകയാണ്. അപ്പോൾ ആ കഥാപാത്രമായ ഗോപി എന്തൊരു സ്പീഡാണ് എന്നു പറയുന്നതുപോലെ ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ ദ്രോഹിക്കുന്ന ഈ ഗവൺമെന്റിന്റെ മുമ്പിൽ നിന്നുകൊണ്ട് എന്തൊരു സ്പീഡ് എന്നുപറയുന്ന ഗവൺമെന്റിന്റെ ഈ ഡിമാന്റിനെ ഒരി ക്കലും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട സ്നേഹിതന്മാർ വിലക്കയറ്റത്തെക്കുറിച്ചും ഭക്ഷ്യവിതരണത്തെക്കുറിച്ചും അഭിപ്രായം പറയു മ്പോൾ ഒരു കാര്യം വളരെ വിനയത്തോട് കൂടി അവരെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഒരു വർഷം മുമ്പ് നിങ്ങൾ ഭരണത്തിൽ ഇരുന്നവരാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ പച്ചക്കറിക്കും ഭക്ഷ്യധാന്യ ങ്ങൾക്കും പലപ്പോഴും ദൗർലഭ്യമുണ്ടാകുമ്പോൾ സ്വാഭാവികമായും വിലക്ക യറ്റമുണ്ടാകും. ആ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി നിങ്ങളുടെ ഗവൺമെന്റും ഈ ഗവൺമെന്റും ചെയ്യുന്നത് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുക എന്നുള്ളതാണ്. ഇവിടെ പച്ചക്കറി വിലവർദ്ധനവിനെക്കുറിച്ച് പറഞ്ഞു, നിങ്ങളെപ്പോലെ ആഗോള പ്രതിഭാസം എന്നൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ കാലാവസ്ഥയിലുണ്ടായ മാറ്റത്തിന്റെ അടിസ്ഥാ നത്തിൽ അവിടെ ചില ഭക്ഷ്യധാന്യങ്ങൾക്ക് വില വർദ്ധിച്ചപ്പോൾ സ്വാഭാവിക മായും അവിടെനിന്നും എത്തിച്ചേരുന്ന ഭക്ഷ്യധാന്യങ്ങൾക്കും വില വർദ്ധന വുണ്ടായിട്ടുണ്ട്. പക്ഷേ ശ്രീ. സി. ദിവാകരനെപ്പോലുള്ള ആളുകൾ ഇവിടെയിരിക്കുന്നു.... ഒരു ഗവൺമെന്റ് ഉത്തരവാദിത്തമെന്താണ്? മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുകയും പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തു കയുമാണ് ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്തം. നിങ്ങൾ ഭരിച്ച കാല ഘട്ടത്തിൽ നിങ്ങൾ നടത്തിയ ഇന്റർവെൻഷനേക്കാൾ കൂടുതൽ ഈ ഗവൺമെന്റ് ഇപ്പോൾ അത് നടത്തിക്കൊണ്ടിരിക്കുന്നുവെന്ന് ഞാൻ അഭിമാന ത്തോടുകൂടി പറയുന്നു. നിങ്ങൾ പൊതുവിതരണ ശൃംഖല ശക്തിപ്പെടു

ത്തിയതിനേക്കാൾ, വിപുലപ്പെടുത്തിയതിനേക്കാൾ കൂടുതൽ ഈ ഗവൺമെന്റ് വിപുലപ്പെടുത്തുന്നു, അത് കാര്യക്ഷമമായിക്കൊണ്ടിരിക്കുന്നു എന്നതാണ് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളായി ചൂണ്ടിക്കാണിക്കുന്നത്. ഓണം വരാൻ പോകുന്നതേയുള്ളൂ എങ്കിലും കഴിഞ്ഞ ദിവസം സഹകരണ സ്ഥാപനങ്ങൾ, കൺസ്യൂമർഫെഡ് പോലെയുള്ള സ്ഥാപനങ്ങൾ ഓണത്തിനു മുമ്പുള്ള ഓണച്ചന്ത-കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ കഴിഞ്ഞയാഴ്ച ഉദ്ഘാടനം ചെയ്തു. ഇന്നുവരെ കേരളത്തിൽ ഇത്ര നേരത്തെ ഇതുപോലെ യുള്ള ഒരു പരിപാടിക്ക് രൂപം കൊടുത്തിട്ടില്ല. നിങ്ങൾ ഭരിച്ചപ്പോഴും കൊടു ത്തിട്ടില്ല. പെട്രോൾ, ഡീസൽ വിലവർദ്ധിക്കുന്നത് സ്വാഭാവികമാണ്. പെട്രോ ളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുമ്പോൾ വിലക്കയറ്റമുണ്ടാകുന്നത് പുതിയ പ്രതിഭാസമൊന്നുമല്ല. പക്ഷേ നിങ്ങൾ പറയുന്നതുപോലെ ഇത് ആഗോള പ്രതിഭാസമെന്നു ഞാൻ പറയുന്നില്ല. പെട്രോൾ, ഡീസൽ വില വർദ്ധിച്ചപ്പോൾ നിങ്ങളുടെ സമീപനമാണോ യു.ഡി.എഫ്. ഗവൺമെന്റ് എടു ത്തിട്ടുള്ളത്? അല്ല. വിലവർദ്ധനവുണ്ടായ എല്ലാ കാലഘട്ടത്തിലും സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ നിന്ന് ചെയ്യാവുന്ന സെയിൽ ടാക്സ് വേണ്ടെന്നു വയ്ക്കുകയും അതുവഴി സംസ്ഥാന ഗവൺമെന്റിന്റെ കോൺട്രി ബ്യൂഷൻ നല്കാനും തയ്യാറായി. അപ്പുറത്തിരിക്കുന്നവർ ചെയ്തിട്ടുണ്ടോ? അന്ന് ഡോ.ടി.എം. തോമസ് ഐസക് പറഞ്ഞത് ഈ വില വർദ്ധനവ് മൂലം സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് എത്തുന്ന പണം വേണ്ടെന്നുവയ്ക്കാൻ ഞങ്ങൾ തയ്യാറല്ല എന്ന നിഷേധാത്മകമായ സമീപന മാണ് നിങ്ങളെടുത്തത്. കേരളത്തിൽ ഏറ്റവും കൂടുതൽ വിലയിടിവ് സംഭവി ച്ചുകൊണ്ടിരിക്കുന്ന ഒരു സാധനം കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. പൊതുജനങ്ങ ളുടെ മുമ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിലയിൽ ഇടിവുണ്ടായിട്ടുണ്ട്. സി.

പി.ഐ.–യെ കുറിച്ചല്ല, മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ചാണ്. സി.പി.ഐ.യുടെയും ശ്രീ. പന്ന്യൻ രവീന്ദ്രന്റെയും അഭിപ്രായമതാണ്. നിങ്ങൾ തെറ്റിദ്ധരിക്കണ്ട. കാരണമെന്താണ്? മാർക്സിസ്റ്റ് പാർട്ടിയിൽ ഇപ്പോൾ നടക്കുന്നത് ആശയസമരമൊന്നുമല്ല. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയിലെ സംഘർഷമെന്താണ്? ബഹുമാന്യരായ പിണറായി വിജയനും പ്രതിപക്ഷ നേതാവും തമ്മിൽ നടക്കുന്ന വിവാദമെന്താണ്? ഏതെങ്കിലും ആശയസമരമാണോ? അല്ല. അന്നത്തെക്കുറിച്ചും, അന്നം തിന്നവൻ അംഗീകരിക്കില്ല എന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദനും വറ്റ് തിന്നവൻ ഇത് അംഗീകരിക്കില്ല..... അപ്പോൾ അന്നവും വറ്റും തമ്മിലാണ്. ഒരു കാര്യം വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയില്ല. പ്രതിപക്ഷ നേതാവിന് ഏതായാലും മാർക്സിസ്റ്റ് പാർട്ടിയുടെ അടുക്കളയിൽ നിന്നും ഇനി അന്നവും വറ്റും കിട്ടാൻ പോകുന്നില്ല എന്ന കാര്യത്തിൽ നിങ്ങൾ യോജിച്ചിരിക്കുകയാണ്. പിന്നെ അദ്ദേഹത്തിന് അന്നം കിട്ടണമെങ്കിൽ, നല്ല വറ്റ് കിട്ടണമെങ്കിൽ വേറെ വഴി നോക്കണം, നോക്കിക്കൊണ്ടിരിക്കുകയാണ്. ആ അന്നവും വറ്റും കിട്ടാനുള്ള പ്രയാണം അദ്ദേഹം ആരംഭിച്ചിരിക്കുന്നു. അതുകൊണ്ടാണ് കോഴിക്കോട് പോയപ്പോൾ രണ്ടു ജോടി ചെരുപ്പ്–3000 രൂപയുടെ ഒരു ജോടി ചെരുപ്പും മറ്റൊരു ജോടി ചെരുപ്പും വാങ്ങി. അദ്ദേഹത്തിന്റെ യാത്ര ആരംഭിക്കാൻ പോകുകയാണ്. ഞങ്ങൾക്ക് വിരോധമില്ല. നിങ്ങളുടെ പാർട്ടിക്ക് എന്തു സംഭവിച്ചു? പണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അവരുടെ വിലയിടിഞ്ഞതു പോലെ ഞാൻ വളരെ ദു:ഖത്തോടുകൂടി പറയുന്നു നിങ്ങളുടെ പ്രത്യയശാസ്ത്ര പദാവലിക്കും വിലയിടിഞ്ഞു. ശ്രീ. ജി. സുധാകരൻ ഇവിടെയുണ്ടല്ലോ, പണ്ട് നിങ്ങളുടെ പാർട്ടിയിലെ ആശയവൈരുദ്ധ്യങ്ങളെക്കുറിച്ച് വിശേ

ഷിപ്പിച്ചത് റെവല്യൂഷനിസ്റ്റ് അല്ലെങ്കിൽ സോഷ്യൽ ഡെമോക്രാറ്റിക് എന്നൊക്കെയുള്ള പദങ്ങളാണ് നിങ്ങളുടെ പദാവലിയിൽ ഉണ്ടായിരുന്ന തെങ്കിൽ ഇന്ന് ആ പദമൊക്കെ വിട്ട് കുലംകുത്തികളെന്നും അമേദ്ധ്യം ഭക്ഷിക്കുന്നവൻ എന്നൊക്കെ പറയുന്ന പദാവലിയിലേയ്ക്ക് നിങ്ങൾ ഒതുങ്ങിയിരിക്കുകയാണ്. പൊതുമാർക്കറ്റിൽ നിത്യോപയോഗ സാധന ങ്ങൾക്ക് വിലവർദ്ധിക്കുമ്പോൾ നമുക്ക് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വില നിയന്ത്രിക്കാം. രാഷ്ട്രീയ പാർട്ടിയിലെ വിലയിടിവും വിലക്കയറ്റവും ഉണ്ടാകുമ്പോൾ അവിടെ ഇന്റർവെൻഷൻ നടത്തുന്നത് പാർട്ടിയിലെ സഖാക്ക ളാണ് അല്ലെങ്കിൽ പാർട്ടിയിലെ അംഗങ്ങളാണ്. ഞാൻ മാർക്സിസ്റ്റ് പാർട്ടി യോട് പറയുന്നു. നിങ്ങളുടെ പാർട്ടിയിൽ ആശയക്കുഴപ്പങ്ങളുണ്ടായി. നിങ്ങളുടെ പാർട്ടിയിൽ വിലയിടിവ് ഉണ്ടാകുമ്പോൾ അവിടെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി പാർട്ടിയെ സംരക്ഷിക്കുന്നതിനുവേണ്ടി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നവരെ നിങ്ങൾ ഉന്മൂലനാശം ചെയ്തുകൊണ്ടിരിക്കു കയാണ്. നിങ്ങളുടെ പാർട്ടിക്ക് പറ്റുന്ന കുഴപ്പമതാണ്. നിങ്ങൾ ഉന്മൂലനാശം നടത്തുന്നു. രാഷ്ട്രീയം പറയണമെന്ന് ആഗ്രഹിച്ചതല്ല. പക്ഷേ 10 എം.എൽ. എ.-മാർ പോയി. പണ്ട് കുറിയേടത്ത് താത്രിയുടെ സ്മാർത്തവി ചാരത്തെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. കുറിയേടത്ത് താത്രിയുടെ സ്മാർത്തവി ചാരം അവസാനം വിരൽ ചൂണ്ടിയത് രാജാക്കന്മാരിലേയ്ക്കാണ്. ചില ആളു കൾ ഇവിടെ സ്മാർത്തവിചാരം നടത്താൻ പോകുകയാണ്. ആ സ്മാർത്ത വിചാരത്തിൽ ചില രാജാക്കന്മാരുടെ മുഖത്തേയ്ക്ക് വിരൽ ചൂണ്ടുമോ എന്ന് സംശയമുണ്ടായപ്പോഴാണ് 10 എം.എൽ.എ.-മാർ പോയിക്കണ്ടത്. ഭക്ഷ്യസുര ക്ഷയെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. വി. എസ്. സുനിൽ കുമാർ സൂചി

പ്പിക്കുകയുണ്ടായി. ഇവിടത്തെ ഭക്ഷ്യസുരക്ഷയെക്കുറിച്ച് എന്ത് പുച്ഛത്തോടെയാണ് നിങ്ങൾ സംസാരിക്കുന്നത്? ഭക്ഷ്യസുരക്ഷാ നിയമം പുച്ഛത്തോടെ സംസാരിക്കേണ്ട ഒന്നാണോ? ഒരു പരിഷ്കൃത ലോകത്തിൽ എല്ലാവർക്കും ഭക്ഷണം കൊടുക്കുക എന്നത് സമൂഹത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്തമാണ്. ഭക്ഷണം ജന്മാവകാശമാണ്. അത് ലഭിക്കണം. ലോകത്തിൽ ഏറ്റവും ബൃഹത്തായ ജനക്ഷേമ പദ്ധതിയാണ് യു.പി.എ. ഗവൺമെന്റ് നടപ്പാക്കിയ ഭക്ഷ്യസുരക്ഷാ നിയമം. അതനുസരിച്ച് ഇന്ത്യാരാജ്യത്ത് 64% പേർക്കാണ് കുറഞ്ഞ വിലയ്ക്ക് ആഹാരപദാർത്ഥങ്ങൾ എത്തിച്ചുകൊടുക്കാൻ പോകുന്നത്. ഗ്രാമീണ ജനതയിൽ 75%, പട്ടണത്തിൽ 50% ഈ ബില്ലിന്റെ പരിധിയിൽ വരുന്നു. ഇവർക്ക് പ്രതിമാസം 25 കിലോഗ്രാം അരി മൂന്നു രൂപയ്ക്കും ഗോതമ്പ് രണ്ടു രൂപയ്ക്കും മറ്റു ധാന്യങ്ങൾ ഒരു രൂപയ്ക്കും കൊടുക്കുന്നതിനെക്കുറിച്ച് അത് മോശമാണെന്നാണ് ഇവിടെ ശ്രീ. വി. എസ്. സുനിൽകുമാറിനെപ്പോലെയുള്ളവർ പറഞ്ഞത്. സി.പി.ഐ.-യുടെ അഖിലേന്ത്യാ നേതൃത്വം പറഞ്ഞില്ല എന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ അവർ പാർലമെന്റിൽ സപ്പോർട്ട് ചെയ്തതാണ്.

ശ്രീ. സി. ദിവാകരൻ: സർ, കേന്ദ്രം ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയെന്ന് ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസ്താവന ശരിയല്ല. അത് നടപ്പിലാക്കിയിട്ടില്ല, അതിനെ സംബന്ധിച്ച് ഒരു സെമിനാർ ഇവിടെ നടത്തി. ഞങ്ങളാണ് നടത്തിയത്. അതിൽ ബഹുമാന്യനായ കേന്ദ്ര ഭക്ഷ്യവകുപ്പു സഹമന്ത്രി കെ. വി. തോമസ് പങ്കെടുത്തിരുന്നു. അദ്ദേഹം സംസ്ഥാനങ്ങളുടെ അഭിപ്രായം അന്വേഷിച്ചിരിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ : സർ, ശരിയാണ് അത് പ്രൊപ്പോസലാണ്. നടപ്പാക്കാൻ പോകുന്നു. നടപ്പാക്കുമെന്ന യാഥാർത്ഥ്യത്തിലേയ്ക്ക് വന്നിരിക്കുന്നു. ഞാൻ ആക്ഷേപം ഉന്നയിക്കുന്നതല്ല. അങ്ങ് മന്ത്രിയായിരുന്നു, നിങ്ങളുടെ ഭരണകാലത്ത് സ്കൂൾ കുട്ടികൾക്ക് കൊടുക്കാൻ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച അരി മറിച്ച് വിറ്റു എന്ന ആക്ഷേപമുണ്ടായി. സഭയിൽ അടിയന്തര പ്രമേയവുമുണ്ടായി. സ്കൂൾ കുട്ടികൾക്ക് കൊടുക്കാനുള്ള അരി മറിച്ചു വിറ്റവരാണ് നിങ്ങൾ. സ്കൂൾ കുട്ടികൾക്ക് കൊടുക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് കൊടുത്ത കടലയും ചെറുപയറും മറിച്ചു വിറ്റു എന്ന് ആക്ഷേപമുണ്ടാക്കിയ നിങ്ങളാണോ സ്കൂൾ കുട്ടികളുടെ ഉച്ചക്കഞ്ഞിയെക്കുറിച്ച് പറയുന്നത്? ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്വമെന്താണ്? സാധാരണ ഗവൺമെന്റിനെക്കുറിച്ച്, രാഷ്ട്രീയ നേതൃത്വത്തെക്കുറിച്ച്, രാഷ്ട്രീയ പാർട്ടികളെക്കുറിച്ച് ജനങ്ങളുടെ മുമ്പിൽ ഒരോ അഭിപ്രായമുണ്ട്. നമ്മൾ പല വാക്കുകളും പറയും, പക്ഷേ വാക്ക് പാലിക്കില്ലയെന്നും പറയും. ജനങ്ങളുടെ ആ അഭിപ്രായം മാറ്റണം അതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എടുത്ത ആദ്യ തീരുമാനം. പറയുന്ന കാര്യങ്ങൾ നടപ്പാക്കണം. കഴിഞ്ഞ തെരഞ്ഞെടുപ്പു സമയത്ത് ഒരു രൂപയ്ക്ക് അരി കൊടുക്കുമെന്ന് പറഞ്ഞു. ബഹുമാന്യരായ പല പ്രതിപക്ഷ അംഗങ്ങളും ഒരു രൂപയ്ക്ക് അരി കൊടുക്കുന്നത് എന്തോ അപരാധം ചെയ്തതു പോലെയാണ് പറയുന്നത്. ഒരു രൂപയ്ക്ക് അരി കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. രണ്ടു രൂപയ്ക്ക് അരി കൊടുക്കാൻ നിങ്ങൾ തീരുമാനിച്ചത് നാലര വർഷം വരെ കാത്തിരുന്നു. അവസാനം 6 മാസത്തേയ്ക്കാണ് രണ്ടു രൂപയ്ക്ക് അരി കൊടുത്തത്. ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നതിനുശേഷം ഒരു രൂപയ്ക്ക് അരി കൊടുക്കുമെന്ന പ്രഖ്യാപനം ഞങ്ങൾ 100 ദിവസത്തിനുള്ളിൽ സമയബന്ധിതമായി നടപ്പിലാക്കി. പഞ്ഞ കർക്കിടക മാസത്തിലും ഈ രാജ്യത്തിലെ പാവപ്പെട്ടവന്റെ അത്താഴക്കലത്തിലേയ്ക്ക് 25 രൂപയ്ക്ക് 25 കിലോഗ്രാം അരി ചൊരിഞ്ഞിട്ടുകൊടുത്ത്, വാക്കു പാലിക്കുന്ന ഗവൺമെന്റായി മാറിയിട്ടുണ്ടെങ്കിൽ നിങ്ങൾ ആക്ഷേപം പറഞ്ഞിട്ട് കാര്യമുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം റേഷൻ കാർഡ് അവന് ഏറ്റവും വലിയതാണ് റേഷൻ കാർഡ്, റേഷൻ വാങ്ങാൻ വേണ്ടി മാത്രമല്ല, ഒരു അടിസ്ഥാന രേഖകൂടിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 5 ലക്ഷം റേഷൻ കാർഡ് കെട്ടിക്കിടന്നു. ഈ ഗവൺമെന്റ് പറഞ്ഞതെന്താണ്? ഞങ്ങൾ സമയബന്ധിതമായി നടപ്പാക്കും. 100 ദിവസത്തിനുള്ളിൽ 5 ലക്ഷം റേഷൻ കാർഡ് കൊടുത്തു. മാത്രമല്ല ഒരു വെള്ളക്കടലാസിൽ ഒരു അപേക്ഷ കൊടുത്താൽ അർഹതയുള്ളവർക്ക് 24 മണിക്കൂറിനുള്ളിൽ റേഷൻ കാർഡ് കൊടുത്തിരിക്കണമെന്ന് തീരുമാനിച്ച് ഇച്ഛാശക്തി പ്രകടിപ്പിച്ച ഗവൺമെന്റാണ്. അപ്പുറത്തിരിക്കുന്നവർക്ക് കഴിഞ്ഞോ? നിങ്ങളിതൊക്കെ നിസ്സാരമായി പറയും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇവിടെ ഇന്ന് വിലക്കയറ്റമുണ്ട്. കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നു? കേന്ദ്ര ഗവൺമെന്റ് ഈ വർഷം 85000 ടൺ അരി, 34000 ടൺ ഗോതമ്പ് ഇപ്പോൾ അഡ്ഹോക് സംവിധാനത്തിൽ കൊടുത്തിരിക്കുന്നു. സാധാരണ കിട്ടുന്നതിൽനിന്നും വ്യത്യസ്തമാണിത്, ഒരു കാലഘട്ടത്തിലും ലഭിക്കാത്തതാണിത്. ഇന്നിവിടെ ഭക്ഷ്യധാന്യങ്ങൾ ഇല്ലെന്നുള്ളതല്ല. സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ശേഖരണ ശേഷി, എഫ്.സി.ഐ. ഗോഡൗണുക

ളുടെ അപര്യാപ്തതയാണുള്ളത്. അവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പോയിക്കണ്ടു എന്ന് പറഞ്ഞു, കണ്ടെങ്കിൽ നല്ലതാണെന്ന് സമ്മതിക്കുന്നു. ഇവിടെ ഭക്ഷ്യശേഖരണത്തിന് വേണ്ടിയുള്ള ഗോഡൗണുകൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള സാഹചര്യം സൃഷ്ടിക്കണം. കേന്ദ്രം ഒരു വർഷം ഭക്ഷ്യ സബ്സിഡി ഇനത്തിൽ 2245 കോടി രൂപയാണ് നൽകുന്നത്. നിങ്ങൾ കണക്കുകൾ മറച്ചുവച്ചു. ഇക്കാര്യത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. കഴിഞ്ഞ 12 വർഷത്തിനുള്ളിൽ കേന്ദ്ര ഗവൺമെന്റ് റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ? ഇല്ല. കഴിഞ്ഞ 12 വർഷമായി കേന്ദ്ര ഗവൺമെന്റ് റേഷൻ അരിയുടെ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടില്ല. കേന്ദ്രത്തിന് സാമ്പത്തിക പരാധീനതയുണ്ടെങ്കിലും. വില വർദ്ധിപ്പിച്ചിട്ടില്ല, ഇല്ല, ഇല്ല, നമുക്കറിയാം കേന്ദ്ര സർക്കാർ 12 രൂപമുതൽ 16 രൂപവരെയാണ് സബ്സിഡി കൊടുക്കുന്നത്. ഈ 12 രൂപ മുതൽ 16 രൂപവരെ സബ്സിഡി കൊടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുമ്പോഴും കേന്ദ്ര വിരുദ്ധ സമരമെന്ന് പറഞ്ഞുകൊണ്ട് നമുക്ക് പോകാൻ കഴിയുമോ? ഭക്ഷ്യരംഗത്ത് ഗവൺമെന്റെടുത്തിരിക്കുന്ന സമീപനം നമുക്കറിയാം, വാക്കുപാലിക്കുന്ന, കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ എല്ലാവർക്കും ഭക്ഷ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുകയും മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വിലക്കയറ്റം നിയന്ത്രിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ ക്ഷീരവകുപ്പിനെക്കുറിച്ച് പറഞ്ഞു. ഇന്ന് ഏറ്റവും കൂടുതൽ സാധ്യതയുള്ള രംഗമാണ് ക്ഷീരോത്പാദനം. കേരളത്തിലെ പശുക്കളുടെയെണ്ണം കുറയുന്നു. നമ്മുടെ ചെറുപ്പക്കാലത്ത് കേരളത്തിൽ 38 ലക്ഷം പശുക്കളുണ്ടായിരുന്നുവെന്നാണ് പറയുന്നത്. ഇന്ന് 18 ലക്ഷം പശുക്കളായി കുറഞ്ഞിരിക്കുന്നു. ഇവിടെ

പാലുത്പാദനം കുറഞ്ഞിരിക്കുന്നു. പാലുത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ നമുക്ക് ഹൈബ്രീഡ് ഇനങ്ങൾ കൊണ്ടുവരണം. ബഹുമാന്യനായ ശ്രീ. പി. ജെ. ജോസഫ് അതിനൊരു മാതൃകയാണ്. ശ്രീ. പി. ജെ. ജോസഫിന്റെ ഐശ്വര്യയെന്ന് പറയുന്ന പശു, ശ്രീ. പി. ജെ. ജോസഫിന്റെ സഹധർമ്മിണി ഡോ.ശാന്ത വളർത്തുന്ന സുജ എന്നുപറയുന്ന പശു, 35 ലിറ്റർ പാലാണ് അളന്ന് കൊടുക്കുന്നത്. നമുക്ക് നാല് ലിറ്റർ പാൽ മാത്രമേയുള്ളൂ. ഇവിടെ ക്ഷീരോത്പാദന രംഗത്ത് നമുക്ക് കാര്യക്ഷമമായ മാറ്റം വരണമെങ്കിൽ ശ്രീ. പി. ജെ. ജോസഫിന്റെ പശുക്കളെപ്പോലെ ഐശ്വര്യയും സുജയെപ്പോലെയുമുള്ള പശുക്കളെ.......

ശ്രീ. ഇ. പി. ജയരാജൻ: കേരളത്തിൽ മിൽമ എട്ട് ലക്ഷം ലിറ്റർ പാലാണ് ഒരു ദിവസം ശേഖരിക്കുന്നത്. 13 ലക്ഷം ലിറ്റർ പാലാണ് മിൽമ വിൽക്കുന്നത്. അഞ്ചുലക്ഷം ലിറ്റർ പാൽ വിൽക്കുന്നത് മദ്രാസിൽ നിന്ന് പൊടികലക്കി ടാങ്കറിൽ കൊണ്ടുവന്നിട്ടാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ? പശുവിനെ വളർത്തണ്ട പൊടികലക്കിയാൽ മതി.

ശ്രീ. ബെന്നി ബെഹനാൻ: അതുകൊണ്ടാണ് പറയുന്നത് നമുക്കിവിടെ പാലുത്പാദനം വർദ്ധിപ്പിക്കണം. പാലുത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ നമ്മുടെ പശുക്കളെ ഹൈബ്രീഡ് പശുക്കളാക്കി മാറ്റണം. ചെറുകിട ഹൈടെക് ഫാമുകൾ നമുക്കുണ്ടാകണം. ഈ ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ അതാണ്. പണ്ട് നമുക്ക് സ്വിറ്റ്സർലന്റിൽനിന്ന് കിട്ടുന്ന പശുക്കളായിരുന്നു ഏറ്റവും വലുത്. സ്വിറ്റ്സർലന്റിൽനിന്ന് കിട്ടുന്ന പശുക്കളേക്കാൾ കൂടുതൽ ഹൈബ്രീഡ് പശുക്കളായ ഹോൾസ്റ്റെയിൻ ഫ്രീസ് എന്നുപറയുന്ന ഇനം പശുക്കൾ,

അതൊക്കെ നമുക്ക് വർദ്ധിപ്പിക്കണമെങ്കിൽ.....ഞാൻ ഒരു ഉദാഹരണം പറയാം, ഇസ്രായേലിലെ പലതും നമുക്ക് മാതൃകയാക്കാൻ പറ്റില്ലെങ്കിലും അവിടെ 60 ലിറ്റർ പാലുതരുന്ന പശുക്കളുണ്ട്. ഇവിടെ എട്ട് ലിറ്റർ പാലാണ് പശുക്കളിൽ നിന്ന് ലഭിക്കുന്നത്. ഇത്തരം ആധുനികമായ ശാസ്ത്ര-സാങ്കേതിക വൈദഗ്ദ്ധ്യങ്ങൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ പാലുത്പാദനം വർദ്ധിപ്പിക്കണം. അതിനുപറ്റുന്ന പുതിയ സ്കീമുകൾ ഉണ്ടാക്കണം. പാൽ ഫ്രീസറിൽവച്ചാൽ കേടായി പോകുമെന്ന് ഇവിടെ ആരോ പറഞ്ഞു. വിദേശരാജ്യങ്ങളിൽ നമ്മളൊക്കെ പോയിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണനും, ശ്രീ. സി. ദിവാകരനുമൊക്കെ അറിയാം, വിദേശരാജ്യങ്ങളിൽ എട്ടും പത്തും ദിവസമിരുന്നാലും കേടാകാത്ത പാലുണ്ട്. നമുക്ക് ആ പാലുത്പാദിപ്പിക്കാം. അതിനുപറ്റുന്ന ഭൂമിശാസ്ത്രം നമുക്കുണ്ട്. നമ്മുടെ മൂന്നാർ ഏരിയയിൽ അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഇൻഡോ-സ്വിസ് പ്രോജക്ടുണ്ട് അതൊക്കെ കാലഹരണപ്പെട്ടുപോയി. പത്തായിരത്തി അഞ്ഞൂറ് ഏക്കർ സ്ഥലം ഇതിനുവേണ്ടി മാറ്റിവച്ച് ഹൈബ്രീഡ് പശുക്കളെ കൊണ്ടുവന്ന് പാലുത്പാദിപ്പിച്ച് പത്തയ്യായിരം പേർക്ക് പണികിട്ടത്തക്ക രീതിയിലുള്ള ബൃഹത്തായ പദ്ധതിയെക്കുറിച്ച് ആലോചിക്കാൻ ബഹുമാനപ്പെട്ട ശ്രീ. കെ.സി. ജോസഫ് തയ്യാറാകണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. ഇവിടെ പലരും പറഞ്ഞത് രാഷ്ട്രീയമാണ്. അതുകൊണ്ട് രാഷ്ട്രീയത്തിലേയ്ക്കൊന്നും കടക്കുന്നില്ല, ശ്രീ. കെ. സി. ജോസഫിന്റെ ഗ്രാമവികസന വകുപ്പിനെക്കുറിച്ച് നമുക്കറിയാം, എന്നെ സംബന്ധിച്ചിടത്തോളം, എന്റെ നിയോജക മണ്ഡലത്തിൽ ഗ്രാമ പഞ്ചായത്തില്ല, അതുകൊണ്ട് ആ വകുപ്പിന്റെ പ്രയോജനം എനിക്ക് ലഭിക്കുന്നില്ലെങ്കിലും ഞാൻ ഒരു കാര്യം പറയു

ന്നു, ആ ഗ്രാമ വികസന വകുപ്പിന്റെ പ്രവർത്തനം മറ്റേത് കാലഘട്ടത്തേക്കാൾ കൂടുതൽ കാര്യക്ഷമമാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി – ഇപ്പോൾത്തന്നെ ഇവിടെ ഒരു വലിയ വിപ്ലവമാണ് നടന്നത്. നമുക്കറിയാം, തൊഴിലുറപ്പു പദ്ധതി, ഇവിടത്തെ ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുത്തി. എത്രയോ നാളുകളായി അവർ ആഗ്രഹിച്ചുകൊണ്ടിരുന്നതാണ്. പുതിയ ഹൈടെക് ഡയറി ഫാമുകൾ വരുന്നു. കേരളത്തിന് ശാപമായി മാറിയ, ഇവിടെ പലരും സൂചിപ്പിച്ചതുപോലെ വിഷം കഴിക്കുന്ന സാഹചര്യം ഒഴിവാക്കി ഹൈബ്രീഡ് പശുക്കളെ കൊണ്ടുവന്ന് പാലുത്പാദനം വർദ്ധിപ്പിക്കാനുള്ള സമീപനം സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ സഭാ അങ്കണത്തിൽ മാത്രമല്ല, സഭയുടെ ഗ്യാലറികളെകൂടി കോരിത്തരിപ്പിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് മറുപടി പറയുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനുവേണ്ടി കാര്യക്ഷമമായി ഇടപെട്ടുകൊണ്ടും കേന്ദ്ര പദ്ധതികളുടെ വിനിയോഗം ഇവിടെ കാര്യക്ഷമമായി നടപ്പാക്കിയും മറ്റ് ഏത് കാലഘട്ടത്തേക്കാൾ വളരെ ശക്തമായി പ്രവർത്തിച്ച് മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിന്റെ രണ്ട് വകുപ്പുകളുടെ ധനാഭ്യർത്ഥനകളെയും ശക്തമായി ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഭക്ഷ്യം, ക്ഷീരവികസനം, സാമൂഹ്യവികസനം എന്നീ മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ ശക്തമായി എതിർക്കുകയാണ്. പൊതുവിതരണ സമ്പ്രദായം താറുമാറാക്കി, വിലക്കയറ്റം രൂക്ഷമാക്കിയ അതുപോലെ ജനദ്രോഹനയങ്ങളിലൂടെ, നടപടികളിലൂടെ ഈ രാജ്യത്തെ ജനങ്ങളെ തീ തീറ്റിക്കുന്ന ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥന കളെ ഞാൻ ശക്തമായി എതിർക്കുകയാണ്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് അറുപത്തിയഞ്ച് വർഷം പൂർത്തീകരിക്കാൻ വേണ്ടിപോവുകയാണ്. സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ നമ്മുടെ ദേശീയ നേതാക്കന്മാർ, ഈ രാജ്യ ത്തിലെ ജനങ്ങളോട് പറഞ്ഞു, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയാൽ ഇവിടെ കൃഷിഭൂമി കൃഷിക്കാരന് കൊടുക്കും ആവഡി സോഷ്യലിസമെന്നൊക്കെ നമ്മൾ കേട്ടിട്ടുണ്ട. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി അറുപത്തിയഞ്ച് വർഷം കഴി ഞ്ഞിട്ടും കൃഷിഭൂമി കൃഷിക്കാരന് കിട്ടിയോ? ആരാണ് ഇതിനുത്തരവാദി? അതുപോലെത്തന്നെ മഹാത്മജി പറഞ്ഞു, ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി ക്കഴിഞ്ഞാൽ ഈ രാജ്യം രാമരാജ്യമാക്കി മാറ്റാൻവേണ്ടി കോൺഗ്രസുകാർ ശ്രമിക്കുമെന്ന്. ഈ രാജ്യത്തെ ഒരു ക്ഷേമരാഷ്ട്രമാക്കി മാറ്റുമെന്നാണ് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത്. 1947 ആഗസ്റ്റ് 15-ന് യൂണിയൻ ചാക്ക് വലിച്ചിറക്കി സത്യത്തിന്റെയും സമാധാന ത്തിന്റെയും അതുപോലെത്തന്നെ സ്വാതന്ത്ര്യത്തിന്റെയുമെല്ലാം പ്രതീകമെന്ന് പറഞ്ഞ് ആ ത്രിവർണ്ണ പതാക ചെങ്കോട്ടയിൽ വലിച്ചുയർത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു, ഈ രാജ്യത്തെ ഒരു ക്ഷേമരാഷ്ട്രമാക്കി മാറ്റിത്തീർക്കാൻ എനിക്കൽപ്പം സാവകാശവും നിങ്ങളുടെയെല്ലാം പിന്തുണയും വേണമെന്ന്. അദ്ദേഹം അന്തരിച്ചു, അതിനുശേഷം പല മഹാൻമാരായ നേതാക്കന്മാരും

ഇന്ത്യാരാജ്യം ഭരിച്ചു. ഇപ്പോൾ ശ്രീ. മൻമോഹൻ സിംഗും ശ്രീമതി സോണിയാ ഗാന്ധിയുമാണ് ഇന്ത്യാ രാജ്യം ഭരിക്കുന്നത്. ഈ രാജ്യം ക്ഷേമ രാഷ്ട്രമായോ? അതുപോലെ ഇന്ദിരാഗാന്ധി അധികാരത്തിൽ വന്നപ്പോൾ പറഞ്ഞു, ഇന്ത്യാരാജ്യത്തെ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമാക്കാൻവേണ്ടി ഞാൻ പോകുന്നു അതിനുവേണ്ടിയുള്ള സഹായങ്ങൾ വേണം. അതിനുശേഷം പല മുദ്രാവാക്യങ്ങളും രാജ്യത്തിലെ ജനങ്ങളുടെ മുമ്പാകെ വച്ചു. വീട്ടിൽ ഒരാൾക്ക് ജോലി, ഗ്രാമത്തിലൊരു വ്യവസായം, ധവള വിപ്ലവം, ഗരീബി ഹഠാവോ, ബേക്കാരി ഹഠാവോ ഇങ്ങനെ എന്തെല്ലാം മോഹനസുന്ദര വാഗ്ദാനങ്ങളാണ് ഈ രാജ്യത്തിലെ ജനങ്ങളുടെ മുമ്പാകെ വച്ചത്. എന്നിട്ട് 65 വർഷം പൂർത്തീകരിക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എന്താണ്. ഇവിടെ ഭക്ഷ്യക്ഷാമം പോലും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ 120 കോടി ജനങ്ങളുള്ള ഈ രാജ്യത്ത് അവർക്ക് ആവശ്യമായുള്ള ഒരു നേരത്തെ ഭക്ഷണംപോലും കൊടുക്കാൻ ഈ മുദ്രാവാക്യങ്ങളെല്ലാം ജനങ്ങളുടെ മുമ്പാകെ വച്ചിട്ടുള്ള, ഈ മോഹന സുന്ദര വാഗ്ദാനങ്ങളെല്ലാം നൽകിയിട്ടുള്ള കോൺഗ്രസിന് കഴിഞ്ഞിട്ടുണ്ടോ? ഇന്ത്യാ രാജ്യം ഏറ്റവും കൂടുതൽ കാലം ഭരിച്ചതാരാണ്; കോൺഗ്രസല്ലേ? ആകെ എട്ടോ പത്തോവർഷക്കാലം മാത്രമാണ് മറ്റ് പാർട്ടികളെല്ലാം കൂടി ഭരിച്ചത്. അങ്ങനെ 65 വർഷത്തിൽ 55 വർഷവും ഭരിച്ച കോൺഗ്രസിന് ഇവിടത്തെ ഭക്ഷ്യപ്രശ്നം പരിഹരിക്കാൻവേണ്ടി കഴിഞ്ഞോ? കഴിഞ്ഞിട്ടില്ലായെന്ന് മാത്രമല്ല, അത് കൂടുതൽ കൂടുതൽ രൂക്ഷമായി വരുന്നു എന്നാണ് നമുക്കിവിടെ മനസിലാക്കാൻ കഴിഞ്ഞത്. ഇന്ത്യാ രാജ്യം മോഹനസുന്ദര വാഗ്ദാനങ്ങളുടെ ശവപ്പറമ്പായി മാറിയിരിക്കുന്നു. ഈ കോൺഗ്രസ് എത്രകാലം ഭരിച്ചാലും ഇതിനൊരു പരിഹാരം

കാണാൻ കഴിയില്ല. കാരണം ഇവർ ഭരിക്കുന്നത് രാജ്യത്തിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടിയല്ല. മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾക്കും വേണ്ടിയല്ല. ഇവരിവിടെ പണക്കാർക്ക് പറുദീസ തീർക്കുകയാണ്. കോടീശ്വരൻമാർ, ശതകോടീശ്വരൻമാർ ഓരോ കൊല്ലം കഴിയുന്തോറും കൂടുതൽ കൂടുതൽ വരികയാണ്. അതേയവസരത്തിൽ പാവപ്പെട്ടവൻ പാവപ്പെട്ടവനായിട്ട് ചവറ്റുകുട്ടയിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന സാഹചര്യമാണ് ഇവിടെയുള്ളത്. നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ഈ അടുത്തവസരത്തിൽ പറഞ്ഞിട്ടുള്ള ഒരുകാര്യമുണ്ട്. അദ്ദേഹം ഒരു സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് വിശപ്പും പോഷകാഹാരക്കുറവുമെന്ന സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. പോഷകാഹാരക്കുറവ്, ദേശീയ നാണക്കേട് എന്നാണ് അദ്ദേഹം പറഞ്ഞത്. പ്രധാനമന്ത്രി പറയുകയാണ്, ലോകത്ത് പോഷകാഹാരക്കുറവുള്ള മൂന്ന് കുട്ടികളിൽ ഒരാൾ ഇന്ത്യയിലാണ്. അതുപോലെ ലോകത്തേറ്റവുമധികം വളർച്ച മുരടിച്ച കുട്ടികളുള്ളത് ഇന്ത്യയിലാണ്. അതുപോലെ പോഷകാഹാരക്കുറവിന്റെ തോത് പെട്ടെന്ന് കുറച്ചുകൊണ്ടുവരാൻ ആകുന്നില്ലെന്നും അദ്ദേഹം പരിതപിച്ചു. 65 വർഷത്തിനുശേഷം നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രി പറയുകയാണ് ലോകത്തിൽ പോഷകാഹാരക്കുറവുമൂലം കഷ്ടപ്പെടുന്ന കുട്ടികളിൽ മൂന്നിലൊന്ന് ഇന്ത്യാരാജ്യത്താണ്. ഏതാണ്ട് 45 ശതമാനത്തോളം വരുന്ന കുട്ടികൾ പോഷകാഹാരക്കുറവുമൂലം ഇന്ത്യാ രാജ്യത്ത് കഷ്ടപ്പെടുന്നുവെന്ന്. ഇതാണ് സോഷ്യലിസ്റ്റ് ഇന്ത്യ, ഇതാണ് രാമരാജ്യം, ഇതാണ് ക്ഷേമ രാഷ്ട്രം അല്ലേ? എന്നിട്ട് കോൺഗ്രസ് ഇവിടെ വന്നിട്ട് നമ്മുടെയെല്ലാം മുമ്പിൽ അതുചെയ്യുന്നു ഇതുചെയ്യുന്നു എന്നൊക്കെ പറഞ്ഞുകൊണ്ട് ആളുകളെ പരിഹസിക്കുന്ന ഒരു രീതിയിലാണ് പ്രവർത്തിക്കുന്നത്. നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്,

കുട്ടിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം. അതല്ലേ ശരി, നമ്മുടെ രാജ്യത്തെ കുട്ടികളുടെ സ്ഥിതിയാണ് ഈ പറഞ്ഞത്. ചില കവികളൊക്കെകവിത എഴുതിയിട്ടുണ്ട്.

"പഴകിപ്പഴകി പറന്നുവല്ലാതെ
ഇഴനീങ്ങീടിന മുണ്ടരക്ക് ചുറ്റി
പുഴയും വയറോട് ഹന്തമിച്ച്
കുഴലും ഭക്ഷണങ്ങൾ കണ്ടിരിക്കാം."

ചങ്ങംപുഴ പാടിയിട്ടുണ്ട് എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെയെല്ലാം പൂത്ത മരങ്ങളും, പൂത്തമരങ്ങളല്ല. നമ്മുടെ സ്വതന്ത്ര ഇന്ത്യയിൽ നമ്മുടെ രാജ്യത്തിന്റെ ഭാവിഭാഗധേയങ്ങളായി മാറേണ്ടുന്ന കോടാനുകോടി കുട്ടികൾ ഈ രാജ്യത്ത് ഭക്ഷണം കിട്ടാതെ കഷ്ടപ്പെടുന്നു. പഴകിപ്പഴകി പറന്നു വല്ലാതെ ഇഴനീങ്ങീടിന മുണ്ടരക്ക് ചുറ്റി നിങ്ങൾ കാണുന്നില്ലേ ഹോട്ടലിന്റെ പിന്നാമ്പുറത്തേയ്ക്ക് പോയി നോക്കു. കേരളത്തിൽ കുറച്ച് കുറവുണ്ടാകും. അത് നിങ്ങളുടെ മിടുക്ക് കൊണ്ടല്ല. 1957 –ൽ സഖാവ് ഇ.എം.എസ്.ന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വന്നതുമുതൽ ഇടതുപക്ഷ പ്രസ്ഥാനം ഈ കേരളത്തിൽ നടത്തിയിട്ടുള്ള പുരോഗമനപരമായിട്ടുള്ള വികസന പ്രവർത്തനങ്ങളും സാമൂഹ്യസുരക്ഷാപദ്ധതികളും കൊണ്ടാണ് നമ്മുടെ ഈ കേരളത്തിൽ അത്രത്തോളം ഇല്ലാത്തത്. തിരുവനന്തപുരം പട്ടണത്തിലെ ഹോട്ടലിലൊക്കെ പോയി നോക്കിയാൽ എന്താണ് സ്ഥിതി? 14 വയസ്സുവരെയുള്ള കുട്ടികൾ ഇപ്പോഴും പണിയെടുക്കുകയാണ്. നിങ്ങൾക്ക് മാറ്റാൻവേണ്ടി കഴിഞ്ഞോ; അത് കണ്ടില്ലായെന്ന് നടക്കുകയല്ലേ, ഇതാണ് ഇന്ത്യാ രാജ്യത്തിന്റെ സ്ഥിതി. ഭക്ഷ്യപ്രശ്നംപോലും പരിഹരിക്കാൻവേണ്ടി കഴിഞ്ഞിട്ടില്ല.

കേരളത്തിൽ കുട്ടികളുടെ ഉച്ചഭക്ഷണപദ്ധതി അട്ടിമറിക്കാൻവേണ്ടി ശ്രമിക്കുകയല്ലേ നിങ്ങൾ ചെയ്യുന്നത്. ഇവിടെ പല ആളുകളും പറഞ്ഞല്ലോ, ഇപ്പോൾ 150 ഗ്രാം അരി, 50 ഗ്രാം പയർ, മുട്ട, പാൽ ഇതെല്ലാം കൊടുക്കുന്നുണ്ട്. ഇതെല്ലാം നിങ്ങൾ അട്ടിമറിച്ചുകൊണ്ട് എന്താണ് ചെയ്തത്? യു.പി. സ്ക്കൂൾവരെയുള്ള കുട്ടിക്ക് 4 രൂപ, അതിനുമുകളിൽ 5 രൂപ. എന്താണ് ഇതിന്റെ അർത്ഥം. നിങ്ങൾ സ്ക്കൂളുകളിലെ പ്രധാന അദ്ധ്യാപകന്മാർക്ക് കൊള്ളയടിക്കാനുള്ള അഴിമതി നടത്താനുള്ള സൗകര്യം നിങ്ങൾ ചെയ്തുകൊടുക്കുകയാണ്. നിങ്ങൾ അഴിമതിയുടെ കളിക്കൂട്ടുകാരാണ്. അഴിമതിക്കുവേണ്ടിയാണ് നിങ്ങൾ നിലകൊള്ളുന്നത്. ഈ രീതിയിലാണ് ഭരണം. കൂടുതലൊന്നും പറയുന്നില്ല. രാവിലെ മുതൽ ഭക്ഷ്യരംഗത്തെക്കുറിച്ചും അതുപോലെ തന്നെ ക്ഷീരവികസനത്തെക്കുറിച്ചും സാമൂഹ്യവികസനത്തെക്കുറിച്ചുമെല്ലാം തന്നെ ഒരുപാട് കാര്യങ്ങൾ എനിക്ക് മുമ്പത്തെ എൽ.ഡി.എഫ്.ലെ പ്രാസംഗികന്മാർ പറഞ്ഞു കഴിഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. വേറെ ചില കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിലെ പോലീസ് ഒരു വലിയ ധർമ്മ സങ്കടത്തിലാണ്. എന്താണ് ചെയ്യേണ്ടതെന്ന് അവർക്ക് ഒരു പിടിപാടില്ല. കാരണം ഇവിടെ ടി.പി.ചന്ദ്രശേഖരന്റെ കൊലപാതകത്തെക്കുറിച്ച് പറഞ്ഞല്ലോ. ടി.പി.ചന്ദ്രശേഖരന്റെ കൊലപാതകം നടന്നപ്പോൾ ഡൽഹിയിൽ നിന്ന്, ഇവിടെ പല പ്രാവശ്യം പറഞ്ഞതാണ് എന്നാലും ഞാൻ ഓർമ്മിപ്പിക്കുകയാണ്. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ 15–20 മിനിറ്റിനുള്ളിലല്ലേ പറഞ്ഞത്, അതുപോലെ തന്നെ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എവിടെയായിരുന്നോ അവിടെയിരുന്നു അദ്ദേഹം പ്രസ്താവന ഇറക്കിയത്. അതുപോലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നമ്മുടെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി. പിന്നൊരാൾ കോൺഗ്രസിന്റെ പ്രസി

ഡന്റ് ശ്രീ. രമേശ് ചെന്നിത്തല. ഇവരെല്ലാം അവിടുന്നു പറഞ്ഞില്ലേ, മാർക്സിസ്റ്റുകാരാണ് കൊലപാതകികൾ എന്ന് പറഞ്ഞില്ലേ, സാധാരണ നമുക്കറിയാം. ഒരു കൊലപാതകം നടന്നാൽ ആ കൊലപാതകം ആരാണ് നടത്തിയത് എങ്ങനെയാണ് നടത്തിയത് എന്നതാണെന്നുള്ളതിനെക്കുറിച്ചെല്ലാം അന്വേഷിച്ച് വ്യക്തമായിട്ടുള്ള തെളിവ്, മറ്റ് കാര്യങ്ങൾ..

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : അങ്ങ് എന്റെ പേര് പറഞ്ഞതുകൊണ്ടാണ് എഴുന്നേൽക്കേണ്ടി വന്നത്. ഞാൻ സാധാരണ എഴുന്നേൽക്കുന്നതല്ല. ഞാൻ എവിടെയെങ്കിലും ഏതെങ്കിലും ഒരു സ്ഥലത്ത് അങ്ങ് പറഞ്ഞതുപോലെ ഈ സംഭവം നടന്നതിനുശേഷം ഒരു മണിക്കൂറോ ഒരു ദിവസമോ കഴിഞ്ഞിട്ട് ഏതെങ്കിലും സന്ദർഭത്തിൽ ഇത് മാർക്സിസ്റ്റുകാരാണ് കൊന്നതെന്ന് അങ്ങ് ദയവായിട്ട് തെളിയിക്കുകയാണെങ്കിൽ വിരോധമില്ല. ഇല്ലെങ്കിൽ അങ്ങ് എന്നെക്കുറിച്ച് പറഞ്ഞത് പിൻവലിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : പത്രങ്ങളിലൊക്കെ വന്നിട്ടുള്ള കാര്യങ്ങളാണ്. ഇവിടെ രണ്ട് മാസക്കാലമായിട്ട് ഈ പ്രശ്നം പത്രങ്ങളിലെല്ലാം വന്നതാണ്. ഞാൻ സൂക്ഷ്മമായിട്ട് പരിശോധിച്ച് ഞാൻ പിന്നീട് പറയാം. ഇതെല്ലാം പത്രത്തിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. മാർക്സിസ്റ്റുകാർ അങ്ങനെ ഒരിക്കലും ചെയ്യുന്നവരല്ല. ചെയ്തിട്ടുമില്ല. നിങ്ങൾ ഈ രീതിയിലുള്ള തെറ്റായ പ്രചാര വേലകൾ ഈ രാജ്യത്ത് അഴിച്ചു വിടുകയണ്. അപ്പോൾ പോലീസ് വലിയ വിഷമത്തിലാണ്. ഞാൻ പറഞ്ഞു വരുന്നത്, നിങ്ങളെല്ലാം ഇങ്ങനെ പറഞ്ഞ ഒരു സാഹചര്യത്തിൽ നിങ്ങൾ പറയുന്ന കാര്യങ്ങൾ തെളിയിച്ചു കൊടുക്കേണ്ടുന്ന ഒരു ഉത്തരവാദിത്തം പോലീസിനുണ്ട്. അതിനുവേണ്ടിയിട്ടുള്ള പൊല്ലാപ്പാടാണ് അവിടെ നടന്നത്. അതിനുവേ

ണ്ടിയുള്ള പരിപാടികളാണ് അവർ നടത്തുന്നത്. ഇതെങ്ങനെ തെളിയിച്ചു കൊടുക്കണ്ടേ, ആരൊക്കെ പറഞ്ഞത്. ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഇവർ പറയുന്നത് അനുസരിച്ചുള്ള കേസ്സുണ്ടാക്കാൻവേണ്ടി കേരളത്തിലെ കോൺഗ്രസ് അനുകൂലമായിട്ടുള്ള എല്ലാ സാമൂഹ്യവിരുദ്ധ സ്വഭാവമുള്ള പോലീസുകാരുടെ കേന്ദ്രീകരണമാണ് ഇപ്പോൾ വടകരയിൽ നടക്കുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : *************[1] സകലമാന ആളുകൾക്കും പത്രങ്ങൾക്കും അറിയാവുന്ന ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി നിങ്ങൾ മറുപടി പറയുമ്പോൾ പറഞ്ഞാൽ മതി.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, പോയിന്റ് ഓഫ് ഓർഡർ, വളരെ സീരിയസ്സായിട്ട് കേരളം കണ്ടിട്ടില്ലാത്തവിധത്തിൽ ഒരു ഇൻവെസ്റ്റിഗേഷൻ നന്നായിട്ട് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ചിലപ്പോൾ തർക്കങ്ങളുണ്ടാകാം. തർക്കങ്ങളുണ്ടെങ്കിൽ കോടതിയിൽ പറയാം. കോടതിയിൽ ആ സത്യം തെളിയിക്കുന്നതിനുവേണ്ടിയുള്ള സാധ്യതകളും തർക്കം ഉയർത്തുന്ന ആളുകൾക്കുണ്ടാകും. ഒരു കൊലപാതകത്തെ സംബന്ധിച്ച് ഇങ്ങനെ പോകുമ്പോൾ അതിനെസംബന്ധിച്ച് ഈ രൂപത്തിൽ നിയമസഭയിൽ കിട്ടിയിരിക്കുന്ന ഇമ്മ്യൂണിറ്റി വിനിയോഗിച്ചുകൊണ്ട് ഇങ്ങനെ പറയുന്നതും തെളിവ് ഇല്ലാതാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതും ശരിയാണോ മാത്രമല്ല ഇൻവെസ്റ്റിഗേഷന് പോകുന്ന ഉദ്യോഗസ്ഥർ അവർ ഒരു ഡ്യൂട്ടി ചെയ്യുന്ന ആളുകളാണ്. ആ ഡ്യൂട്ടി ചെയ്യുന്ന ഉദ്യോ

---

[1] സഭാ രേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ഗസ്ഥരെ ഇങ്ങനെ തെറ്റായ രൂപത്തിൽ ജനങ്ങളുടെ മുമ്പിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. അതുകൊണ്ട് 307 അനുസരിച്ച് ദയവായി അത് രേഖകളിൽ നിന്ന് മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : അത് പരിശോധിക്കാം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ അസഹിഷ്ണത കാണിക്കുന്നത് ശരിയല്ല. അത് ബഹുമാനപ്പെട്ട അങ്ങ് പറയണം. തടസ്സപ്പെടുത്തുന്നത് ശരിയല്ല. എനിക്ക് വേറൊരു കാര്യം പറയാനുള്ളത്.

ശ്രീ. ഇ.പി.ജയരാജൻ : വടകരയിൽ കേസ് അന്വേഷിക്കുന്ന ഷൗക്കത്തലി കെ.എസ്.യു.പ്രവർത്തകനായിരുന്നു, യൂത്ത് കോൺഗ്രസ് പ്രവർത്തകനായിരുന്നു, ക്രിമിനൽ പശ്ചാത്തലമുള്ള ആളാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : എല്ലാവർക്കും പരമബോദ്ധ്യമാണ്.

മി. സ്പീക്കർ : അങ്ങ് വിഷയത്തിലേയ്ക്ക് വരുക.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : ഒരു കാര്യംകൂടി, നമ്മുടെ ബഹുമാനപ്പെട്ട കെ.പി.സി.സി.യുടെ പ്രസിഡന്റ് *******[2] വിനീതമായിട്ടുള്ള അഭിപ്രായം എനിക്കുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു ചേർത്തിട്ടുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ .......

ശ്രീ. സി. പി. മുഹമ്മദ് : പോയിന്റ് ഓഫ് ഓർഡർ 307 . ബഹുമാനപ്പെട്ട കെ.പി.സി.സി.പ്രസിഡന്റിനെപ്പോലെ ഉന്നതനായ ഒരാളും ഈ സഭയിലെ

---

[2] [2] സഭാ രേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

അംഗവുമായ ഒരു വ്യക്തിയെ വകതിരിവില്ലാത്ത ആളാണ് എന്നുള്ള മട്ടിൽ സംസാരിക്കുന്നത് ഓർഡറിലാണോ; ആ വാചകം നീക്കം ചെയ്യണം?

മി. സ്പീക്കർ : ഒരംഗം പറഞ്ഞത് പാർലമെന്റേറിയൻ എന്ന നിലയിൽ പറയാവുന്നതാണോ പാർലമെന്ററി പദമാണോയെന്ന് പരിശോധിച്ചിട്ട് പറയാം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : ഞാനിത് പറയാൻ കാരണം പോലീസ് ഉദ്യോഗസ്ഥന്മാരും മന്ത്രിയും ചർച്ച ചെയ്യുന്ന ഒരു സ്ഥലത്ത് ഇദ്ദേഹത്തിന് പോകാൻ പറ്റുമോ; സി.പി.ഐ.(എം) ന്റെ സംസ്ഥാന സെക്രട്ടറി പിണറായി വിജയന് കോടിയേരി ബാലകൃഷ്ണനും അതുപോലെ തന്നെ പോലീസ് ഉദ്യോഗസ്ഥന്മാരും ചർച്ച ചെയ്യുന്ന ഒരു സ്ഥലത്തേയ്ക്ക് കയറിപ്പോയാൽ എന്തായിരിക്കും ഇവിടുത്തെ സ്ഥിതി?

മി. സ്പീക്കർ : ഇതിന് ക്ഷീരവികസനവും ഭക്ഷ്യവുമായിട്ട് എന്തെങ്കിലും ബന്ധം ഉണ്ടോ?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : അതെല്ലാം നേരത്തെ പറഞ്ഞു. അപ്പുറത്ത് രാഷ്ട്രീയം പറഞ്ഞല്ലോ, ******* ഇവിടെ കൊലപാതകത്തെക്കുറിച്ചു പറഞ്ഞു. എന്റെ മണ്ഡലത്തിൽ ചീമേനിയിൽ 1987 –ൽ മാർച്ച് മാസം 23–ാം തീയതി ഒരു സംഭവം നടന്നു. അഞ്ച് ആളുകളെയാണ് കശാപ്പ് ചെയ്തത്. അതിന്റെ എഫ്.ഐ.സ്റ്റേറ്റുമെന്റ് എന്റെ കൈയിലുണ്ട്. അഞ്ച് ആളുകളെ കോൺഗ്രസിന്റെ ഗുണ്ടകൾ, ആ ഗുണ്ടകളിൽ ഒരാൾ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി അന്ന് ധനകാര്യമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ സ്റ്റാഫിലെ അംഗമായിരുന്ന എബ്രഹാമാണ് നിഷേധിക്കാൻവേണ്ടി കഴിയുമോ? കൊലയാളിയെ സംരക്ഷിച്ചിട്ടുള്ള മുഖ്യമന്ത്രിയാണ് ഇവിടെ ഇരിക്കുന്നത് നിഷേധിക്കാൻ കഴിയുമോ? അബ്രഹാം, ........ അതുപോലുള്ള നിരവധി ആളുകളുണ്ട്. എങ്ങനെയാണ് കൊന്നത്? ആ തെരഞ്ഞെടുപ്പിന്റെ വോട്ടും കണക്കും കാര്യങ്ങളു

മൊക്കെ പരിശോധിക്കുമ്പോൾ പത്ത് നൂറോളം യൂത്ത് കോൺഗ്രസ്സുകാരും മൂത്ത കോൺഗ്രസ്സുകാരും മണ്ണെണ്ണ ടിന്നും പെട്രോൾ ടിന്നുമായി പോയി എറിഞ്ഞ് ആളുകളെയൊക്കെ അതനകത്ത് അടച്ച് പൂട്ടി ചുറ്റും പുരമേയാനുള്ള പുല്ല് അടുക്കിവച്ചു. അതിൽ മണ്ണെണ്ണയും പെട്രോളും ഒഴിച്ച് തീ കൊളുത്തി. ഇത്രയും ക്രൂരമായി മനുഷ്യാധമൻമാർപോലും ചെയ്യാൻ അറയ്ക്കുന്ന പ്രവർത്തി ചെയ്ത കോൺഗ്രസ് ഇന്നിപ്പോൾ ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് പറയുകയാണ്. അൻപത്തൊന്ന് ആളുകളാണ്. പല ആളുകളേയും നിങ്ങൾ സംരക്ഷിച്ചു. ഞാൻ കോൺഗ്രസ്സിന്റെ കൊലയാളി രാഷ്ട്രീയത്തെക്കുറിച്ച് പറയുന്നില്ല. മഹാൻമാരായിട്ടുള്ള നേതാക്കൻമാരെപ്പോലും തല്ലിക്കൊന്നവരാണ് എന്നുള്ള കാര്യം ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. കളങ്ങറത്ത് രാഘവൻ,......... നിങ്ങളല്ലേ കൊലയാളി രാഷ്ട്രീയത്തിന്, ബോംബ് രാഷ്ട്രീയത്തിന് ഉത്തരവാദി? പണിയെടുത്തുകൊണ്ടിരുന്ന ബീഡി കമ്പനിയിലേയ്ക്ക് ബോംബെറിഞ്ഞ് കളങ്ങറത്ത് രാഘവനെ കൊന്നവരാരാണ്? ആരാ കൊന്നത്? പറയണം കോൺഗ്രസ്സുകാർ. അതുപോലെ ഒ.കെ. കുഞ്ഞിക്കണ്ണൻ, സകലമാനയാളുകൾക്കും പ്രിയങ്കരനായിരുന്ന, പ്രത്യേകിച്ചും മുസ്ലീം ജനവിഭാഗത്തിന്റെ സകലതർക്കങ്ങളും പരിഹരിച്ചിരുന്ന ഒ.കെ. കുഞ്ഞിക്കണ്ണൻ ഒരു പ്രകടനത്തിനു നേതൃത്വം കൊടുത്തു എന്നുള്ളതുകൊണ്ട് അദ്ദേഹം അഭയം പ്രാപിച്ചിരുന്ന ഒരു മുസ്ലീം വീട്ടിൽ നിന്ന് പിടിച്ചിറക്കിക്കൊണ്ടുവന്ന് വെട്ടി വെട്ടി നുറുക്കിക്കൊന്നില്ലേ നിങ്ങൾ? മുസ്ലീം ലീഗുകാരാണ്, 1970–ൽ. എന്നിട്ട് ഇവിടെ വന്ന് മാനവികതയെക്കുറിച്ച് പ്രസംഗിക്കുന്നു. മാനവികതയെക്കുറിച്ചും സാഹോദര്യത്തെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും എന്തൊരു പ്രസംഗം. മനുഷ്യാധമൻമാരാണ് നിങ്ങൾ. ഇന്നിപ്പോൾ ഒരു സംഭവം നടന്നു. ആ സംഭവത്തിന്റെ പേരിൽ മാർക്സിസ്റ്റ് പാർട്ടിയെ......

നേരത്തെ പ്രസംഗിക്കുന്ന കൂട്ടത്തിൽ ശ്രീ. ആർ. സെൽവരാജ് പറഞ്ഞു. ഇവിടെ *********[3] എന്ന്. എവിടുന്ന് കിട്ടി? പറയണം. ഇവിടെ രേഖയിലു ണ്ട്. എവിടുന്ന് കിട്ടി? അതാണ് ഞാൻ പറഞ്ഞത് കോൺഗ്രസിന്റെ ഗൂഢാ ലോചനയാണ്. ഇത് തന്നെയാണ് ഞങ്ങൾ പറയുന്നത്. ഇനിയിപ്പോൾ നമ്മുടെ സഹപ്രവർത്തക, അവരേയും കൂടി കേസിൽ കുടുക്കുംപോലും. അവർ പറ യുന്ന രീതിയിൽ മൊഴി കൊടുത്തില്ലെങ്കിൽ അദ്ദേഹത്തിന്റെ ഭാര്യ, മോഹനൻ മാഷിന്റെ ഭാര്യ ശ്രീമതി കെ.കെ. ലതികയേയും മകനേയും,........ നാണ മുണ്ടോ നിങ്ങൾക്ക്,. ........

<u>മി. സ്പീക്കർ:</u> അത് പറഞ്ഞ് ഒരു വഴിയുണ്ടാക്കേണ്ട. ........(ബഹളം).... നമ്മുടെ സഭയിലെ ഒരംഗം, നമ്മുടെ ഒരു സഹോദരി ഇവിടിരിപ്പുണ്ട്. ഇല്ലാ ത്തത് എന്തിനാണ് പറയുന്നത്. പ്ലീസ് ......കൺക്ലൂഡ്....

<u>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):</u> അവിടെ കഴിഞ്ഞ രണ്ടാം തീയതി ഒരു സംഭവം ഉണ്ടായി.

<u>ശ്രീമതി കെ.കെ. ലതിക:</u> കഴിഞ്ഞ അഞ്ചാം തീയതി സഖാവ് മോഹനൻമാഷിനേയും അതുപോലെതന്നെ ശ്രീ. അശോകനേയും അറസ്റ്റ് ചെയ്യണമെന്ന് പറഞ്ഞ് അവിടെ നേരത്തെ തന്നെ ഓർഡർ പോയത് നിങ്ങൾക്ക് അറിയാമോ? അതുപോലെ ഈ സഭയിലെ ഒരംഗം ശ്രീമതി കെ. കെ. ലതികയുടെ ഭർത്താവ് മോഹനൻ മാഷാണ് ഈ കൊലയ്ക്ക് പിന്നി ലെന്ന് നേരത്തെ തന്നെ പ്രഖ്യാപിച്ചത് നിങ്ങൾക്ക് അറിയാമോ? ഇവരു പറ യുന്നത് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് എന്നല്ലേ; അന്വേഷ ണത്തിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റെങ്കിൽ മേയ് 4-ാം തീയതി ടി.പി. ചന്ദ്രശേഖരൻ കൊല ചെയ്യപ്പെടുന്നു. മേയ് 5-ാം തീയതി മോഹനൻമാഷി

[3] സഭാരേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

നേയും ശ്രീ. അശോകനേയും അറസ്റ്റ് ചെയ്യണമെന്ന് ഏത് അന്വേഷണ ത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർക്ക് പ്രഖ്യാപിക്കാൻ കഴിഞ്ഞത്? ഇവർ മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കളെ അറസ്റ്റ് ചെയ്യാം. ടി.പി. രാമകൃഷ്ണ നെയല്ല അതിലും വലിയ നേതാവിനെ അറസ്റ്റ് ചെയ്താലും ഈ പാർട്ടിയെ അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് ശ്രീ. ആർ. സെൽവരാജല്ല അതിന്റെ വലിയ നേതാക്കൻമാർക്ക് തിരിച്ചറിയാനുള്ള സമയം ഇനിയും ആയിട്ടില്ലേ?

ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഇതെല്ലാം അറിയാവുന്ന കാര്യങ്ങളാണ്. സിനിമാസ്റ്റൈലിലല്ലേ അറസ്റ്റ്. മോഹനൻ മാഷിനെപ്പോ ലുള്ള മാന്യനായ ഒരാൾ പറഞ്ഞാൽ പോകില്ലേ, പോലീസ് സ്റ്റേഷനിൽ. ഇക്കഴിഞ്ഞ രണ്ടാം തീയതി പ്ലാന്റേഷൻ കോർപ്പറേഷന്റെ ഒരു പരിപാടി ചീമേ നിയിൽ ഉണ്ടായിരുന്നു. അവിടെ 310 ഏക്കർ റബ്ബർ പ്ലാന്റ് ചെയ്യുന്ന പരിപാടി യായിരുന്നു. അതിൽ ആശംസ പ്രസംഗം നടത്താൻവേണ്ടി കരിമ്പിൽ കൃഷ്ണൻ എന്നു പറയുന്ന കോൺഗ്രസിന്റെ ഡി.സി.സി. സെക്രട്ടറി, കെ.പി. സി.സി. മെമ്പർ, അവിടെ വന്നു. പക്ഷെ ജനങ്ങൾ പ്രസംഗിക്കാൻ അനുവദി ച്ചില്ല. കൊലയാളി പ്രസംഗിക്കേണ്ട എന്നുപറഞ്ഞ് അദ്ദേഹത്തെ ഓടിച്ചു. ......(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ പ്രസംഗിച്ച കൂട്ടത്തിൽ പറഞ്ഞു നേരത്തെ ഒരു ഭരണകക്ഷി മെമ്പർ ഇവിടെ പ്രസംഗിച്ചുപോലും *********[4] ഭരണകക്ഷിയുടെ ഒരു മെമ്പർ ഇത് പറഞ്ഞതിന്റെ അർത്ഥമെ

[4] സഭാരേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ന്താണെന്നുവച്ചാൽ ഭരണകക്ഷി ഏതോ തരത്തിൽ തീരുമാനിച്ച കാര്യം ഒരു ഭരണകക്ഷി മെമ്പർ ഇവിടെ സഭയിൽ പറഞ്ഞതാണ്. അതിൽ വല്ല വസ്തുതയും ഉണ്ടോ എന്ന കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ നിയമസഭയിൽ വ്യക്തമാക്കണം. അതിന് ബഹുമാനപ്പെട്ട സ്പീക്കർ ആഭ്യന്തര മന്ത്രിക്ക് നിർദ്ദേശം കൊടുക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പ്രത്യേകം നിർദ്ദേശങ്ങളൊന്നും വേണ്ട. ഞാൻ ഉള്ള സത്യം പറയാം. ഒരു കാര്യമുണ്ട്, നിശ്ചയമായ തെളിവുകളുടെ അടിസ്ഥാനത്തിലല്ലാതെ ഒരാളിനെപ്പോലും തൊടുന്ന പ്രശ്നമേയില്ല. എന്റെ സഹോദരി ശ്രീമതി കെ.കെ. ലതിക പറഞ്ഞപ്പോൾ എനിക്കും ദു:ഖം തോന്നി. ഒരു കാരണവശാലും ഒരു പ്രതികാരം ചെയ്യുന്ന ഏർപ്പാടില്ല. അങ്ങേയ്ക്ക് വേണ്ടി ഞാൻ പേഴ്സണലായി പറയാം പ്രതിയെ പ്രഖ്യാപിച്ചശേഷം ആ പ്രതിയെ പിടിക്കാൻ തെളിവുണ്ടാക്കുന്ന ഒരു സമ്പ്രദായം ഞങ്ങൾക്കില്ല. ഇവിടെ നേരത്തെ പറഞ്ഞതുപോലെ നിശ്ചയമായ തെളിവുകളില്ലാതെ, ശാസ്ത്രീയമായ തെളിവുകളില്ലാതെ അങ്ങനെ ചെയ്യുന്ന പ്രശ്നവുമില്ല. എല്ലാ കാര്യങ്ങളും പുറത്തു വരുമല്ലോ; ഒരു കാലഘട്ടത്തിൽ ഇതൊന്നും മറച്ചുവയ്ക്കാൻ പറ്റില്ലല്ലോ; ഇതെല്ലാം പൊതുജനങ്ങളുടെ മധ്യത്തിലെത്തും. ഈ ഇരിക്കുന്ന സന്ദർഭത്തിൽ മാത്രമാണ് നമുക്കിതിനെക്കുറിച്ച് ചർച്ച ചെയ്യാൻ കഴിയുന്നത്. ഞാൻ ഒരു വാക്ക് പറയട്ടെ, അല്ലെങ്കിൽ തെറ്റിദ്ധാരണയോടുകൂടി പിരിയേണ്ടിവരും. അതുകൊണ്ട് തെളിവുകളില്ലാതെ വളരെ കൃത്യമായ, കറക്ടായ തെളിവുകളില്ലാതെ ഒരാളിനെപ്പോലും തൊട്ടിട്ടില്ല. ഒരാളിനെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. അങ്ങനെ ചെയ്യാൻ ഗവൺമെന്റ് സമ്മതിക്കുകയുമില്ല.

ശ്രീ. ഇ.പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, മോഹനൻ മാഷെ അറസ്റ്റ് ചെയ്തത് അൻപത്തിമൂന്ന് സെക്കന്റ് സമയം ഒരാളോട് സംസാരിച്ചുവെന്ന് അയാളുടെ ടെലിഫോൺ ബില്ലിൽ വന്നതിനെ അടിസ്ഥാനപ്പെടുത്തിയിട്ടാണ്. ........മൈക്ക് ഓഫ്......

മി. സ്പീക്കർ: ഒക്കെ അങ്ങ് പറഞ്ഞല്ലോ, ശ്രീ. പി. ജയരാജൻ, .........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു കൊലക്കേസിനെക്കുറിച്ച് നിയമസഭയിൽ അപ്പുറവും ഇപ്പുറവും ഇരുന്ന് ചർച്ച ചെയ്തല്ല തീരുമാനിക്കേണ്ടത്. അതേ സമയം ഗവൺമെന്റിന്റെ പോളിസിയുണ്ട്. ഗവൺമെന്റിന്റെ നയം ഞാൻ പറഞ്ഞതു തന്നെയാണ്. എന്നെ തിരുത്താൻ മുഖ്യമന്ത്രിക്ക് കഴിയും എന്റെ സഹപ്രവർത്തകരായ മറ്റ് ആളുകൾക്ക് കഴിയും. പക്ഷെ ഗവൺമെന്റിന്റെ നയം വളരെ കൃത്യമായ നയമാണ്. ആ നയത്തിന്റെ അടിസ്ഥാനത്തിലേ പോകൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതിനോട് യോജിക്കുകയാണ്. ഗവൺമെന്റിന്റെ പോളിസി അതാണെന്ന് പ്രഖ്യാപിച്ചു. ഞങ്ങൾക്ക് അറിയേണ്ടത് ഭരണകക്ഷി മെമ്പർ നടത്തിയ അഭിപ്രായ പ്രകടനത്തെക്കുറിച്ചാണ്. ഒരു ഭരണകക്ഷി മെമ്പർക്ക് എവിടെനിന്ന് വിവരം കിട്ടി? പോലീസിന്റെ ഏതെങ്കിലും ഓഫീസർമാരുമായി ബന്ധമുള്ളതുകൊണ്ടായിരിക്കും അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ടായിരിക്കുക. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹോം മിനിസ്റ്ററുടെ നിലപാടാണ് ഞങ്ങൾക്ക് അറിയേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഇതിനകത്ത് സംശയരഹിതമായ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇക്കാര്യത്തെക്കുറിച്ച് കേരള സമൂഹത്തിലെ പല ആളുകൾ പല രൂപത്തിൽ ചർച്ചചെയ്യുന്നുണ്ട്. ആ ചർച്ച

കളെല്ലാം നടന്നോട്ടെ, അതൊന്നും നിഷേധിക്കാനോ അതിനെല്ലാം മറുപടി പറയാനോ എനിക്കും ഗവൺമെന്റിനും കഴിയില്ല. അതേ സമയം ഞങ്ങൾ അന്വേഷണം നടത്തിപ്പോകുന്നത് തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും.അത് അങ്ങേയ്ക്ക് ഞാൻ ഉറപ്പ് തരികയാണ്. ............(ബഹളം)..........

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ, അങ്ങ് ഒരു വാചകത്തിൽ അവസാനിപ്പിക്കു.......(ബഹളം)......

ശ്രീ. കെ. കുഞ്ഞിരാമൻ: അധാർമികമായ ജനദ്രോഹപരമായ ഇത്തരം നയങ്ങൾ, നടപടികൾ സ്വീകരിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. (ശ്രീ. വി.ഡി. സതീശൻ)

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ, 307 അനുസരിച്ചാണ് ഉന്നയിക്കുന്നത്. പ്രതിപക്ഷ ഉപനേതാവ് ഇന്ന് ഒരു സ്റ്റേറ്റ്മെന്റ് പറഞ്ഞു. അദ്ദേഹം പോയിന്റ് ഓഫ് ഓർഡറായാണ് ഉന്നയിച്ചത്. പക്ഷെ സഭയുടെ രേഖയിലാണ്. ഇവിടെ ഭരണകക്ഷി അംഗം, അദ്ദേഹം ഉദ്ദേശിച്ചത് ശ്രീ. ആർ. സെൽവരാജിനെയാണ്. അതിവിടെ പറയുകയും ചെയ്തു. അദ്ദേഹം സംസാരിച്ചപ്പോൾ *********[5] ശ്രീ. ആർ. സെൽവരാജ് പറഞ്ഞെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ചെയർ ഇവിടുത്തെ രേഖകൾ പരിശോധിക്കപ്പെടേണ്ടതാണ്. ആ രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. അങ്ങനെയൊരു കാര്യം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടായിട്ടില്ല. അദ്ദേഹം ശ്രീ. ടി.പി. രാമകൃഷ്ണന്റെ പേര് ഇവിടെ പറഞ്ഞിട്ടില്ല. വസ്തുതാ വിരുദ്ധമായി ഇങ്ങനെ പറയുന്നത് ക്രമത്തിലല്ല. ശ്രീ.ആർ. സെൽവരാജ് തെറ്റായ കാര്യങ്ങൾ പറഞ്ഞു എന്ന് വരുത്തിത്തീർക്കുന്നത് ശരിയല്ല. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല.

---

[5] സഭാരേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ : .........(ബഹളം)........നോ....നോ .....എത്ര തവണ പറഞ്ഞിട്ടുണ്ട്. പ്ലീസ് സിറ്റ്ഡൗൺ.........ഞാനൊന്ന് പറയട്ടെ, അവിടെ സംസാരിച്ചു, അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞു, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് എഴുന്നേറ്റു, സമയം കൊടുത്തു. ഇവിടെ ഈ പറഞ്ഞ കാര്യങ്ങൾ ചെയർ രേഖ പരിശോധിക്കുന്നതനുസരിച്ച് നാളെ അത് പറയുന്നതാണ്. രേഖ പരിശോധിക്കും........... രേഖ പരിശോധിക്കുമെന്നാണ് പറഞ്ഞത്. ........എന്ന് ചെയർ പറഞ്ഞില്ലല്ലോ? .......ചെയർ എന്ത് വേണമെന്ന് പറയേണ്ട. ചെയർ രേഖകൾ പരിശോധിക്കട്ടെ എന്നാണ് പറഞ്ഞത്.......... ചെയർ രേഖ പരിശോധിക്കട്ടെ എന്നു പറഞ്ഞു. പരിഹാരമില്ലാത്ത ഒരു കാര്യവും ഭൂമിയിൽ ഇല്ലല്ലോ?

(ശ്രീ. അനൂപ് ജേക്കബ്)